M.S
546

MS 546

തിരുവിതാംകൂർ

ചരിത്രകഥകൾ

മലയാളം പള്ളിക്കൂടം അഞ്ചാംക്ലാസ്സിലേയും,
ഇംഗ്ലീഷ് സ്കൂൾ പ്രിപ്പാറട്ടറി ക്ലാസ്സിലേയും
പാഠ്യപുസ്തകമായി ഗവമ്മെൻറിൽ
നിന്നും പ്രസിദ്ധപ്പെടുത്തുന്നത്.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1940.

Second Edition.

ശ്രീ ചിത്തിരതിരുനാൾ മഹാരാജാ തിരുമനസ്സുകൊണ്ട്.

തിരുവിതാംകൂർ ചരിത്രകഥകൾ.

൧. പരശുരാമക്ഷേത്രം

കേരളം സൃഷ്ടിച്ചതു പരശുരാമനാണെന്നുള്ള കഥ പ്രസിദ്ധമാണ്. ആ മഹായോദ്ധാവ് പിതൃഹന്താവായ ഹേഹയരാജാവിനെയും ക്ഷത്രിയവംശത്തെയും കൊന്നൊടുക്കി. എന്നാൽ വീരഹത്യാപാപം പോക്കുവാനായി പരശുരാമൻ ഭൂമി മുഴുവൻ ബ്രാഹ്മണൎക്കു ദാനംചെയ്തു. അങ്ങനെ അധിവസിക്കാൻപോലും സ്ഥലമില്ലാതായിത്തീൎന്ന പരശുരാമൻ വരുണഭഗവാൻെറ അനുമതിയോടുകൂടി മഴു എറിഞ്ഞു എന്നും, സമുദ്രം പിൻമാറി കന്യാകുമാരിമുതൽ ഗോകൎണ്ണംവരെ സഹ്യപൎവ്വതത്തിനു പടിഞ്ഞാറും സമുദ്രത്തിനു കിഴക്കും വ്യാപിച്ചുകിടക്കുന്ന ഭൂവിഭാഗം ഉണ്ടായി എന്നും, ആണ് പുരാണം ഘോഷിക്കുന്നത്. ഈ പ്രദേശത്തിനു കേരളം എന്നും പരശുരാമക്ഷേത്രം എന്നും പേർ പറഞ്ഞുവരുന്നു.

പരശുരാമൻ പരദേശത്തുനിന്നും ആൎയ്യബ്രാഹ്മണരായ നമ്പൂരിമാരെ കൊണ്ടുവന്നു പാൎപ്പിച്ചു. അവരും നാഗന്മാരും തമ്മിൽ വിരോധമായിരുന്നുവത്രെ. രണ്ടുകൂട്ടരും തമ്മിൽ കലശലുണ്ടാകുന്നതും സാധാരണമായിരുന്നു.

ആയ്യന്മാർ നാഗന്മാരെ ഭയപ്പെട്ടു തിരിച്ചുപോയി എന്നും പരശുരാമൻ അവരെ വീണ്ടും കൊണ്ടുവന്ന് വേഷവും ആചാരവുമെല്ലാം മാററി പിന്നെയും ഇവിടെ താമസിപ്പിച്ചു എന്നുമാണു കേരളമാഹാത്മ്യത്തിലും മററും പറയുന്നതു്. കാലാന്തരത്തിൽ രണ്ടുകൂട്ടരും അന്യോന്യം വിട്ടുവീഴ്ചകൾ കാണിച്ചുതുടങ്ങി. പരസ്പരസഹകർത്തിന്നുള്ള അടിസ്ഥാനം അങ്ങനെ ഉറച്ചു. രണ്ടുകൂട്ടരുടെയും സമുദായനിബന്ധനകൾക്കും, ജാത്യാചാരങ്ങൾക്കും, മതാനുഷ്ഠാനവിധികൾക്കും, മാററങ്ങൾ ഉണ്ടായി. കേരളത്തിൻെറ ഐശ്വൎയ്യാഭിവൃദ്ധിക്കായി കടൽതീരത്തു ദുർഗ്ഗയുടെയും മലവാരത്തു ശാസ്താവിൻെറയും വിഗ്രഹങ്ങൾ പരശുരാമൻ തന്നെ പ്രതിഷ്ഠിച്ചുവത്രേ.

കേരളം വളരെ മുമ്പിലെതന്നെ നാലു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടു. അവ തുളുഖണ്ഡം, കേരളഖണ്ഡം, മൂഷകഖണ്ഡം, കൂപഖണ്ഡം എന്നിവയായിരുന്നു. ബ്രാഹ്മണർ അറുപത്തിനാലു ഗ്രാമങ്ങളിലായി താമസിച്ചുവെന്നാണു പറയപ്പെടുന്നതു്. ഭരണകൃത്യം നിർവഹിച്ചുപോന്നതു ഗ്രാമക്കാർ തന്നെയായിരുന്നു. അവർ എല്ലാവരും ഒരുമിച്ചുകൂടി കായ്യം നടത്തുന്നതു പ്രയാസമായിത്തീരുകയാൽ കുറേക്കാലം കഴിഞ്ഞപ്പോൾ പയ്യന്നൂർ, പെരിഞ്ചെല്ലൂർ, പരപ്പൂർ, ചെങ്ങന്നിയൂർ എന്നീ ഗ്രാമക്കാർ പ്രതിനിധികളായി ഭരിച്ചു. എന്നാൽ തക്കങ്ങളും തകരാറുകളും കൂടെക്കൂടെ സംഭവിച്ചുകൊണ്ടിരുന്നതിനാൽ രക്ഷാപുരുഷന്മാരായി നാലുപേരെ അവർ നിയമിച്ചു. എന്നിട്ടും ഭരണകാൎയ്യം ശരിയായി നടക്കായ്കയാൽ ജനങ്ങൾ

തിരുനാവാ എന്ന ദിക്കിൽ സഭകൂടി പൊതുവായ ഒരു ഭരണകത്താവിനെ തിരഞ്ഞെടുത്തു വാഴിച്ചുവന്നു. അങ്ങനെ രാജ്യം വാണവരെ പെരുമാക്കന്മാരെന്നാണു പറഞ്ഞുവന്നതു്. പെരുമാക്കന്മാരുടെ അധികാരങ്ങൾ പരിമിതങ്ങളായിരുന്നു. അവർ കേരളം ഭരിച്ചുവന്നകാലത്തു് പൌരാവകാശങ്ങളെ വേണ്ടുംവണ്ണം ആദരിച്ചു. ഓരോ പെരുമാളുടെയും ഭരണകാലം പന്ത്രണ്ടു വർഷമെന്നാണു നിശ്ചയിച്ചിരുന്നതു്. മര്യാദ അതായിരുന്നുവെങ്കിലും ബലവാന്മാരായ ചില പെരുമാക്കന്മാർ തങ്ങളുടെ ഭരണകാലത്തെ ദീർഘിപ്പിച്ചിരുന്നുപോൽ. യോഗ്യതയുള്ള ഭരണാധികാരികളുടെ കാലാവധി നീട്ടുന്നതു ജനങ്ങൾക്കും സമ്മതമായിരുന്നിരിക്കണം.

പെരുമാക്കന്മാർ കേരളമൊട്ടുക്കു് അധികാരം നടത്തിയിരുന്നതായി ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ഒടുവിലത്തെ പെരുമാൾ മഹമ്മദീയമതം സ്വീകരിച്ചു മക്കത്തേയ്ക്കു പോയി എന്നും, കപ്പൽ കയറുംമുമ്പേ രാജ്യം പലൎക്കുമായി പങ്കിട്ടുകൊടുത്തുവെന്നും, അങ്ങനെയാണു കേരളത്തിലെ രാജവംശങ്ങൾ ഉണ്ടായതെന്നുമാണ് കേരളോൽപത്തിയിലും മററും കാണുന്നതു്. എന്നാൽ, ചേരമാൻപെരുമാൾ മതംമാറിയില്ലെന്നും മരണപര്യന്തം ഹിന്ദുവായിത്തന്നെ ഇരുന്നുവെന്നുമാണ് ഇപ്പോഴത്തെ പണ്ഡിതാഭിപ്രായം. രാജ്യം പങ്കിട്ടു എന്നുള്ളതും കേവലം കെട്ടുകഥയാണ്.

പെരുമാക്കന്മാൎക്കു തിരുവിതാംകൂർ ഭരിച്ചുവന്ന പഞ്ചിരാജാക്കന്മാരുടെ മേൽ യാതൊരധികാരവുമുണ്ടായി

രുന്നില്ലം. അവർ ആദ്യംമുതല്ക്കു് സ്വതന്ത്രരായിത്തന്നെ വത്തിച്ചു. ഭാനുവിക്രമനെന്ന രാജാവിനെ പാത്മനാഭപു രത്തുവച്ചു പരശുരാമൻതന്നെ കിരീടം ധരിപ്പിച്ച് രാജാവായി അഭിഷേകം ചെയ്തുവെന്നാണു കേരളമാഹാത്മ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. ആ സ്ഥിതിക്ക് നംപൂതിരിമാരുടെയും മററും ആഗമനകാലത്തുതന്നെ നമ്മുടെ രാജവംശത്തിന്ന് അവിതക്കിതമായ പ്രതിഷ്ഠ സിദ്ധിച്ചിരുന്നുവെന്നുള്ളതു നിവ്വിവാദമാണു്.

---

൨. പ്രാചീനകേരളം

സമുദ്രം ഇപ്പോഠം കിടക്കുന്നതുപോലെ അല്ല പണ്ടു കിടന്നിരുന്നതു്. ഇപ്പോഠം കരയായിരിക്കുന്ന പല സ്ഥലങ്ങളും അന്നു വെള്ളത്തിനടിയിൽ ആയിരുന്നു. ഇന്നു കായലായി കിടക്കുന്ന സ്ഥലങ്ങഠം മിക്കതും അന്നു സമുദ്രംതന്നെയായിരുന്നു. ഭൂപ്രകൃതിക്കു വന്നിട്ടുള്ള അവസ്ഥാന്തരം ഭൂകമ്പങ്ങഠംകൊണ്ടു് ഉണ്ടായിട്ടുള്ളതാണെന്നു ചില ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. സഹ്യപവ്വതത്തിൽ നിന്നും പടിഞ്ഞാറോട്ടു് ഒഴുകുന്ന അനേകം നദികഠം കാലംതോറും കൊണ്ടുവരുന്ന മണലും ചെളിയുംകൊണ്ടു സമുദ്രത്തിന്റെ ഏതാനും ഭാഗം ക്രമേണ നികന്നുപോയതാണെന്നു വിചാരിക്കുന്നവരും ഉണ്ടു്. അതുപോലെ തന്നെ, തിരമാലകളുടെ ഒഴുക്കിൽപെട്ടുവരുന്ന മണലും കടലിനെ നികത്തുവാൻ പ്രയോജകീഭവിച്ചിട്ടുണ്ടായിരി

ക്കണം. ഏതായാലും ഇപ്പോൾ ജനവാസമുള്ള ഏതാനും ഭൂഭാഗങ്ങൾ പണ്ടു വെള്ളത്തിൽ ആണ്ടുകിടന്നതാണെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അധികം ഭാഗവും പണ്ടുപണ്ടേ സ്ഥലമായിത്തന്നെ കിടന്നിരിക്കണം. കേരളത്തിൻെറ കിഴക്കേ അതിർത്തിയായ സഹ്യപർവതത്തിനു ഹിമാലയത്തെക്കാൾ തുലോം പഴക്കമുണ്ടെന്നാണ് ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

കേരളം എന്ന പേർ ഏതു കാലത്ത് ഉണ്ടായി എന്നു തീച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. മഹാഭാരതം രാമായണം മുതലായ പ്രാചീനകൃതികളിൽ ആ നാമധേയം ഉപയോഗിച്ചുകാണുന്നു. പാണ്ഡവന്മാരും കൗരവന്മാരും തമ്മിൽ കുരുക്ഷേത്രത്തിൽവച്ചു നടന്ന മഹായുദ്ധത്തിൽ കേരളത്തിലെ രാജാവും സംബന്ധിച്ചതായി പുരാണങ്ങൾ പറയുന്നു. രാവണൻ കട്ടുകൊണ്ടുപോയ സീതയെ അന്വേഷിക്കാൻ പുറപ്പെട്ട വാനരന്മാർ കേരളത്തിലും സഞ്ചരിച്ചതായി രാമായണം പ്രസ്താവിക്കുന്നു. അങ്ങനെയുള്ള സൂചനകൾ മററു പ്രാചീനകൃതികളിലും കാണുന്നുണ്ട്. അയ്യായിരം വർഷത്തിനു മുമ്പു പാശ്ചാത്യർ ഈ ദിക്കുമായി കച്ചവടം ചെയ്തിരുന്നു. ഇവിടെനിന്നും വസ്ത്രാദികൾ ഈജിപ്ററു മുതലായ രാജ്യങ്ങളിലേക്കു ഏററുമതി ചെയ്തുവന്നു. ആനക്കൊമ്പും, ചന്ദനവും, കുരുമുളകും വാണിജ്യത്തിൽ പ്രധാനഭാഗം വഹിച്ചു. അന്നും ദക്ഷിണ ഇൻഡ്യയിലെ ജനങ്ങൾ പരിഷ്കൃതരായിരുന്നു. പ്രബലന്മാരായ രാജാക്കന്മാർ പ്രജകളെ ശരിയായ രീതിയിൽ

ഭരിച്ച് ഐശ്വൎയ്യം വളൎത്തി. ഇവിടെ അന്നും നിലവി ലിരുന്ന സംസ്കാരം അന്യദേശക്കാരുടെ ബുദ്ധിവികാസ ത്തിന സഹായമായിത്തീൎന്നു. കേരളദേശത്തിന്റെ ച രിത്രം ഏററവും പ്രാചീനവും മഹിമയേറിയതും ആണ്.

---

൨. ചേരവംശം

പുരാതനകാലങ്ങളിൽ ചോള, പാണ്ഡ്യ, ചേര എന്നീ രാജവംശങ്ങളായിരുന്നു ദക്ഷിണ ഇൻഡ്യയെ ഭരിച്ചുവന്നത്. കേരളത്തിൻെറ അധിപന്മാർ ചേര വംശജരായിരുന്നു. അവരുടെ രാജ്യം സഹ്യപൎവ്വതത്തി നിപ്പുറം എന്നപോലെ അപ്പുറവും വ്യാപിച്ചിരുന്നു. ചേരരാജ്യത്തിന്നു കിഴക്കുവശം പാണ്ഡ്യരാജ്യവും, വടക്കു ചോളരാജ്യവും സ്ഥിതിചെയ്തിരുന്നു. മൂന്നു രാജവംശ ങ്ങളും തമ്മിൽ പ്രാമാണ്യത്തിന്നുള്ള കലഹം നിരന്തര മായി നടന്നു.

മഹാന്മാരായ ദ്രാവിഡകവികൾ ഈ മൂന്നു രാജവം ശങ്ങളുടെയും അപദാനങ്ങളെപ്പററി വൎണ്ണിച്ചിട്ടുണ്ട്. അവയിൽ പതിററുപ്പത്തു മുതലായ ഗ്രന്ഥസംഹിതകൾ ചേരരാജാക്കന്മാരുടെ പരാക്രമത്തിന്നും മഹത്വത്തിന്നും വിശ്വാസയോഗ്യമായ സാക്ഷ്യം വഹിക്കുന്നു. സുദീൎഘ മായ ആ വംശാവലിയിൽ ഒന്നാമത്തേതായി വിളങ്ങു ന്നതു പെരുഞ്ചോററുദയൻ ചേരൽ ആതൻ എന്ന മഹാ രാജാവിൻെറ നാമധേയമാണ്. അദ്ദേഹമത്രെ ഭാരത

മഹായുദ്ധത്തിൽ സംബന്ധിച്ചതു്. അദ്ദേഹത്തിന്റെ അനന്തരഗാമിയായ ഇമയവരമ്പൻ നെടുംചേരൽ ആതൻ കദംബന്മാർ യവനന്മാർ തുടങ്ങിയ ശക്തന്മാരായ ശത്രുക്കളെ തോല്പിക്കുകയും, തന്റെ നിസ്തുലമായ അധികാരത്തെ തമിഴ്നാട്ടിൽ മാത്രമല്ല പുറമേയുള്ള രാജ്യങ്ങളിലും പ്രതിഷ്ഠിക്കുകയും ചെയ്തു. ഇമയവരമ്പന്റെ വിജയപതാക ഹിമവൽപാർശ്വത്തിലും പറന്നുവത്രെ. അദ്ദേഹത്തിന്റെ കീർത്തി ഏററവും വിപുലമായിരുന്നു.

പ്രാചീനചേരവംശത്തിൽ മണിദീപമായി പ്രശോഭിക്കുന്നതു ചെങ്കുട്ടവൻ എന്ന മഹാരാജാവിന്റെ നാമധേയമാണു്. 'കടൽപ്പിറകോട്ടിയ ചെങ്കുട്ടവൻ' എന്നായിരുന്നു സമകാലീനന്മാർ അദ്ദേഹത്തെ വിളിച്ചുവന്നതു്. അത്ര ശക്തിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ നാവികസൈന്യം. ചെങ്കുട്ടവൻ ദക്ഷിണഇന്ത്യയിലെ ചക്രവത്തിതന്നെ ആയിരുന്നു. കന്യാകുമാരിമുതൽ ഹിമവാൻവരെയുള്ള ഭൂഖണ്ഡം മുഴുവൻ അദ്ദേഹത്തിന്റെ ആജ്ഞാശക്തിക്കു വശംവദവും ആയിരുന്നത്രെ. ചെങ്കുട്ടവന്റെയും മററും ദിഗ്വിജയത്തിന്റെ വൃത്താന്തങ്ങളെപ്പററി പ്രാചീനകൃതികളിൽ കാണുന്നതു പരമാത്ഥത്തിൽ അടിയുറച്ചിട്ടുള്ളതാണു്. കുട്ടവൻ വിദേശീയരുടെ ആക്രമണത്തെ തടഞ്ഞു. യുദ്ധങ്ങളിൽ അവരെ തോല്പിച്ചു ഭാരതീയസംസ്കാരത്തെ രക്ഷിച്ചു. ദ്രാവിഡരാജാക്കന്മാരെക്കുറിച്ചു പുച്ഛമായി സംസാരിച്ച ഉത്തരേന്ത്യയിലെ രാജാക്കന്മാരെ കീഴടക്കി. അതിന്റെശേഷം അദ്ദേഹം പത്നീദേവി

യുടെ പ്രതിമയുണ്ടാക്കാൻ വേണ്ട ശിലകൾ ഹിമവൽ പാർശ്വത്തിൽനിന്നു ശേഖരിച്ച് ആഡംബരപൂർവ്വം തലസ്ഥാനനഗരത്തിലേയ്ക്കു കൊണ്ടുവന്നു.

ഇന്ത്യാചരിത്രം എഴുതിയിട്ടുള്ള പലരും ഉത്തരദേശക്കാരെ പരാക്രമികളായും ദാക്ഷിണാത്യരെ പ്രായേണ ബലഹീനരായുമാണ് വർണ്ണിച്ചിട്ടുള്ളതു്. എന്നാൽ ആധുനികപണ്ഡിതന്മാരുടെ പരിശ്രമത്താൽ സത്യാവസ്ഥകൾ വെളിപ്പെട്ടിട്ടുണ്ട്. സൈന്യങ്ങളുടെ ധൈര്യത്തിനും, രാജ്യകാര്യധുരന്ധരന്മാരുടെ ഭുജാടോപത്തിനും, കവികളുടെയും പണ്ഡിതന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും സാമർത്ഥ്യത്തിനും, ചേരരാജ്യചരിത്രം സുപ്രസിദ്ധമാണ്. അതുപോലെതന്നെ ചോളരാജ്യത്തിലും പാണ്ഡ്യരാജ്യത്തിലും അതിസമർത്ഥന്മാരും നാനാപ്രകാരത്തിൽ യോഗ്യതയുള്ളവരുമായ മഹാരാജാക്കന്മാർ ഉണ്ടായിരുന്നു. ആ രാജവംശങ്ങൾ നാമാവശേഷമായിപ്പോയിട്ടു വളരെക്കാലമായിരിക്കുന്നു. ചേരവംശം ഇന്നും അക്ഷയമായ ഐശ്വര്യമഹിമയോടെ നിലനിന്നുപോരുന്നു.

ചെങ്കുട്ടവൻ അൻപത്തഞ്ചുസംവത്സരകാലം രാജ്യം ഭരിച്ചു. അതു ക്രിസ്ത്വബ്ദം രണ്ടാംശതകത്തിൽ ആയിരുന്നു. യുദ്ധത്തിൽ എന്നപോലെ രാജ്യഭരണത്തിലും അദ്ദേഹം അതിസമർത്ഥനായിരുന്നു. ചെങ്കുട്ടവൻെറ കാലത്തു കൃഷിയും കച്ചവടവും പൂർവ്വാധികം വർദ്ധിച്ചു. ജനസഞ്ചയം ഉത്സാഹഭരിതരായി കാലക്ഷേപം ചെയ്തു. സംഗീതം, സാഹിത്യം, മുതലായ സുകുമാരകലകൾക്കെല്ലാം അത്ഭുതപൂർവ്വമായ പ്രോത്സാഹനം സിദ്ധിച്ചു. ചെങ്കുട്ട

വന്ന ക്രുത്തിൽ അതിയായ താൽപര്യം ഉണ്ടായിരുന്നു. കേരളത്തിലെ ചാക്യാർക്രുത്തു പ്രസിദ്ധമാണല്ലോ. തുള്ളലും കഥകളിയും പ്രാചീനമായ ക്രുത്തിൽനിന്നാണത്രെ ഉത്ഭവിച്ചിട്ടുള്ളതു്.

സ്വമതത്തിൽ പ്രത്യേകമായ നിഷ്ഠയും, അന്യമതങ്ങളോടു് അസാധാരണമായ സഹിഷ്ണുതയും, ചെങ്കുട്ടവൻെറ പ്രധാന ഗുണങ്ങളായിരുന്നു. ഹിന്ദുക്കളും, ബൗദ്ധന്മാരും, ജൈനന്മാരും, ചേരരാജ്യത്തിൽ സഹോദരബുദ്ധിയോടുകൂടി വർത്തിച്ചു. ഭൗതികവിഷയങ്ങളിലെപ്പോലെതന്നെ ആത്മീയവിഷയങ്ങളിലും ചെങ്കുട്ടവൻെറ ശ്രദ്ധ സദാ പതിഞ്ഞിരുന്നു. അദ്ദേഹം നടത്തിച്ച ഭഗവതിപ്രതിഷ്ഠയ്ക്കു ലങ്കാരാജാവായ ഗജബാഹുവും മററു് അനേകം രാജാക്കന്മാരും കൊടുങ്ങല്ലൂർ വന്നിട്ടുണ്ടായിരുന്നതായി കാണുന്നു.

ചേരരാജാക്കന്മാരുടെ ശക്തി കാലക്രമത്തിൽ ക്ഷയിച്ചുപോയി. അവരുടെ സാമ്രാജ്യത്തിൻെറ വിപുലമായ സീമകൾ ചുരുങ്ങിത്തുടങ്ങി. അവസാനമായി, തലസ്ഥാനനഗരമായ തിരുവഞ്ചിക്കുളം തന്നെ ശത്രുക്കൾ കൈവശപ്പെടുത്തി. അന്നു ശേഷിച്ച രാജാക്കന്മാരും രാജകുമാരന്മാരും ആ നാടുവിട്ടു. പ്രതാപകാലത്തു കേരളത്തിൻെറ വടക്കേ അററത്തു തൊണ്ടി എന്ന സ്ഥലത്തും തെക്കു പത്മനാഭപുരത്തും ശത്രുക്കളുടെ ആഗമനം തടയുവാനായി ചേരവംശത്തിൻെറ ശാഖകൾ നിവസിച്ചിരുന്നു. തൊണ്ടിയിൽ താമസിച്ചവർ കോലത്തിരിരാജവം-

ശമായി പരിവൎത്തനംചെയ്തു. പത്മനാഭപുരത്തു താമസമായ ശാഖ അചിരേണ വഞ്ചിരാജവംശമെന്ന നാമധേയത്താൽ അറിയപ്പെട്ടു. ആ വംശമാണ് ഇന്നും തിരുവിതാംകൂർ രാജ്യം ഭരിക്കുന്നതു്. ശുഭപൂൎണ്ണമായ ഐശ്വൎയ്യം രാജ്യവാസികൾക്ക് പ്രദാനംചെയ്തുകൊണ്ടു് രണ്ടായിരത്തിൽ പരം സംവത്സരക്കാലത്തെ പാരമ്പൎയ്യമഹിമയോടുകൂടി ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു രാജ്യഭാരംചെയ്തു് അനശ്വരമായ യശസ്സു സമ്പാദിക്കുന്നു.

---

൪. ശ്രീശങ്കരാചാൎയ്യർ

ചേരരാജാക്കന്മാരും അവരുടെ പ്രജകളും വടക്കുനിന്നു വന്ന ആൎയ്യസംസ്കാരത്തെ താമസംവിനാ സ്വാഗതംചെയ്തു. ദ്രാവിഡഭാഷകൾ ക്രമേണ സംസ്കൃതവുമായുള്ള സമ്പൎക്കത്തെ ആദരിച്ചു. ദ്രാവിഡന്മാർ അനുസരിച്ചുപോന്ന മതവിധികളും അനുഷ്ഠാനങ്ങളും സാവധാനത്തിൽ മാറിവന്നു. ആൎയ്യന്മാരുടെ പൂജാവിധികളും യാഗാദികൎമ്മങ്ങളും ഇവിടത്തെ ജനങ്ങൾ അനുകരിച്ചുതുടങ്ങി. ആൎയ്യവംശജരായ നംപൂരിമാൎക്ക കാലക്രമത്തിൽ സമുദായത്തിൽ അത്യുന്നതമായ സ്ഥാനവും ലഭിച്ചു. ജാതിവ്യവസ്ഥകൾ ബലപ്പെട്ടു. അതിനിടയ്ക്കു ജൈനന്മാരും ബുദ്ധന്മാരും കേരളത്തിൽ പ്രവേശിച്ചുതുടങ്ങി. വൈദി

കവിധികളുടെ അനുഷ്ഠാനത്തെക്കാൾ ആത്മാവിന്റെ മോക്ഷം നല്കുന്നതു സന്മാർഗ്ഗവും സൽകൃത്യങ്ങളുമാണെന്ന് അവർ പ്രസംഗിച്ചു. പാഠശാലകളും ആതുരശാലകളും അവർ പലടത്തും സ്ഥാപിച്ചു. ഈ സ്ഥാപനങ്ങൾ മതപ്രചരണത്തിനു സഹായകമായി തീർന്നു. ബുദ്ധസന്ന്യാസികളും ജൈനസന്ന്യാസികളും ദിക്കെങ്ങും സഞ്ചരിച്ച് അവരുടെ മതസിദ്ധാന്തങ്ങൾ പഠിപ്പിച്ചുവന്നു. ഹിന്ദുക്കളുടെ വിശ്വാസങ്ങളും ആരാധനാക്രമങ്ങളും അവർ കഠിനമായി അപഹസിച്ചു. ജനങ്ങളുടെ ഇടയിൽ ശരിയായ മതബോധവും ശാസ്ത്രോക്തമായ ആചാരനിഷ്ഠയും കുറഞ്ഞുതുടങ്ങി. അങ്ങനെയുള്ള കാലത്താണ് ശ്രീശങ്കരാചാര്യർ ജനിച്ചത്.

ശങ്കരാചാര്യരുടെ ജനനം പെരിയാററിന്റെ തീരത്തു കാലടിയെന്ന സ്ഥലത്ത് ഒരു നമ്പൂരികുടുംബത്തിലായിരുന്നു. എട്ടാമത്തെ വയസ്സു തികയുന്നതിനുമുൻപ് അദ്ദേഹം സന്ന്യസിച്ചുവെന്നാണ് ഐതിഹ്യം. ബാലനായ സന്ന്യാസി ഭാരതഖണ്ഡത്തിലെ മിക്ക ഭാഗങ്ങളിലും സഞ്ചരിച്ച് ദേശാചാരങ്ങളും മതാചാരങ്ങളും നല്ലവണ്ണം മനസ്സിലാക്കി. അന്നു ഹിന്ദുമതത്തിൽ ഒട്ടനേകം അവാന്തരവിഭാഗങ്ങൾ ഉണ്ടായിരുന്നു. മതത്തിന്റെ പേരിൽ പലരും പല ദുർമ്മാർഗ്ഗങ്ങളും ആചരിച്ചുപോന്നു. നീചങ്ങളായ അനുഷ്ഠാനങ്ങൾ ദൈവഭക്തിക്കു വൈകല്യം വരുത്തി. അങ്ങനെ നാൾതോറും ദുഷിച്ചുവന്ന ഹിന്ദുമതത്തെ ശുദ്ധമാക്കുന്നതിലും, മററുമതങ്ങളെ തോല്പിക്കുന്നതിലും, ആ യുവസന്ന്യാസിയുടെ ശ്രദ്ധ പതിഞ്ഞു. അതിനായി

അദ്ദേഹം നിരന്തരം അധ്യാനിച്ചു. കന്യാകുമാരി മുതൽ ഹിമവൽപൎയ്യന്തമുള്ള പൎയ്യടനത്തിനിടയ്ക്കു് അദ്ദേഹം വിവിധമതങ്ങളുടെ പ്രതിനിധികളുമായി വാദം നടത്തി വിജയം നേടി. നൎമ്മദാതീരത്തിൽവച്ച് മണ്ഡനമിശ്രൻ എന്ന മീമാംസകനെ തോല്പിച്ച ഖ്യാതി ഭാരതഖണ്ഡം മുഴുവൻ വേഗത്തിൽ പ്രചരിച്ചു.

ശങ്കരാചാൎയ്യർ വളരെനാൾ കാശിയിൽ താമസിച്ച് തന്റെ പാണ്ഡിത്യത്തെയും ഈശ്വരഭക്തിയെയും ചിന്താശക്തിയെയും വൎദ്ധിപ്പിച്ചു. അദ്ദേഹത്തിന്റെ നാവിൽ സരസ്വതീദേവി കുടികൊണ്ടു. സകലശാസ്ത്രങ്ങളും സൎവ്വകലകളും അദ്ദേഹത്തിനു അധീനമായിത്തീൎന്നു. ബ്രാഹ്മണനെന്നും ചണ്ഡാലനെന്നുമുള്ള വ്യവഹാരങ്ങൾ അൎത്ഥശൂന്യങ്ങളാണെന്നു വാദംകൊണ്ടും പ്രവൃത്തികൊണ്ടും അദ്ദേഹം സമൎത്ഥിച്ചു. സകല ജീവജാലങ്ങളും, എന്നുവേണ്ട പ്രപഞ്ചംമുഴുവനും, ഏകവും അപരിച്ഛിന്നവുമായ ബ്രഹ്മത്തിന്റെ സ്ഥൂലരൂപമാണെന്നുള്ള തത്വം ഹിന്ദുമതത്തിന്റെ അനശ്വരമായ ഐക്യത്തിനു സഹായകമായിത്തീൎന്നു. ശങ്കരാചാൎയ്യർ സൎവ്വജ്ഞപീഠം കയറി പരമാചാൎയ്യനായിത്തീൎന്നു. മതസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാനായി അദ്ദേഹം പിന്നെയും പലടത്തും സഞ്ചരിച്ചു. ശിഷ്യന്മാരും അനവധി ഉണ്ടായി. ഹിമാലയപാൎശ്വത്തിൽ ബദരീനാഥം എന്നും കേദരനാഥം എന്നും ഉള്ള മഠങ്ങൾ ശങ്കരാചാൎയ്യരാണു സ്ഥാപിച്ചതു്. പുരി, ശൃംഗേരി എന്നീ മഠങ്ങളുടെ സ്ഥാപകനും അദ്ദേഹം തന്നെ.

അനന്തരം ആചാൎയ്യസ്വാമികൾ സ്വമാതാവു മരിക്കുന്ന സമയം തപോബലത്താൽ മുൻകൂട്ടി അറിഞ്ഞു സ്വദേശത്തു മടങ്ങിവന്നു. ശവസംസ്കാരക്രിയകളിൽ നമ്പൂരിമാർ സഹകരിക്കാഞ്ഞതിനാൽ അടുത്തുള്ള ഒരു നായർ കുടുംബക്കാരുടെ സഹായത്തോടുകൂടി ആ കൃത്യം നിൎവ്വഹിച്ചു എന്നാണു കഥ. നമ്പൂരിമാർ സഹകരിക്കാഞ്ഞതു ശങ്കരാചാൎയ്യരുടെ ജാതിക്കു് ഏതോ കുറവുണ്ടായിരുന്നതിനാലാണെന്നു ചിലരും, അദ്ദേഹത്തിൻെറ മതപരിഷ്കാരം യാഥാസ്ഥിതികന്മാൎക്കു രസിക്കാഞ്ഞിട്ടാണെന്നു മററുചിലരും, പറയുന്നു. നമ്പൂരിമാരോടുള്ള വിരോധത്താൽ ആചാൎയ്യർ കേരളത്തിൽ അറുപത്തിനാലു അനാചാരങ്ങൾ ഏൎപ്പെടുത്തിയതായും ഐതിഹ്യം ഉണ്ടു്. ഈ കഥകളൊന്നും വിശ്വസനീയമായിരിക്കുന്നില്ല.

ശങ്കരാചാൎയ്യരോളം പ്രതിഭാശക്തിയുള്ള ഒരു ചിന്തകൻ അതിൽപിന്നീടു് ഉണ്ടായിട്ടില്ലെന്നാണു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. അദ്ദേഹത്തിൻെറ നേട്ടങ്ങൾ ഇപ്പോൾ പരിഷ്കൃതലോകത്തിൻെറ പൊതുസ്വത്താണു്. പരമവന്ദ്യനായ ആ മഹാത്മാവിൻെറ ജന്മദേശം തിരുവിതാംകൂറിലാണെന്നുള്ളതു നമുക്കു ഏററവും അഭിമാനജനകമായ സംഗതിയാകുന്നു.

---

൬. വേണാട്ട്

ചേരരാജ്യത്തിന്റെ ഏററവും തെക്കുള്ള പ്രദേശമാണു വേണാട്ട്. വേണാട്ടുരാജാക്കന്മാർ ചേരവംശജരാണെന്ന് ഇതിനുമുമ്പു പറഞ്ഞുവല്ലോ. ചോളന്മാരും പാണ്ഡ്യന്മാരുമായി നമ്മുടെ രാജാക്കന്മാർ പല യുദ്ധങ്ങളിലും ഏർപ്പെട്ടു. കൊല്ലവർഷം ആരംഭിച്ചകാലത്തു നമ്മുടെ രാജ്യത്തിനു ദക്ഷിണഭാരതത്തിൽ പ്രധാനമായ ഒരു സ്ഥാനം സിദ്ധിച്ചിരുന്നു. ആ അബ്ദം ആരംഭിച്ചതു തന്നെ ഉദയമാർത്താണ്ഡവർമ്മ എന്ന വേണാട്ടുരാജാവായിരുന്നു എന്നാണു വിശ്വസിച്ചുപോരുന്നത്.

പുതിയ അബ്ദം നടപ്പിൽ വരുന്നതിനുമുമ്പ് കലിവർഷം പറഞ്ഞായിരുന്നു കാലം കണക്കാക്കിവന്നത്. അങ്ങനെ നടന്നുവരുമ്പോൾ കലി ൩൯൨൬-ാം വർഷത്തിൽ മുൻപറഞ്ഞ വേണാട്ടുരാജാവു താൻ എഴുന്നള്ളിത്താമസിച്ചിരുന്ന കൊല്ലം പട്ടണത്തിൽ അനേകം പണ്ഡിതന്മാരെ വിളിച്ചുകൂട്ടി. രാശിചക്രത്തിന്റെ സ്ഥിതിഗതികൾ കണക്കാക്കി ചിങ്ങമാസം ഒന്നാംതീയതി ആരംഭിക്കുന്ന കൊല്ലവർഷം ഏർപ്പെടുത്തി. വടക്കു കോലത്തിരി രാജാക്കന്മാരും അതിനെ അനുകരിച്ചു. എന്നാൽ അവിടെ വർഷം ആരംഭിക്കുന്നതു കന്നിമാസം ൧-ാംനു-ആണ്. പുതുതായി ഏർപ്പെടുത്തിയ അബ്ദം താമസംവിനാ കേരളമൊട്ടുക്കു നടപ്പായി. തിരുനെൽവേലി, മധുര മുതലായ അയൽദേശങ്ങളിലെ ജനങ്ങളും അതിനെ ആദരിച്ചു.

കൊല്ലവർഷം തുടങ്ങിയതു ശ്രീശങ്കരാചാൎയ്യരുടെ
ർണ നില നിറുത്തുവാനാണെന്നു് ഒരു പക്ഷം ഉണ്ടു്.
ന്നാൽ അതിനു തക്കതായ ന്യായങ്ങൾ കാണുന്നില്ല.
ലിവർഷം വളരെ പഴകി സംഖ്യകൾ വിപുലമായി
പ്രകയാലും, കേരളീയരീതിയിലുള്ള ജ്യോതിശ്ശാസ്ത്രമനുസ
ച്ച വർഷങ്ങളും ഋതുക്കളും ക്ലിപ്തപ്പെടുത്തേണ്ടിയിരു
തിനാലും, അന്നത്തെ പ്രധാന രാജാവായ ഉദയമാൎത്താ
ണ്ഡവൎമ്മ അങ്ങനെ ഒരു വ്യവസ്ഥ ചെയ്യിച്ചതാണെന്നു
ന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ഉദയമാൎത്താണ്ഡന്റെ അടുത്ത അനന്തരഗാമികളെ
റി നമുക്കു് അറിവില്ല. ആയിടയ്ക്കെല്ലാം വേണാട്ടി
ന്റെ തെക്കേ അതിൎത്തിയിൽവച്ചു പല യുദ്ധങ്ങളും നട
ിട്ടുണ്ടു്. അന്നു കന്യാകുമാരിക്കു സമീപമുള്ള ദിക്കുകൾ
യിവേൾ രാജാക്കന്മാരുടെ അധികാരാതിൎത്തിയിൽ
പ്പട്ടതായിരുന്നു. ആ സ്ഥലങ്ങൾ പിടിച്ചടക്കാൻ പാ
ണ്ഡ്യന്മാരും ചോളന്മാരും ഉദ്യമിച്ചുകൊണ്ടിരുന്നു. വേണാ
ട്ടുരാജാക്കന്മാർ 'ആയി'രാജാക്കന്മാരെ പലപ്പോഴും സഹാ
യിച്ചിട്ടുണ്ടു്. ആ കാരണത്താൽ വേണാട്ടുരാജാക്കന്മാർ
ാണ്ഡ്യന്മാരും ചോളന്മാരുമായി ഇടയേണ്ടിവന്നിട്ടുണ്ടു്.
ിസ്തുവർഷം ഒൻപതാംശതവർഷത്തിന്റെ ഉത്തരഭാഗ
ത്തിൽ അയ്യൻ അടികൾ തിരുവടികൾ എന്ന ഒരു
ജാവു വേണാടു് ഭരിച്ചിരുന്നു എന്നു കാണിക്കാൻ മതി
യ രേഖ ഉണ്ടു്. അദ്ദേഹം ക്രിസ്ത്യാനികൾക്കു കൊടു
ഒരു ചെമ്പുപട്ടയമാണു് ആ രേഖ. തരിസാപ്പള്ളിക്കു
ാല്ലംപട്ടണത്തിന്റെ ഒരു പ്രധാനഭാഗത്തു സമുചി

ത്തമായ ഒരു സ്ഥലം നൽകിയതിനുള്ള പ്രമാണമാണു് പ്രസ്തുത പട്ടയം. അന്നു് കൊല്ലം വലിയ ഒരു വാണിജ്യകേന്ദ്രമായിരുന്നു. വിദേശീയരായ കച്ചവടക്കാർ രാജകല്പനയാൽ ലബ്ധമായ അവകാശങ്ങൾ ഏററവും വിലയേറിയതായിരുന്നു.

ദേവാരാധനയ്ക്കുള്ള പരിപൂർണ്ണസ്വാതന്ത്ര്യത്തിനും പുറമേ ക്രിസ്തീയസംഘത്തിൽ പെട്ട ആളുകൾ തമ്മിൽ ഉണ്ടാകുന്ന തക്കങ്ങൾ തീക്കുവാനും നിയമലംഘനം ചെയ്താൽ പരിഹാരം നിശ്ചയിക്കുന്നതിനും ഉള്ള അധികാരങ്ങൾ സംഘപ്രമാണികൾക്കു യഥായോഗ്യം നല്കിയതായും പട്ടയത്തിൽ കാണുന്നു. അങ്ങനെയുള്ള മനോഭാവം തിരുവിതാംകൂർ മഹാരാജാക്കന്മാക്കു് എന്നും ഉള്ളതാണു്. എല്ലാ മതക്കാരോടും സമബുദ്ധി കാണിക്കുന്ന സ്വഭാവം നാട്ടുകാക്കും ഉണ്ടായിരുന്നു.

അയ്യനടികളാകട്ടെ സ്വേച്ഛാപ്രഭു ആയിരുന്നില്ല. ജനപ്രതിനിധികളുടെ സമ്മതത്തോടുകൂടിയായിരുന്നു അദ്ദേഹം ക്രിസ്ത്യാനികൾക്കു് ഈ അവകാശങ്ങൾ ദാനം ചെയ്തതു്. അദ്ദേഹം സ്ഥാണുരവി എന്ന പെരുമാൾക്കു ഏറെക്കുറെ അധീനനായിരുന്നുവെന്നു ചില ചരിത്രകാരന്മാർ പറയാറുണ്ടു്. എന്നാൽ ആ വാദം ചെമ്പുപട്ടയത്തെ ദുർവ്യാഖ്യാനംചെയ്തുണ്ടാക്കിയിട്ടുള്ളതും കേവലം അബദ്ധവുമാണു്. വേണാട്ടുരാജാക്കന്മാർ യാതൊരു വിദേശീയശക്തിക്കും കീഴടങ്ങിയിട്ടില്ല. കേരളത്തിന്റെ മററു ഭാഗങ്ങൾ ബാഹ്യശക്തികളുടെ ആക്രമണത്തിനു്

ധീനമായി ഭവിച്ച കാലങ്ങളിലും നമ്മുടെ രാജ്യം സ്വതന്ത്രവും, നമ്മുടെ രാജാക്കന്മാർ പ്രബലന്മാരും, ആവിളങ്ങിയിരുന്നു.

---

൩. സംഗ്രാമധീരൻ

വേണാട്ടരാജാക്കന്മാരിൽ ഏററവും പ്രസിദ്ധി സമ്പാദിച്ചതു് 'സംഗ്രാമധീര'നെന്ന ലോകവിശ്രുതമായ ബിരുദനേടിയ രവിവർമ്മ കുലശേഖരൻ ആയിരുന്നു. അദ്ദേഹത്തിൻെറ മാതാവു് ഉമാദേവി തമ്പുരാട്ടിയും, പിതാവു് വിഖ്യാതനായ ജയസിംഹനും ആയിരുന്നു. രവിവർമ്മ യൗവനത്തിൻെറ പ്രാരംഭത്തിൽ തന്നെ യുദ്ധങ്ങളിൽ അസാധാരണമായ സാമർത്ഥ്യം പ്രകടിപ്പിച്ചു. പാണ്ഡ്യരാജാവായ വിക്രമപാണ്ഡ്യനെ പടയിൽ തോല്പിക്കുവാൻ അദ്ദേഹത്തിനു തീരെ പ്രയാസം ഉണ്ടായില്ല. പരാജിതനായ പാണ്ഡ്യൻ പുത്രിയെ ജേതാവിനു കല്യാണം കഴിച്ചുകൊടുത്തു് അഭയം നേടി.

രവിവർമ്മ മഹാരാജാവു കേരളം അടക്കി ഭരിച്ചു. എന്നാൽ ദിഗ്വിജയത്തിനുള്ള താല്പര്യം ആ യോദ്ധാവിനെ സഹ്യപർവതത്തിൻെറ കിഴക്കുള്ള പ്രദേശങ്ങളിലേക്കും നയിച്ചു. അദ്ദേഹത്തിൻെറ സൈന്യങ്ങൾ ദക്ഷിണഇൻഡ്യ മുഴുവൻ ജയിച്ചു കീഴടക്കി. ചേരവംശത്തിലേയും, ചോളവംശത്തിലേയും, പാണ്ഡ്യവംശത്തിലേയും, രാജാക്കന്മാർ ആദ്യം മുതല്ക്കേ സാമ്രാജ്യസമ്പാദനത്തിൽ ഉത്സുകരായി

ടുന്നു. അവരുടെ ബലം ഏകദേശം തുല്യമായിരുന്നതി നാൽ, ഓരോരുത്തക്കും താൽകാലികമായ വിജയം അന്നന്നു ലബ്ധമായെങ്കിലും സവ്വസമ്മതമായ ഇതരാധി പത്യം ആക്കും സിദ്ധിച്ചില്ല. എന്നാൽ രവിവമ്മ കുലശേഖ രനു സർവ്വാഭിലഷിതമായ ആ സ്ഥാനം നേടാൻ സാധിച്ചു. അദ്ദേഹത്തിൻെറ പട്ടാഭിഷേകം വേഗവതീതീരത്തിൽ കാഞ്ചീപുരം എന്ന പ്രധാനസ്ഥലത്തു വച്ച് ആഡംബര പൂവ്വം ആഘോഷിച്ചു. ആ മഹോത്സവം ശ്രീരംഗം, തിരുവടി, എന്നീ ദിക്കുകളിലും ആവർത്തിക്കയുണ്ടായി. ദക്ഷിണേന്ത്യയിൽ പല ഭാഗത്തുനിന്നും കണ്ടുകിട്ടിയിട്ടുള്ള ശിലാലിഖിതങ്ങൾ രവിവമ്മയുടെ പ്രശസ്തിക്കു സാക്ഷ്യം വഹിക്കുന്നു.

സംഗ്രാമധീരൻെറ വിജയങ്ങൾ യുദ്ധത്തിലും രാജ്യ തന്ത്രത്തിലും മാത്രം ആയിരുന്നില്ല. അദ്ദേഹത്തിൻെറ പാണ്ഡിത്യം അഗാധവും, വാഗ്വിലാസം അന്യാദൃശവും, ആയിരുന്നു. ദക്ഷിണഭോജൻ എന്ന അദ്ദേഹത്തിൻെറ ബിരുദ് ഏററവും അത്ഥവത്താണ്. ഹിന്ദുസംസ്കാരത്തെ വികസിപ്പിക്കുന്നതിനെന്നപോലെ ഹിന്ദുമതത്തെ പരി രക്ഷിക്കുന്നതിനും രവിവമ്മ കുലശേഖരൻ ഉത്സുകനായി രുന്നു. അക്കാലത്തു മഹമ്മദീയരുടെ ആക്രമണത്താൽ ദക്ഷിണേന്ത്യയിൽ സമാധാനജീവിതത്തിനു നിവൃത്തിയി ല്ലാതെയും, ഹിന്ദുശാസ്ത്രങ്ങൾക്കു അനുസൃതമായവിധം ക്ഷേത്രങ്ങളിലെ പൂജാദികളും മററും നടത്തുന്നതിനു മാർഗ്ഗമില്ലാതെയും ജനങ്ങൾ കഷ്ടപ്പെട്ടുകൊണ്ടിരുന്നു. ആ ഘട്ടത്തിൽ ഹിന്ദുമതത്തെയും സംസ്കാരത്തെയും സം

രക്ഷിച്ചതു രവിവമ്മ ആയിരുന്നു എന്നുള്ളതു നമുക്കു ചാരിതാൎത്ഥ്യജനകമാണ്. സംഗ്രാമധീരൻ പ്രകൃത്യാ വലിയ ദൈവഭക്തനും ആയിരുന്നു. അനുഷ്ഠാനങ്ങളിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ക്ഷേത്രങ്ങൾക്കായി വളരെ പണവും ആഭരണങ്ങളും കൊടുത്തു. അദ്ദേഹം ശ്രീപത്മനാഭക്ഷേത്രത്തിൽ കാണിക്ക വച്ച സ്വൎണ്ണവാൎപ്പ് ഇന്നും ഉപയോഗിച്ചുവരുന്നു. ആ വാർപ്പിൽ ആണ് പെരുന്തിരു അമൃതുപൂജയ്ക്കു പാൽപ്പായസം നിവേദിക്കുന്നതു്.

---

൭. പോർട്ടുഗീസ്സുകാരും ഡച്ചുകാരും

'കൊല്ലം കണ്ടാൽ ഇല്ലം വേണ്ട' എന്നു ഒരു ചൊല്ലു് മലയാളത്തിൽ നടപ്പുണ്ടു്. പണ്ടേ തന്നെ അങ്ങനെ പ്രസിദ്ധമായിത്തീർന്ന ആ നഗരം ഇന്നും കേരളത്തിലെ പ്രധാനമായ പട്ടണങ്ങളിൽ ഒന്നായി ശോഭിക്കുന്നു. വഞ്ചി മഹാരാജാക്കന്മാർ പലരും അവിടെയാണ് സ്ഥിരമായി താമസിച്ചു രാജ്യഭാരം ചെയ്തുവന്നതു്. ആ തുറമുഖം ക്രിസ്തുവബ്ദം പതിനാറാം ശതകത്തിന്റെ പ്രാരംഭഘട്ടത്തിൽ പോർട്ടുഗീസ്സുകാരുടെ ശ്രദ്ധയെ ആകർഷിച്ചു. കാലസ്ഥിതി അതിനെ അനുകൂലിച്ചു. കൊച്ചീരാജാവും മററു് ഏതദ്ദേശീയ രാജാക്കന്മാരും പോർട്ടുഗീസ്സുകാരുമായി വാണിജ്യബന്ധത്തിൽ ഏൎപ്പെട്ടു, കച്ചവടം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ കേരളത്തിലെ ഭരണകൎത്താക്കൾ ജാഗരൂകരായിരുന്നു. അന്നു കൊല്ലത്തു രാജ്യഭാരം ചെയ്തിരുന്ന രാജ്ഞി പോർട്ടുഗീസ്സുകാരെ തന്റെ രാജ്യത്തിൽ പണ്ടകശാലകൾ

സ്ഥാപിക്കുന്നതിന്നായി ക്ഷണിച്ചു. മററുള്ള രാജാക്കന്മാരുടെ ദ്വേഷ്പ്രേരണ നിമിത്തം അവർ ആദ്യം അതിന്ന വഴിപ്പെട്ടില്ല. പക്ഷെ, പോർട്ടുഗീസ്സുകാർ അചിരേണ കൊല്ലത്തു പണ്ടകശാല സ്ഥാപിച്ചു. ആ വിഷയത്തിൽ കൊച്ചീരാജാവിൻെറ ആനുകൂല്യം ഉണ്ടായിരുന്നതായും കാണുന്നു. കൊല്ലത്തു അറബികളുമായുണ്ടായ വഴക്കുകൾ പോർട്ടുഗീസ്സുകാക്കു വലിയ ഉപദ്രവമായിത്തീൎന്നു. ഒരവസരത്തിൽ പണ്ടകശാലയിലെ ആളുകളെയെല്ലാം ശത്രുക്കൾ കൊന്നൊടുക്കി; അവരുടെ പള്ളിയും കച്ചവടസ്ഥലവും അഗ്നിക്കു ഇരയാക്കി. ഈ സംഭവം മൈത്രിക്കു വിഘാതമായി ഭവിച്ചു. തീ കത്തിപ്പോയ പള്ളി പുത്തനായി പണിയിച്ചു കൊടുക്കാമെന്നും, മററു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കാമെന്നും, പ്രതിവർഷം അഞ്ഞൂറു ഭാരം നല്ലമുളകു ശേഖരിച്ച് ഏൽപ്പിച്ചു കൊള്ളാമെന്നും, രാജ്ഞി വാഗ്ദാനം ചെയ്തുയാൽ പോർട്ടുഗീസ്സുകാർ പൂർവ്വസഖ്യത്തെ പുതുക്കി. സാമാനങ്ങൾ ഏൽപ്പിക്കാമെന്നുള്ള വ്യവസ്ഥ കണിശമായി നിറവേററാതെ ഇരുന്നതിനാൽ പോർട്ടുഗീസ്സുകാക്കു സൈ്വരക്കേടു തോന്നി.

അവർ പണ്ടകശാല എന്ന മട്ടിൽ തങ്കശ്ശേരിയിൽ ഒരു കോട്ട പണിയിക്കുവാൻ ആരംഭിച്ചു. രാജ്ഞി ആ ഉദ്യമത്തെ തടഞ്ഞില്ല. എന്നാൽ ഇളയ റാണിക്കും നാട്ടുകാക്കും വിദേശീയരുടെ ഈ ദുസ്സ്വാതന്ത്ര്യം സഹിക്കായ്കയാൽ പല കലശലുകൾക്കും ഇടയായി. ഇളയറാണിയുടെ ആജ്ഞപ്രകാരം നായന്മാരും അറബികളും സംഘം ചേൎന്നു പോർട്ടുഗീസ്സുകാരെ വളഞ്ഞു. എന്നാൽ അവക്കു വലിയ പീരങ്കി

കൾ ഉണ്ടായിരുന്നതിനാൽ ഉപരോധിച്ചവർ പിരിഞ്ഞു പോകേണ്ടിവന്നു. പാണ്ടകശാലയായി ആരംഭിച്ച കെട്ടിടം ബലമുള്ള ഒരു കോട്ടയായിത്തീൎന്നു. ലാഭം കിട്ടുന്ന കാൎയ്യങ്ങളിൽ പോർട്ടുഗീസ്സുകാൎക്കു ന്യായവും മൎയ്യാദയും കുറവായിരുന്നു. ഒരിക്കൽ പരദേശത്തെ കച്ചവടക്കാർ ആൎയ്യങ്കാവു പാതവഴിക്കു് അയ്യായിരം ചുമടു് മുളകു് കൊണ്ടുപോകുന്നതായി അറിഞ്ഞു് പോൎട്ടുഗീസ്സുകാർ ഏതാനും നായന്മാരെ അയച്ചു് അതെല്ലാം പിടിച്ചുപറിപ്പിച്ചു. അതിൽപ്പിന്നീടു് ആ വഴിക്കു വരാൻ അന്യനാട്ടുകാൎക്കു ഭയമുണ്ടാകയാൽ കരവഴിക്കു കൊല്ലവുമായുള്ള കച്ചവടം മിക്കവാറും നിലച്ചു. എന്നാൽ പോൎട്ടുഗീസ്സുകാരുടെ ശക്തി വേണാട്ടു രാജാവിന്റെ രാജ്യത്തിൽ ഒരിടത്തും ഉറച്ചില്ലെന്നു തന്നെ പറയാം. എങ്കിലും കുറെക്കാലത്തേക്കു് അവർ പല സാഹസങ്ങളും പ്രവൎത്തിക്കാറുണ്ടായിരുന്നു.

ഒരു നൂററൻപതു സംവത്സരകാലം വഴക്കും കൃത്രിമവുംകൊണ്ടു പോൎട്ടുഗീസ്സുകാർ കേരളം പിടിച്ചടക്കാൻ ശ്രമം ചെയ്തു. അവരുടെ വഴിപിഴച്ച നയം ഇവിടെ കഠിനമായ വിരോധികളെ ഉളവാക്കി. പാശ്ചാത്യരുടെ ഇടയിൽത്തന്നെ അവൎക്കു പ്രാബല്യമുള്ള ഒരു ശത്രു ഉണ്ടാകയും ചെയ്തു. അതു ലന്തക്കാരായിരുന്നു. പൂൎവ്വാൎദ്ധഗോളത്തിൽ പലടങ്ങളിലും പാണ്ടകശാലകളും കോട്ടകളും ഉറപ്പിച്ചു നാവികബലം ദൃഢമാക്കിയശേഷമാണു് ലന്തകൾ കേരളത്തെ കീഴ്പ്പെടുത്തുവാൻ ശ്രമിച്ചതു്. അല്പകാലത്തിനുള്ളിൽ രണ്ടു പാശ്ചാത്യശക്തികളും തമ്മിൽ മത്സരംമുഴുത്തു. ലന്തക്കാരുടെ ഉദ്ദേശം പരിപന്ഥികളെ ഏതു പ്രകാരത്തി

ലെങ്കിലും ഈ ദിക്കിൽനിന്നു തുരത്തിക്കളയണമെന്നായിരുന്നു. വടക്കുംകൂർ, തെക്കുംകൂർ, പുറക്കാട്ട്, കായംകുളം, മുതലായ രാജ്യങ്ങളുമായി അവർ സഖ്യമുറപ്പിച്ച് ശാശ്വതമായ വിജയം സമ്പാദിക്കുവാൻ ഉദ്യമിച്ചു. പോർട്ടുഗീസ്സുകാരുടെ വക സ്ഥലങ്ങൾ എല്ലാം പിടിച്ചടക്കണമെന്നു തലസ്ഥാനത്തിൽനിന്നുണ്ടായ ആജ്ഞയെ സേനാധിപന്മാരും ഭടന്മാരും ശിരസാ വഹിച്ചു.

ക്രിസ്ത്വബ്ദം പതിനേഴാം ശതകത്തിൻെറ മദ്ധ്യഘട്ടത്തിൽ വാൻ ജീൻസ് എന്ന ഡച്ചുസേനാധിപൻ കപ്പൽ പടയോടുകൂടി കൊല്ലത്തു് എത്തി. പോർട്ടുഗീസ്സുകാരും അവരുടെ സഹായികളായ നാട്ടുകാരും ലന്തക്കാരെ ബലമായി എതിർത്തു. എന്നാൽ ലന്തക്കാർ വിജയികളായി ഭവിച്ചു. പോർട്ടുഗീസ്സുകാരുടെ വകയായിരുന്ന സ്ഥലങ്ങളെല്ലാം ഒന്നൊന്നായി അവരുടെ അധീനത്തിലാകയും ചെയ്തു. അന്നുമുതൽ കേരളത്തിലുള്ള രാജ്യങ്ങളുടെ ചരിത്രം നൂതനമായ ഒരു പദ്ധതിയിലേക്കു തിരിഞ്ഞു. ഏതദ്ദേശീയ രാജാക്കന്മാർ തമ്മിലുള്ള കലഹങ്ങളിൽ ഡച്ചുകാർ സ്വച്ഛന്ദം പങ്കുകൊണ്ടു. ഇല്ലാത്ത വഴക്കുകൾ ഉണ്ടാക്കി, ബന്ധുക്കളായി വർത്തിച്ച ഭരണാധികാരികളെ തമ്മിലടിപ്പിച്ചു ബലഹീനരാക്കി. മിക്കവരും അവരുടെ കോയ്മയ്ക്കു കീഴടങ്ങി, ആജ്ഞയനുസരിച്ചു പ്രവർത്തിക്കേണ്ടി വന്നു. എന്നാൽ ലന്തക്കാരുടെ സമ്പ്രദായങ്ങളൊന്നും തിരുവിതാംകൂറിൽ ഫലിച്ചില്ല. യുദ്ധംചെയ്തു കാര്യംനേടിക്കൊള്ളാമെന്നുള്ള അഭിലാഷം വിഫലമാകയും, അവർ പണ്ടകശാലയും പാളയവുമെല്ലാം പറിച്ചു ഇവിടം വിട്ടു

പോകേണ്ടിവരികയും ചെയ്തു. കേരളത്തിലും പൌരസ്ത്യദേശത്തിൻെറ ഇതരഭാഗങ്ങളിലും വളൎന്നുവന്ന ലന്തക്കാരുടെ ശക്തിയെ ധ്വംസിച്ചതു മാത്താണ്ഡവൎമ്മ മഹാരാജാവായിരുന്നു. അക്കഥ മേൽ പറയുന്നതാണ്.

ഖ. ഭൂതലവീരന്മാർ

ക്രിസ്ത്വബ്ദം പതിന്നാലും പതിനഞ്ചും ശതകങ്ങളിൽ പരാക്രമശാലികളായ പല രാജാക്കന്മാരും വേണാട്ടു ഭരിച്ചിരുന്നു. അവരുടെ വാസസ്ഥാനം കൊല്ലവും, പലപ്പോഴും സഹ്യപൎവതത്തിനപ്പുറത്തുള്ള കളക്കാടും, ആയിരുന്നു. ഇപ്പോഠം തിരുനെൽവേലിജില്ലയുടെ അതിൎത്തിയിൽ ഉള്ള പല ദേശങ്ങളും അവർ ജയിച്ചു കീഴടക്കി 'വെൻറുമൺകൊണ്ട ഭൂതലവീരൻ' എന്ന ബിരുദം കൈക്കൊണ്ടു. ഭൂതലവീരന്മാരിൽ ഒന്നാമനും പ്രഥമഗണനീയനും ശ്രീ വീര ഉദയമാൎത്താണ്ഡവൎമ്മ ആയിരുന്നു. അദ്ദേഹത്തെ പുലി മാൎത്താണ്ഡവൎമ്മ എന്നും പറയാറുണ്ട്. അദ്ദേഹത്തിൻെറ രാജ്യഭാരം പ്രജകഠംക്ക് ഏററവും ഗുണപ്രദമായിരുന്നു. കൃഷിക്ക് ഉപയോഗത്തിനായി അദ്ദേഹം കെട്ടിച്ച അണ ഇന്നും 'വീരപ്പുലി അണ' എന്ന നാമധേയത്താൽ അറിയപ്പെടുന്നു. ഹിന്ദുക്ഷേത്രങ്ങഠംക്കായി അദ്ദേഹം വളരെ ധനം നല്കി. നാഗർകോവിലിൽ അന്ന് ഉണ്ടായിരുന്ന ജൈനക്ഷേത്രത്തിലേക്കു വളരെ സ്ഥലം ദാനംചെയ്തു. കന്യാകുമാരിക്കു സമീപം താമസിച്ചിരുന്ന പരവ ക്രിസ്ത്യാ

നികാൎക്കും പല സഹായങ്ങൾ ചെയ്തു. ഇടംകൈ എന്നും വലംകൈ എന്നും പേരുപറഞ്ഞു് അവരുടെ തലവന്മാർ സാധുക്കളുടെ അടുക്കൽനിന്നും പിരിച്ചുവന്ന കരങ്ങളെ ലഘൂകരിക്കയും, പിരിക്കുന്നതിലുള്ള അക്രമങ്ങൾ തടയുകയുംചെയ്തു. അങ്ങനെ നാനാജാതിമതസ്ഥരായ പ്രജകളുടെ ശാശ്വതാഭിവൃദ്ധിക്കായി മഹാരാജാവു സദാ പ്രയത്നിച്ചു.

ഈ മഹാരാജാവിന്റെ കാലത്തു് തിരുവിതാംകൂറിന്റെ ശക്തി വളരെ വർദ്ധിച്ചു. അക്കാലത്തു വിജയനഗരത്തിലെ ചക്രവൎത്തിയായ അച്ചുതരായർ ദക്ഷിണേന്ത്യ മുഴുവൻ കരസ്ഥമാക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ വിജയനഗരത്തിന്റെ ദക്ഷിണദിക്കുകൾ ഭരിക്കുവാൻ നിയുക്തനായിരുന്ന ചെല്ലപ്പൻ ചക്രവൎത്തിയെ ധിക്കരിക്കയാൽ അവിടെ കുഴപ്പങ്ങൾ ഉണ്ടായി. ചെല്ലപ്പൻ ചക്രവൎത്തിയുടെ കോപത്തിൽനിന്നു രക്ഷ നേടാൻ തിരുവിതാംകൂറിൽ വന്നു് അഭയം പ്രാപിക്കേണ്ടിവന്നു. മഹാരാജാവു സധൈൎയ്യം അയാൾക്കു് അഭയം നല്കി. കോപാന്ധനായ അച്ചുതരായർ മഹാരാജാവിന്റെ നേൎക്കു് ഒരു വലിയ സൈന്യത്തെ അയച്ചു. താമ്രവൎണ്ണീതീരത്തുവച്ചു് ഉണ്ടായ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം സഹജമായ ധൈൎയ്യവും യുദ്ധസാമൎത്ഥ്യവും പ്രകടിപ്പിച്ചു. വിജയകാംക്ഷികളായി പുറപ്പെട്ടുവന്ന വിജയനഗരഭടന്മാർ പിൻതിരിഞ്ഞുപോയി.

താമ്രവൎണ്ണീയുദ്ധത്തിനുശേഷം ഉദ്ദേശം പത്തുവൎഷം കഴിഞ്ഞപ്പോൾ വിജയനഗരസൈന്യങ്ങൾ രണ്ടാമതും തിരുവിതാംകൂറിനെ ആക്രമിക്കാൻ വന്നു. അന്നു രാജ്യം

ഭരിച്ചിരുന്നതു് ഉണ്ണിക്കേരളവർമ്മ എന്ന ഭൂതലവീരനായിരുന്നു. വിത്തലേശ്വരൻ എന്ന രണനിപുണൻ ആയിരുന്നു ശത്രുസേനയുടെ നായകൻ. അയാൾ ആദ്യം ആക്രമിച്ചതു പാണ്ടിയിൽ കടൽത്തീരത്തു നിവസിച്ചിരുന്ന പരവന്മാരെ ആയിരുന്നു. സാധുക്കളായ അവർ തിരുവിതാംകൂറിൽ വന്നു രക്ഷ നേടുകയാൽ വിത്തലേശ്വരൻെറ വാശി ദ്വിഗുണീഭവിച്ചു. വിജയനഗരസേനകൾ അഹങ്കാരത്തോടുകൂടി ആരുവാമൊഴി കടന്നു നാഞ്ചിനാട്ടു വന്നു പാളയം അടിച്ചു. അത്തവണയും അവർ പരാജയപ്പെട്ടു് ഓടേണ്ടിവന്നു. അതിൽപ്പിന്നീടു രണ്ടു ശക്തികളും തമ്മിൽ സമാധാന ഉടമ്പടി ഉണ്ടായി. മററു പല രാജ്യങ്ങളും അടക്കിയ വിജയനഗരചക്രവർത്തിമാർക്കു തിരുവിതാംകൂറിൻെറ ശക്തിയെ ആദരിക്കേണ്ടി വന്നു.

---

൯. കണിയാകുളം പോരു്

നമ്മുടെ രാജ്യത്തിൻെറ ഐശ്വര്യസമൃദ്ധി പലപ്പോഴും ദുരാഗ്രഹികളായ അയൽരാജ്യക്കാരെ വ്യാമോഹിപ്പിച്ചിട്ടുണ്ടു്. പർവതനിരയുടെ കിഴക്കുഭാഗത്തു വെയിൽകൊണ്ടു പൊരിഞ്ഞു ജലദുർഭിക്ഷതയും ക്ഷാമവും സഹിച്ചു വലയുന്ന ജനങ്ങളുടെ ദൃഷ്ടിയിൽ തിരുവിതാംകൂർരാജ്യം പ്രകൃതിയുടെ വിലാസഭൂമിയാണു്. അതിനാൽ മധുരാധിപനായ തിരുമലനായ്ക്കനു നമ്മുടെ രാജ്യത്തെപ്പററി അഭിനിവേശം ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല. അവിടെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കിയ ധനം രാജാവിൻെറ ആഡംബരപ്രകടനത്തിനു മതിയായിരുന്നില്ല. അതിനാൽ

നാഞ്ചിനാട്ടുകാരെ കൊള്ളചെയ്യണമെന്നു നായ്ക്കന്
ഉണ്ടായിരുന്ന ദുരാശ സേനാനിയായ രാമപ്പയ്യന്റെ ദുരുപദേശത്താൽ പരിപുഷ്ടമായി. സൈന്യങ്ങൾ നാഞ്ചിനാട്ടിൽ കടന്നു പലവിധമായ അക്രമങ്ങൾ ചെയ്തു. ജനങ്ങൾക്കു പൊറുതി ഇല്ലാതായി.

ശത്രുക്കളെ അമർത്തുവാനായി തിരുവിതാംകൂർ മഹാരാജാവ് അയച്ച പടയെ നയിച്ചത് ഇരവിക്കുട്ടിപ്പിള്ളയായിരുന്നു. യുവാവായ ആ സചിവപുംഗവൻ അതിധീരനും, തികഞ്ഞ ദേശാഭിമാനിയും ആയിരുന്നു. എന്നാൽ രാജപ്രീതിയിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചിരുന്ന ആ മന്ത്രിയുടെ നേക്കു മററു മന്ത്രിമാക്കുണ്ടായിരുന്ന അസൂയ അവരുടെ കത്തവ്യബോധത്തെ ജയിച്ചു. ഇരവിക്കുട്ടിപ്പിള്ള ചതിപ്രയോഗത്തിന് ഇരയായി പോക്കളത്തിൽ വീണു മരിച്ചു. എങ്കിലും യുദ്ധം തിരുവിതാംകൂറിന് അനുകൂലമായിട്ടാണ് കലാശിച്ചത്.

അന്നത്തെ ഒരു സംഭവം നമ്മുടെ ഭടന്മാരുടെ ധീരതയ്ക്കും സ്വാമിഭക്തിക്കും മകുടോദാഹരണമായിത്തീന്നിട്ടുണ്ട്. ഇരവിക്കുട്ടിപ്പിള്ളയുടെ തല വെട്ടിയറുത്തു രാമപ്പയ്യന്റെ കൈനിലയിൽ കൊണ്ടുപോയത്രെ. ആ തല പിള്ളയുടെ ശിഷ്യനായ കാളുനായർ ശത്രുക്കളുടെ പാളയത്തിൽ ചെന്നു വീണ്ടുകൊണ്ടുവന്നു തിരുമുമ്പിൽ വച്ചു. ഈ ധീരകൃത്യത്തെ തിരുമനസ്സുകൊണ്ട് അത്യന്തം അഭിനന്ദിച്ചു കാളുനായക്കു പാരിതോഷികമായി കാഞ്ചികോട്ട് എന്നൊരു ദേശം നല്കി. ഇരവിക്കുട്ടിപ്പിള്ളയുടെ മരണം മഹാരാജാവിനു നിലയില്ലാത്ത ദുഃഖം ഉള

വാക്കി. അവിടുന്നു കാൽനടയായി ചെന്നു മൃതനായ മന്ത്രിയുടെ അമ്മയെ സാന്ത്വനപ്പെടുത്തി. കൂടെ എഴുന്നള്ളിയിരുന്നു ശവസംസ്കാരവും നടത്തിച്ചുവത്രെ. ഇരവിക്കുട്ടിപ്പിള്ളയുടെ സ്മാരകമായി ഒരു ശിലാരൂപം ഉണ്ടാക്കിസ്ഥാപിച്ചു. അങ്ങനെയാണ് അന്നത്തെ രാജാക്കന്മാർ വീരന്മാരെ ബഹുമാനിക്കാറുണ്ടായിരുന്നതു്. അങ്ങനെയാണ് ആശ്രിതവാത്സല്യം രാജഭക്തിയെ പുലത്തിയതു്. അതുകൊണ്ടുതന്നെയായിരുന്നു രാജാവിനും രാജ്യത്തിനും വേണ്ടി ജീവത്യാഗം ചെയ്യാൻ വീരന്മാർ സന്നദ്ധരായതു്.

---

൧൦. സമത്ഥയായ ഒരു രാജ്ഞി.

അശ്വതിതിരുനാൾ ഉമയമ്മറാണി തിരുവിതാംകൂർ ചരിത്രത്തിൽ ഒരു പ്രധാന തേജഃപുഞ്ജമാണ്. എന്നാൽ ഇതുവരെയുള്ള ചരിത്രകാരന്മാർ ആ റാണിയെ ദുർബലയും ദുഃഖനിമഗ്നയുമായിട്ടാണു ചിത്രീകരിച്ചിട്ടുള്ളതു്. അവരുടെ സാമത്ഥ്യത്തെപ്പററി ബഹുമാനമാണ് ആ പേർ പറയുമ്പോൾ എല്ലാവക്കും തോന്നേണ്ടതു്. ആ വനിതാരത്നത്തിൻെറ ധീരതയും രാജ്യഭരണപാടവവും അത്രയ്ക്കു സ്തുത്യഹമായിരുന്നു. എട്ടുവീട്ടിൽ പിള്ളമാരും മററും ചേന്ന് ആ രാജ്ഞിയുടെ ആറു പുത്രന്മാരിൽ അഞ്ചു പേരെയും കളിപ്പാൻകുളത്തിൽ വച്ച് ചതിച്ചു കൊന്നുകളഞ്ഞുവെന്നാണ് പറഞ്ഞുവരാറുള്ളതു്. ഇതു കേവലം കളവാണ്. കളിപ്പാൻകുളംസംഭവം നടന്നതായി പറയുന്ന കാലത്തിനു നാലു വർഷത്തിനു മുൻപു

തന്നെ രാജകുടുംബത്തിൽ ഇളമുറ ആൺവഴി കുറവായിരുന്നതുകൊണ്ട് അന്യകുടുംബങ്ങളിൽ നിന്നും ചില ദത്തുകരം നടത്തിയിട്ടുള്ളതായി കാണുന്നു. ഉമയമ്മറാണിക്കു പുത്രന്മാർ ഉണ്ടായിരുന്നതായി യാതൊരു തെളിവും ഇല്ല. ശേഷിച്ചതായി പറയുന്ന രവിവർമ്മ രാജകുമാരൻ തന്നെയും ഉമയമ്മറാണിയുടെ ജ്യേഷ്ഠസഹോദരിയുടെ പുത്രനായിരുന്നു എന്നാണ് ഊഹിക്കേണ്ടതു്.

സമർത്ഥയായ ഉമയമ്മറാണി ആദിത്യവർമ്മയുടെ മരണാനന്തരം ഇളമുറയായിരുന്ന രവിവർമ്മയെ മൂപ്പുവാഴിച്ച്, അദ്ദേഹത്തിനു പ്രായക്കുറവായിരുന്നതുകൊണ്ട്, താൻ തന്നെ രാജ്യകാര്യങ്ങരം നടത്തി. അക്കാലത്തു വേണാട്ടുശാഖയായിരുന്ന പേരകത്തായ്‌വഴിയിലേ കേരളവർമ്മ നെടുമങ്ങാട്ടും സമീപദിക്കുകളും ഭരിച്ചിരുന്നു. ഇളയെടം എന്നു പേരുള്ള കൊട്ടാരക്കര വഞ്ചിരാജവംശത്തിൻെറ മറെറാരു ശാഖ ഭരിച്ചിരുന്നു. പേരകവും കൊട്ടാരക്കരയും യോജിച്ച് രാജ്യം കൈവശപ്പെടുത്തുവാൻ ശ്രമിച്ചു. അവരുടെ ദുരാഗ്രഹത്തെ ഉമയമ്മറാണി ധീരമായി എതിർത്തു. റാണിക്കു സഹായത്തിനു ബലവാന്മാരായ പലരും ഉണ്ടായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ ഇടയ്ക്കോട്ടു വച്ചു നടന്ന യുദ്ധത്തിൽ ഒരു കക്ഷിക്കും ജയമുണ്ടായില്ല. അതിൻെറശേഷം റാണിയുടെ കക്ഷിക്കാർ നെടുമങ്ങാട്ട് ആക്രമിക്കാൻ ഒരുക്കങ്ങരം തുടങ്ങി. ആ പ്രസ്ഥാനം സമാധാനമുണ്ടാക്കാൻ പ്രേരകമായിരുന്നു. വേണ്ടവരെല്ലാംകൂടി ആലോചിച്ച് കേരളവർമ്മ നെടുമങ്ങാട്ടു പോയി അവിടെ സ്വതന്ത്രമായി വാണുകൊള്ളുകയല്ലാതെ, മററു് അവകാശങ്ങരം പുറപ്പെടുവിക്കാൻ പാടില്ലെന്നു തീരുമാനിച്ചു.

ആയിടയ്ക്കുതന്നെ രാജ്ഞിക്കു ബലവാനായ ഒരു ബന്ധുക്കൂടി ഉണ്ടായി വടക്കു ചിറവഴിയാനാട്ടിൽനിന്നും തിരുവനന്തപുരത്തു വന്നുചേൎന്ന കേരളവൎമ്മ ഇവിടെ താമസിച്ചു ഭരണവിഷയത്തിൽ രാജ്ഞിക്കു വേണ്ട സഹായങ്ങൾ ചെയ്തു. കേരളവൎമ്മ രാജാ ആയിടയ്ക്കു കൊള്ളയ്ക്കായി വന്നുകേറിയ മുകിലനെയും അനുയായികളെയും തിരുവട്ടാററുവച്ച് തോൽപ്പിച്ചു രാജ്യത്തിനു പുറത്ത് ഓടിച്ചു. മുകിലൻ തോറേറാടിയതു കടന്തൽ ഇളകി സൈന്യത്തെ ഉപദ്രവിച്ചതുകൊണ്ടായിരുന്നെന്നു പറഞ്ഞുവരാറുണ്ട്. കേരളവൎമ്മ ധീരനും ഭരണനിപുണനും ആയിരുന്നതുക്കൂടാതെ ഒരു പണ്ഡിതനും കവിയും ആയിരുന്നു. അദ്ദേഹം കുറെക്കാലം തിരുവനന്തപുരത്തുതന്നെ താമസിച്ചു. അദ്ദേഹത്തിൻെറ അവസാനം ശോകാവഹമായിരുന്നു. ഒരു രാത്രി അദ്ദേഹം താമസിച്ചിരുന്ന വലിയകോയിക്കൽ ആരോ കടന്നുചെന്ന് ചതിവായി അദ്ദേഹത്തെ വധിച്ചു. ഘാതകൻ ആരായിരുന്നു എന്നു നിൎണ്ണയിച്ചിട്ടില്ല.

ഉമയമ്മറാണിയുടെ ഭരണം കാൎയ്യക്ഷമമായിരുന്നു ഇംഗ്ലീഷുകമ്പനിക്കാൎക്ക് അഞ്ചുതെങ്ങിൽ പണ്ടകശാല കെട്ടുവാൻ അനുമതികൊടുത്തതു് ഈ രാജ്ഞിയായിരുന്നു. ജനങ്ങൾക്ക് അതു് അത്ര സമ്മതമായിരുന്നില്ല. രണ്ടുമൂന്നു വൎഷം കഴിഞ്ഞപ്പോൾ നാട്ടുകാർ സംഘംചേൎന്നു ഇംഗ്ലീഷുകാരുടെ പണ്ടകശാലയെ വളഞ്ഞു, അകത്തു കയറുവാൻ ശ്രമം ചെയ്തു. ആ ഉദ്യമം സഫലമായില്ല.

ഉമയമ്മറാണി ഇട്ട അടിസ്ഥാനത്തിലാണു തിരുവിതാംകൂർ രാജവംശവും ബ്രിട്ടീഷ് ഗവമ്മെൻറും തമ്മിലുള്ള സ്ഥിരമായ സഖ്യസോപാനം ഉയൎത്തിയതു്.

---

൧൧. രവിവൎമ്മ

ഉമയമ്മറാണിയുടെ നിഷ്കൎഷമായ മേൽനോട്ടത്തിൽ വളൎന്ന രവിവൎമ്മ കൎമ്മകുശലനായ ഭരണകൎത്താവായിത്തീൎന്നു. ആ മഹാരാജാവിൻെറ കാലത്തു മധുരക്കാർ തിരുവിതാംകൂർ അധീനപ്പെടുത്തുവാൻ വീണ്ടും യത്നം ചെയ്തു. കൊള്ളയ്ക്കായി വന്നുകയറിയ വടുകപ്പട വളരെ വിപുലമായിരുന്നു. രവിവൎമ്മ ആ സന്ദൎഭത്തിൽ ഒരു കൗശലം പ്രയോഗിച്ചു. രാജ്യാധികാരത്തെ ധിക്കരിക്കുവാൻ ചില മന്ത്രിമാരും പ്രഭുക്കന്മാരും അന്നു് ഉദ്യമിച്ചിരുന്നു. വടുകസൈന്യത്തെക്കൊണ്ടു് അവരെ ഒടുക്കാമെന്നും, പിന്നീടു് സ്വസൈന്യത്തിൻെറ സഹായത്താൽ വിദേശീയരെ തോല്പിച്ചു് ഓടിക്കാമെന്നും, മഹാരാജാവു നിശ്ചയിച്ചു. അദ്ദേഹം വിദേശികളോടു് ആനുകൂല്യം പ്രദൎശിപ്പിച്ചു. വടുകർ ചില മന്ത്രിമാരെ പിടികൂടി വധിച്ചു. മററുള്ളവർ അമ്പരന്നു് ഓടി. ഇത്രയുമായപ്പോൾ മധുരപ്പട്ടാളം അണിപിരിഞ്ഞു അഹംകരിച്ചു തിമൎത്തുനടന്നു. ആ തക്കംകണ്ടു രവിവൎമ്മ സ്വസൈന്യത്തെ സജ്ജീകരിച്ചു് അവരിൽ ഒട്ടനേകം പേരെ കൊന്നൊടുക്കി. ശേഷിച്ചവർ പ്രാണനുംകൊണ്ടു് ഓടി.

ഈ വൃത്താന്തം ശരിയാണോ എന്നു തീച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. ആപത്തു് ഏതായാലും അനുഗ്രഹമായി കലാശിച്ചു.

ഈ സംഭവത്തിന്റെ വിവരങ്ങൾ മധുരയിൽ അറിഞ്ഞപ്പോൾ അവിടെ ജനങ്ങൾ ക്ഷുബ്ധരായിച്ച മഞ്ഞു. അന്നു് അവിടെ രാജ്യകാൎയ്യം നടത്തിയിരുന്നതു മങ്കമ്മാൾ എന്ന രാജ്ഞിയായിരുന്നു. അവരുടെ കല്പന പ്രകാരം പ്രധാനമന്ത്രിയും സേനാധിപനുമായ നരസപ്പയ്യൻ സന്നാഹത്തോടുകൂടി പുറപ്പെട്ടു നാഞ്ചിനാട്ടു വന്നു. തിരുവിതാംകൂർ സൈന്യം അവിടെ എത്തിച്ചേൎന്നു. യുദ്ധം അതിഭയങ്കരമായി. എന്നാൽ ഫലം സന്ദിഗ്ദ്ധമായിരുന്നു. നരസപ്പയ്യൻ നാഞ്ചിനാട്ടുനിന്നും കൊള്ളയിട്ടു വളരെ ധനം കൊണ്ടുപോയതായി പറയുന്നു. ഇവിടത്തെ വക ഏതാനും പീരങ്കികൾ നരസപ്പയ്യനു കിട്ടിയെന്നും, അവയെ മധുരാപട്ടണത്തിൽ കൊണ്ടുപോയി പ്രദർശിപ്പിച്ചു എന്നും, ചില ചരിത്രപുസ്തകങ്ങളിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടു്. അതുപോലെതന്നെ മഹാരാജാവു് കപ്പം കൊടുത്തതായും പറയുന്നു. എന്നാൽ അതെല്ലാം അടിസ്ഥാനരഹിതമാണു്. തിരുവിതാംകൂർ ജയിക്കാൻ വിജയനഗരക്കാൎക്കാകട്ടെ മധുരക്കാൎക്കാകട്ടെ ഒരിക്കലും കഴിഞ്ഞിട്ടില്ലെന്നുള്ളതാണു വാസ്തവം.

---

൧൨. കിളിമാനൂർ

സമാധാനപരമായ ജീവിതം നയിച്ച് യഥാർത്ഥമായ പ്രഭുത്വത്തിന്റെ സകല ചിഹ്നങ്ങളോടും ഉപജീവിക്കുന്ന കിളിമാനൂർ വംശത്തിന്റെ സ്ഥാപകൻ സിംഹവിക്രമനായ ഒരു കോയിത്തമ്പുരാൻ ആയിരുന്നു. അദ്ദേഹം തിരുവിതാംകൂറിലെ ഒരു റാണിയുടെ ഭർത്താവായിരുന്നു. ആ ദമ്പതികളുടെ പുത്രനായിരുന്നു കാർത്തികതിരുനാൾ രാമവർമ്മ. ൯൦൩-ാമാണ്ടിടയ്ക്കു ആ റാണി മാവേലിക്കരെ എഴുന്നള്ളിത്താമസിച്ചിരുന്നു. ഒരിക്കൽ പുത്രനായ രാജകുമാരനെയുംകൊണ്ടു വർക്കലക്ഷേത്രത്തിൽ സ്വാമിദർശനത്തിന് എഴുന്നള്ളുംവഴിക്ക് അപ്രതീക്ഷിതമായ ഒരു വൈഷമ്യം ഉണ്ടായി. രാജ്ഞിക്കും രാജകുമാരനും തുണയായി കോയിത്തമ്പുരാനും മഞ്ചൽ ചുമക്കുന്ന പരിചാരകന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു.

തിരുവിതാംകൂറിന്റെ അന്നത്തെ അവസ്ഥ ദുരാഗ്രഹിയായ കായംകുളം രാജാവിന്റെ മനസ്സിൽ പല ആഗ്രഹങ്ങളും അങ്കുരിപ്പിച്ചു. ആ രാജാവിന്റെ കക്ഷിയിൽ പെട്ട ആളുകൾ രാജ്യത്തിന്റെ പല ഭാഗത്തും ഉണ്ടായിരുന്നു. തന്റെ രാജ്യത്തെ വിസ്തൃതമാക്കാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന കായംകുളം രാജാവ് വഞ്ചിരാജവംശത്തെ ഉന്മൂലനം ചെയ്യാൻ സദാ യത്നിച്ചുപോന്നു. രാജ്ഞിയെയും പുത്രനെയും വഴിമദ്ധ്യേ വച്ച് അപായപ്പെടുത്തണമെന്ന് നിശ്ചയിച്ചു രാജാവ് ഒരു സംഘം മല്ലന്മാരെ അയച്ചു. അവർ പല ദിക്കുകളിലായി ഒളി

ച്ചിരുന്നു രാജ്ഞിയുടെ മേനാവു വരുമ്പോൾ പിടികൂടി കാൎയ്യം കഴിക്കാമെന്നു് അവസരം നോക്കിപ്പാൎത്തു. ചെങ്ങന്നൂർ താലൂക്കിൽ ബുധന്നൂർ എന്ന സ്ഥലത്തു് ഒരു കുന്നിന്റെ ചരുവിൽ കൂടി മേനാവു് വരുന്നതു കണ്ടു് ഒളിച്ചിരുന്നവർ വ്യാഘ്രങ്ങളെപ്പോലെ ചാടി അടുത്തു. അവർ എണ്ണത്തിൽ രാജ്ഞിയുടെ പരിചാരകന്മാരെക്കാൾ വളരെ കൂടുതലായിരുന്നു. ആയുധപാണികളായ ആ ദുഷ്ടന്മാർ വരുന്നതറിഞ്ഞപ്പോൾ രാജകുമാരന്റെ രക്ഷയെപ്പററി രാജ്ഞിക്കു ഭയമുണ്ടായി. എന്നാൽ കോയിത്തമ്പുരാൻ അവരെ ആപത്തില്ലാത്ത മാൎഗ്ഗത്തിൽ കൂടി അയച്ചശേഷം ഖഡ്ഗധാരിയായി മേനാവിനു പുറത്തു ചാടി ധൈൎയ്യത്തോടെ അക്രമികളിൽ പലരെയും വെട്ടിനുറുക്കി ആ ദുഷ്ടസംഘത്തെ ഓടിച്ചു. ഈ സാഹസത്തിൽ അദ്ദേഹത്തിന്റെ ജീവിതം നഷ്ടമായി. പക്ഷെ, രാജ്ഞിയും പുത്രനും യാതൊരാപത്തും കൂടാതെ ഉദ്ദിഷ്ടസ്ഥലത്തു ചെന്നുചേൎന്നു.

സുധീരമായ ഈ സേവനത്തെ ആദരിച്ചു് അന്നു നാടുവാണിരുന്ന മഹാരാജാവു കോയിത്തമ്പുരാന്റെ വംശക്കാൎക്കു കരമൊഴിവായി കൊടുത്ത ദേശമാണു കിളിമാനൂർ ഇടവക. രാജ്ഞിയെയും പുത്രനെയും കൊല്ലാൻ ഉദ്യമിച്ചതു കഴക്കൂട്ടത്തു വച്ചായിരുന്നുവെന്നും, അതിനായി തുനിഞ്ഞതു് എട്ടുവീട്ടിൽ പിള്ളമാരായിരുന്നുവെന്നും, ചില ചരിത്രപുസ്തകങ്ങളിൽ കാണുന്നുണ്ടു്. എന്നാൽ സംഭവം നടന്നതു ബുധന്നൂർ പാടത്തിൽ വച്ചാ

യിരുന്നുവെന്നുള്ളതിനു പ്രമാണം ഉണ്ട്. അവിടെ എട്ടുവീട്ടിൽ പിള്ളമാൎക്കു യാതൊരു സ്വാധീനവും ഉണ്ടായിരുന്നില്ലെന്നു പറയണമെന്നില്ല.

ദുഷ്കൎമ്മം ചെയ്വാൻ ആജ്ഞ നൽകിയ കായംകുളം രാജാവിൻെറ വംശം നാമാവശേഷമായിപ്പോയിരിക്കുന്നു. എന്നാൽ വഞ്ചിരാജകുടുംബത്തെയും രാജ്യത്തെയും വീരോചിതമായി സേവിച്ച കോയിത്തമ്പുരാൻെറ വംശം ഇപ്പോഴും സകലവിധമായ പ്രഭുത്വത്തോടും കൂടി പരിലസിക്കുന്നു.

---

൧൨. മാൎത്താണ്ഡവൎമ്മ മഹാരാജാവ്

i. ശത്രുസംഹാരം.

ഇടവാ മുതൽ കന്യാകുമാരിവരെ മാത്രം വ്യാപിച്ചിരുന്ന വേണാടിനെ വിസ്തൃതമാക്കി തിരുവിതാംകൂർ രാജ്യം സ്ഥാപിച്ചതു് മാൎത്താണ്ഡവൎമ്മ മഹാരാജാവായിരുന്നു. ആ മഹാൻെറ ബാല്യകാലത്തു പരിതഃസ്ഥിതികൾ അനുകൂലമായിരുന്നില്ല. രാജശക്തി വൎദ്ധിക്കാതെ നോക്കണമെന്നു പ്രജകളിൽ ചിലൎക്കു താൽപൎയ്യം ഉണ്ടായിരുന്നു. മതിലകത്തേ യോഗക്കാരിലും, അവരുടെ ആജ്ഞാകരന്മാരായിരുന്ന എട്ടുവീട്ടിൽപിള്ളമാരിലും, മാടമ്പിമാരിലും, പലരും അവിടത്തെ അപായപ്പെടുത്തുവാനുള്ള ഉദ്യമങ്ങളിൽ ബദ്ധശ്രദ്ധരായിരുന്നു. രാജകുമാരൻ പല ആപത്തുകളിലും അകപ്പെട്ടതായും, സാമൎത്ഥ്യത്താൽ രക്ഷപ്പെ

ട്ടതായും, ഐതിഹ്യങ്ങൾ ധാരാളം ഉണ്ട്. അങ്ങനെ അദ്ദേഹം അഭയം പ്രാപിച്ചതായി പറയുന്ന ഗൃഹങ്ങളും, മറഞ്ഞിരുന്ന കാടുകളും, ഒളിച്ചിരുന്നു ജീവനെ രക്ഷിച്ച വൃക്ഷകോടരങ്ങളും, തിരുവിതാംകൂറിന്റെ പല ഭാഗത്തും ജനങ്ങൾ ഇപ്പോഴും ചൂണ്ടിക്കാണിക്കുന്നുമുണ്ട്. നെയ്യാററിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു മുൻഭാഗത്തു വലിയ പോടുള്ള ഒരു പ്ലാവു് ഇന്നും നില്പുണ്ട്. ശത്രുക്കളിൽ നിന്നും രക്ഷപ്രാപിക്കാൻ അദ്ദേഹം അതിൽ ഒളിച്ചിരുന്നു എന്നുള്ളകഥ ഇപ്പോഴും ജനങ്ങൾ പറഞ്ഞുപോരുന്നു.

മറെറാരിക്കൽ തിരുമനസ്സുകൊണ്ടു വെങ്ങാനൂർ ക്ഷേത്രത്തിൽ ഇരിക്കുന്ന വിവരം ശത്രുക്കൾ അറിഞ്ഞു് ക്ഷേത്രം വളഞ്ഞപ്പോൾ ശാന്തിക്കാരന്റെ ഭാവത്തിൽ അവിടെനിന്നും രക്ഷപ്പെട്ടതായും ഒരു കഥയുണ്ട്. ഈ ഉപായം പറഞ്ഞുകൊടുത്ത ശാന്തിക്കാരനാണു് രാജാവെന്നു വിചാരിച്ചു ലഹളക്കാർ അയാളെ നിഗ്രഹിച്ചതായും പറയപ്പെടുന്നു.

മാതുലനായ രാമവർമ്മ മഹാരാജാവു ചരമഗതി പ്രാപിച്ച കാലത്തു രാജ്യത്തിൽ അന്തശ്ഛിദ്രങ്ങൾ സാമാന്യത്തിലധികം ഉണ്ടായിരുന്നു. മധുരയിൽ ചെന്നു കൊണ്ടുവന്നിരുന്ന സൈന്യങ്ങൾ പലവിധത്തിൽ ധിക്കാരം കാണിച്ചുവന്നു. മക്കത്തായം സ്ഥാപിച്ചു രാജ്യം കൈക്കലാക്കുവാൻ മുമ്പിലത്തെ മഹാരാജാവിന്റെ പുത്രന്മാരായ തമ്പിമാർ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നു. എന്നാൽ, തിരുവിതാംകൂർ നിവാസികളിൽ ഭൂരിപക്ഷം ജന

ങ്ങളുടെ ആനുകൂല്യം തിരുമനസ്സിലേക്കു വലിയ അനുഗ്രഹമായിത്തീൻ. ശത്രുക്കളുടെ കൗശലങ്ങളും സാഹസങ്ങളും വിഫലമായതേയുള്ളു.

ഇച്ഛാഭംഗത്താൽ കലുഷഹൃദയരായ തമ്പിമാരുടെ ശത്രുത വർദ്ധിച്ചു. തിരുമനസ്സുകൊണ്ടു നാഗർകോവിലിൽ എഴുന്നള്ളിയിരുന്ന ഒരു ദിവസം ജ്യേഷ്ഠൻതമ്പി അവിടെ ചെന്നു. കാവൽക്കാർ അയാളെ കടത്തിവിട്ടില്ല. ക്ഷുബ്ധനായി അവരോട്ട് എതിർത്ത തമ്പി അവരുടെ ആയുധങ്ങൾക്ക് ഇരയായിത്തീൻ. അനുജൻതമ്പി മഹാരാജാവിൻെറ സന്നിധിയിൽ പെട്ടെന്നു പ്രവേശിച്ചു തിരുമേനിയെ വെട്ടി. വഞ്ചിഭൂമിയുടെ ഭാഗ്യാതിരേകത്താൽ തമ്പിയുടെ വാൾ തട്ടുതുലാങ്ങളിൽ തടഞ്ഞു. മഹാരാജാവു രക്ഷപ്പെട്ടു. തൂക്കുമഞ്ചത്തിൽ ഇരുന്ന അവിടുന്ന് ശത്രുവിൻെറ നേക്കു കുതിച്ചുചാടി കഠാരി പ്രയോഗിച്ച് അയാളുടെ ജീവഹാനി വരുത്തി.

തമ്പിമാരുടെ വധം ശത്രുസംഘത്തിൻെറ പകയെ വർദ്ധിപ്പിച്ചു. അവക്കു രാജ്യത്തിനു പുറത്തും സഹായികൾ ഉണ്ടായിരുന്നു. ഏറിയ കാലമായി വേണാട്ടു പിടിച്ചടക്കുവാൻ തക്കം നോക്കിക്കൊണ്ടിരുന്ന കായംകുളം രാജാവ് ആളും അത്ഥവും കൊണ്ട് അവരെ സഹായിക്കാമെന്ന് ഏററു. ആറാട്ടുനാൾ കടപ്പുറത്തേയ്ക്കു് എഴുന്നള്ളുമ്പോൾ മഹാരാജാവിനെ നിഗ്രഹിക്കണമെന്നു ശത്രുക്കൾ ഗൂഢമായി നിശ്ചയിച്ചു. തിരുമനസ്സിലേയ്ക്കു വിവരം മനസ്സിലാകയാൽ പതിവിൽ കൂടുതലായ പരിവാരങ്ങളോടുകൂടിയായിരുന്നു അന്നു കടപ്പുറത്ത് എഴുന്ന

ള്ളയത്ത്. കായംകുളത്തുനിന്നും വന്നുചേരും എന്നു കണക്കാക്കിയിരുന്നവർ വന്നതുമില്ല. അങ്ങനെ ബലഹീനരായിത്തീൎന്ന ശത്രുക്കൾ അക്രമത്തിനൊന്നും ആരംഭിക്കാതെ മടങ്ങിപ്പോയി. മഹാരാജാവു യാതൊരു പ്രതിബന്ധവും കൂടാതെ ആറാട്ടു കഴിഞ്ഞു കൊട്ടാരത്തിലേയ്ക്കു എഴുന്നള്ളുകയും ചെയ്തു.

അനന്തരം, ആത്മരക്ഷയ്ക്കും രാജ്യക്ഷേമത്തിനും അവശ്യം വേണ്ടതായ ശത്രുസംഹാരത്തിൽ മഹാരാജാവിന്റെ മനസ്സ് ഉറച്ചു. ചതുരുപായങ്ങൾ പ്രയോഗിച്ചു ശത്രുക്കളെയെല്ലാം കണ്ടുപിടിക്കയും, വേണ്ട വിചാരണകൾ നടത്തി ശിക്ഷിക്കയും ചെയ്തു. പലൎക്കും വധശിക്ഷ നല്കി. ബ്രാഹ്മണരായിട്ടുള്ളവരെ നാടുകടത്തി. അതോടുകൂടി അക്രമങ്ങൾക്ക് അമച്ച്വരികയും രാജ്യത്തിൽ സമാധാനം ഉറയ്ക്കുകയും ചെയ്തു.

ii. രാജ്യസ്ഥാപനവും തൃപ്പടിദാനവും.

കന്യാകുമാരി മുതൽ ഇടവാവരെ മാത്രം വ്യാപിച്ചിരുന്ന അന്നത്തെ വേണാടിനെ വിസ്തൃതമാക്കി വലുതായ ഒരു സംസ്ഥാനം സ്ഥാപിക്കണമെന്നുള്ള ആഗ്രഹം മാൎത്താണ്ഡവൎമ്മ മഹാരാജാവിനു ബാല്യത്തിലേതന്നെ ഉണ്ടായിരുന്നു. അന്നു കൊല്ലം, കൊട്ടാരക്കര, കായംകുളം, പുറക്കാടു, തെക്കുംകൂർ, വടക്കുംകൂർ, മുതലായ അനേകം ചെറിയ രാജ്യങ്ങൾ തമ്മിലുണ്ടായ ഭിന്നിപ്പുകൾ കേരളീയരുടെ അഭ്യുന്നതിക്കു ബാധകമായിരുന്നു. ആ രാജാക്ക

ന്മാരെ കബളിപ്പിക്കയും ഭയപ്പെടുത്തുകയും ചെയ്തു് ലന്ത ക്കാരും മററും ഈ നാട്ടിലേ കാര്യങ്ങളിൽ കൈകടത്തി ക്കൊണ്ടിരുന്നു. ലന്തക്കാരുടെ പ്രസ്ഥാനത്തെ കാലേക്രൂട്ടി തടയാത്തപക്ഷം അവർ താമസംവിനാ കേരളത്തിൽ സർവ്വാധിപന്മാരായിത്തീരുമെന്നു മഹാരാജാവു മനസ്സി ലാക്കി. വിദേശീയക്കു കീഴടങ്ങേണ്ടിവന്നാലും അയൽപ ക്കക്കാരെ ദ്രോഹിക്കണമെന്നുള്ള ബുദ്ധിയാണു് അന്ന ത്തെ നാട്ടുവാഴികളിൽ പലക്കും ഉണ്ടായിരുന്നതു്. അതി നാൽ ലന്തക്കാരുടെയും മററും പ്രാബല്യം ഉറയ്ക്കാതിരിക്ക ണമെങ്കിൽ ചെറിയ രാജ്യങ്ങളെ ജയിച്ചു കീഴടക്കി എല്ലാം കൂട്ടിയിണക്കി ഒരു മഹാരാജ്യം സ്ഥാപിച്ചു് സ്വതന്ത്ര നായ ഭരണാധികാരിയായിത്തീരണമെന്നുള്ള താൽപര്യം മഹാരാജാവിൻെറ മനസ്സിൽ കുടികൊണ്ടു.

അങ്ങനെയുള്ള നയം പ്രയോഗിക്കുവാൻ സന്ദർഭ ങ്ങൾ തുടരെത്തുടരെ ഉണ്ടായി. കൊല്ലം, കൊട്ടാരക്കര, കായംകുളം, എന്നീ രാജ്യങ്ങളെ ഭരിച്ചിരുന്ന രാജവംശ ങ്ങൾ പൂർവ്വകാലത്തു വേണാട്ടു രാജവംശവുമായി ബന്ധമു ള്ളവയായിരുന്നു. കൊല്ലത്തേ രാജവംശത്തിൽ ആൾ കുറവാകയാൽ ദത്തു് എടുക്കേണ്ടിവന്നപ്പോൾ അതു കായംകുളത്തുനിന്നുമാണു നടത്തിയതു്. അതു മഹാരാജാ വിനു തീരെ രസിച്ചില്ല. അതിനും പുറമെ കൊല്ലവും കായംകുളവുമായി ആലോചിച്ചു മഹാരാജാവിൻെറ അധീ നത്തിലിരുന്ന കല്ലട എന്ന സ്ഥലം അവർ കരസ്ഥമാക്കി. ആ സംഭവം കാരണമാക്കിക്കൊണ്ടു മാത്താണ്ഡവമ്മ

സൈന്യവുമായി പുറപ്പെട്ടു കൊല്ലത്തു ചെന്നു രാജാവിനെ ബന്ധനസ്ഥനാക്കി കൊണ്ടുവന്നു തിരുവനന്തപുരത്തു പാൎപ്പിച്ചു.

തിരുവനന്തപുരത്തുനിന്നും എങ്ങനെയെങ്കിലും ഒളിച്ചോടി രക്ഷപ്പെട്ടാൽ രാജ്യം വീണ്ടെടുത്തു കൊടുക്കാമെന്നു കായംകുളം രാജാവു ബന്ധനസ്ഥനായ പൂർവബന്ധുവിന് അറിവു കൊടുത്തു. കൊല്ലം രാജാവു ഗൂഢമായി തന്റെ രാജധാനിയിൽ എത്തിച്ചേൎന്നു. സൈന്യം വേഗത്തിൽ സജ്ജീകരിച്ചു. കോട്ട കൊത്തളങ്ങളും ഉറപ്പിച്ചു. തിരുവിതാംകൂർ സൈന്യം ഉടൻ കായംകുളത്തു പ്രവേശിച്ചു യുദ്ധം ചെയ്തു. ആ യുദ്ധത്തിൽ അവിടത്തെ രാജാവിനു ജീവഹാനി വന്നു. പക്ഷേ, അദ്ദേഹത്തിന്റെ അനുജൻ സൈന്യങ്ങളെ സാമൎത്ഥ്യത്തോടുകൂടി നയിച്ചു. എങ്കിലും മഹാരാജാവിന്റെ സൈന്യത്തിന്റെ ബലത്താൽ ഗതവീൎയ്യനായ കായംകുളം രാജാവ് സമാധാന ഉടമ്പടിയാൽ സ്വരാജ്യത്തെ രക്ഷിച്ചു. എന്നാൽ കൊല്ലംരാജാവ് ആയിടയ്ക്കു മരിച്ചുപോകയാൽ കായംകുളം രാജാവ് ആ രാജ്യം കയ്ക്കലാക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി. ലന്തക്കാരും, കൊച്ചിരാജാവും പതിവുപോലെ സഹായം നല്കി. ഇംഗ്ലീഷുകാർ മഹാരാജാവിനെ സഹായിക്കുവാൻ സന്നദ്ധരായിരുന്നു. എന്നാൽ അതുകൂടാതെതന്നെ കായംകുളത്തെ തോല്പിക്കുവാൻ അവിടുത്തേയ്ക്കു കഴിഞ്ഞു. കായംകുളവുമായുള്ള യുദ്ധത്തിൽ പ്രധാനഭാഗം വഹിച്ചതു മഹാരാജാവിന്റെ വിശ്വസ്തമന്ത്രിയും സേനാധിപനും ആയ രാമയ്യൻദളവായായിരുന്നു.

ലന്തക്കാരുടെ സൈന്യങ്ങളും കയംകുളത്തെ സഹായിക്കാൻ ചെന്നിരുന്നതിനാൽ ആ പരാജയം അവക്കും ഇടിവായിത്തീൎന്നു. അവർ ഉടൻതന്നെ കൊട്ടാരക്കരെ ചില കൃത്രിമങ്ങൾ ഉണ്ടാക്കിത്തീൎത്തു. അന്നത്തെ കൊട്ടാരക്കര രാജ്യത്തിൽ ഇപ്പോഴത്തെ കൊട്ടാരക്കര, പത്തനാപുരം, ചെങ്കോട്ട എന്നീ താലൂക്കുകൾക്കും പുറമേ തിരുനെൽവേലി ജില്ലയുടെ ചില ഭാഗങ്ങളും ഉൾപ്പെട്ടിരുന്നു. മഹാരാജാവ് കൊട്ടാരക്കരരാജ്യം നിഷ്പ്രയാസം കീഴടക്കി, ആ രാജവംശത്തിലെ അംഗങ്ങളെയെല്ലാം തിരുവനന്തപുരത്തുകൊണ്ടുവന്നു താമസിപ്പിച്ചു. അതിൽ ഒരു രാജകുമാരി ബന്ധനത്തിൽനിന്നും രക്ഷപ്പെട്ടു തെക്കുംകൂറിൽ ചെന്നു ചേൎന്നു. ഡച്ചുകാർ ആ സ്ത്രീയെ കൊട്ടരക്കരെ രാജ്ഞിയായി പ്രഖ്യാപനം ചെയ്തു. ഈ പ്രവൃത്തി ഝടിതിയിൽ യുദ്ധത്തിനിടയാക്കി. തിരുവിതാംകൂർസൈന്യം ലന്തക്കാരുടെയും രാജ്ഞിയുടെയും ഒന്നുചേൎന്ന സേനയെ പടക്കളത്തിൽവെച്ചു കൊന്നൊടുക്കി. ഭടന്മാരിൽ ഒരാൾപോലും ശേഷിച്ചില്ല. രാജ്ഞി ഒളിച്ചോടി കൊച്ചിയിൽചെന്നു ലന്തക്കാർ കൊടുത്ത തുച്ഛമായ അടുത്തൂണും പററി കുറെക്കാലം താമസിച്ചു. ഒടുവിൽ ആത്മഹത്യ ചെയ്തു എന്നാണു അറിയുന്നതു്.

ലന്തക്കാർ ഏതുപ്രകാരമെങ്കിലും തിരുവിതാംകൂറിനെ കീഴടക്കണമെന്നു നിർബന്ധമായ ഉത്സാഹം തുടങ്ങി. അന്നു കന്യാകുമാരിക്കു സമീപം അവക്കു ചില പാണ്ടകശാലകൾ ഉണ്ടായിരുന്നു. സിലോണിൽനിന്നും ഭട

സംഘങ്ങളെ അവിടെ ഇറക്കി ബലം വദ്ധിപ്പിച്ചുകൊണ്ടു ലന്തക്കാർ പത്മനാഭപുരം പിടിച്ചടക്കുവാനുള്ള പ്രയത്നങ്ങൾ ആരംഭിച്ചു. തിരുവിതാംകൂർ സൈന്യങ്ങൾ അവരോട് എതിരിട്ടു. മഹാരാജാവുതന്നെ സൈന്യത്തിൻെറ നായകത്വം വഹിച്ചു. കുളച്ചൽവെച്ച് ഉണ്ടായ യുദ്ധത്തിൽ ലന്തക്കാർ നിശ്ശേഷം തോററുപോയി. വിജയത്തിനുപുറമേ മഹാരാജാവിനു അനേകം പീരങ്കികളും മററു യുദ്ധസാമാനങ്ങളും ലഭിക്കയും ചെയ്തു. ലന്തക്കാരിൽ കുറേപ്പേർ ബന്ധനത്തിലുമായി. അവരിൽ ഒരാളായ ഡിലെനായി ആണ് ഒടുവിൽ തിരുവിതാംകൂറിലെ സവ്സൈന്യാധിപനായിത്തീന്നതു്. വലിയകപ്പിത്താൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആ മേധാവിയുടെ സ്മരണ ഇപ്പോഴും നിലനിന്നുപോരുന്നു. ഉദയഗിരിക്കോട്ടയിൽ ഉള്ള അദ്ദേഹത്തിൻെറ ശവകുടീരത്തെ തിരുവിതാംകൂറുകാർ ഉപകാരസ്മരണയോടുകൂടി സന്ദർശിച്ചുവരുന്നു.

കുളച്ചൽ യുദ്ധം കഴിഞ്ഞു് അധികകാലം ആകുന്നതിനുമുൻപു മഹാരാജാവ് കൊല്ലത്തുചെന്നു ലന്തക്കാരുടെയും കായംകുളംരാജാവിൻെറയും സൈന്യങ്ങളെ തോല്പിച്ചു. കൊല്ലത്തുനിന്നും തുരുതുരെ കായംകുളത്തുചെന്ന തിരുവിതാംകൂർ ഭടന്മാരുടെ സംഖ്യയും, അവരുടെ പരാക്രമത്തെപ്പററിയുള്ള ഭയവും, രാജാവിനെയും സചിവന്മാരെയും വ്യാകുലപ്പെടുത്തി. ആത്മരക്ഷയ്ക്കു സമാധാനമല്ലാതെ വഴിയില്ലെന്നു കണ്ടു് സാമന്തഭാവം സ്വീകരിച്ച് ആണ്ടുതോറും ആയിരം ഉറുപ്പിക കപ്പം നല്കിക്കൊള്ളാ

മെന്നു സമ്മതിച്ചതിന്നു പുറമേ രാജ്യത്തിൻെറ ഏതാനും ഭാഗം ഒഴിഞ്ഞുകൊടുക്കയും ചെയ്തു. മഹാരാജാവു് ആയിടയ്ക്കുതന്നെ ദേശിങ്ങനാട്ടും പിടിച്ചടക്കി.

കായംകുളത്തിന്നു ദുഷ്കാലം തുടങ്ങുവാൻ ഒട്ടും താമസം വേണ്ടിവന്നില്ല. ലന്തക്കാരുടെയും, ബന്ധുക്കളായ ഏതദ്ദേശീയരാജാക്കന്മാരുടെയും, ബലം കണ്ടുകൊണ്ടു കായംകുളംരാജാവു് പിന്നെയും യുദ്ധത്തിന് ഒരുങ്ങി. എന്നാൽ വാഗ്ദാനം ചെയ്തിരുന്ന സഹായം ലഭിക്കാതെ ആയപ്പോൾ പരിഭ്രമിച്ചുഴറിയ ആ രാജാവു സ്ത്രീജനങ്ങളെ എല്ലാം തൃശ്ശിവപേരൂർക്കു് അയച്ചു. പണവും പണ്ടങ്ങളും മുഴുവൻ വള്ളത്തിൽ കയററിക്കൊണ്ടുപോയി അഷ്ടമുടിക്കായലിൽ താഴ്ത്തിക്കളഞ്ഞശേഷം നാടുവിട്ടു് ഓടിപ്പോകയും ചെയ്തു. രാജാവിൻെറ തിരോധാനം കൊണ്ടും നിരാശപ്പെടാതെ ജനങ്ങൾ സധൈര്യം പൊരുതുവെങ്കിലും അവർ തോററുപോകയും രാജ്യം മഹാരാജാവിൻെറ അധീനത്തിൽ ആകയും ചെയ്തു. കായംകുളത്തിൻെറ അധഃപതനം മഹാരാജാവിൻെറ ദിഗ്വിജയയാത്രയ്ക്കുള്ള മാർഗ്ഗങ്ങളെ സുഗമമാക്കി. താമസിയാതെ അമ്പലപ്പുഴയും തെക്കുംകൂറും വടക്കുംകൂറും തിരുവിതാംകൂറിലേയ്ക്കു് ചേൎന്നു. വഞ്ചിരാജ്യത്തിലേ കൊടി നാടെങ്ങും പറന്നു.

രാജ്യം ഇല്ലാതായ രാജാക്കന്മാർ കൊച്ചിരാജാവിനെ അഭയം പ്രാപിച്ചു. തിരുവിതാംകൂറിൻെറ ശക്തി കുറയ്ക്കണമെന്നുള്ള താൽപര്യം അവരുടെ ഇടയിൽ നാൾക്കുനാൾ വർദ്ധിച്ചു. കുളച്ചൽ പടക്കളത്തിൽ വച്ചു്

നല്ലപാഠം പഠിച്ച ലന്തക്കാർ മുൻപിലത്തേ നയം മാററി നമ്മുടെ മഹാരാജാവിന്റെ ശത്രുക്കളുടെ നടപടികളെപ്പററി അറിവു കൊടുത്തുകൊണ്ടിരുന്നു. ആയിടയ്ക്ക് കൊച്ചിയുമായി യുദ്ധം ചെയ്യാൻ മാർത്താണ്ഡവർമ്മയ്ക്ക് തക്കതായ ഒരു ന്യായം കിട്ടി. അന്ന് കൊച്ചി രാജകുടുംബത്തിലേ അംഗങ്ങൾ തമ്മിൽ വഴക്കുകളും മത്സരങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അതിൽ ഒരു കക്ഷിക്കാരുടെ അപേക്ഷപ്രകാരം മഹാരാജാവ് അവിടെ ഇടപെടാമെന്ന് തീരുമാനിച്ചു. അതിനിടയ്ക്കു കൊച്ചിയുടെ നേതൃത്വത്തിൽ പുറക്കാട്ടുവച്ച് നടന്ന യുദ്ധത്തിൽ തിരുവിതാംകൂറിൻെറ പരിപന്ഥികൾ എല്ലാവരും തോററോടി.

അതിൻെറശേഷം ജയലക്ഷ്മീവിലാസത്താൽ ഉത്സാഹഭരിതരായ ഭടന്മാർ കൊച്ചിരാജ്യത്തിൻെറ അംശമായിരുന്ന കരപ്പുറം ദേശത്തെയും മാടഭൂപന്മാരുടെ പൂർവ്വകുടുംബമായ മാടത്തിൻകൂർ കോവിലകത്തെയും പിടിച്ചടക്കി. രാമവർമ്മയുവരാജാവും രാമയ്യൻദളവായും രണ്ടു വഴിയായി കൊച്ചിരാജ്യത്തിൻെറ തലസ്ഥാനനഗരത്തെ ആക്രമിച്ചുടക്കുവാനായി തിരിച്ചു. വിജയം നിഷ്പ്രയാസം ലഭിക്കുമായിരുന്നു. എന്നാൽ കൊച്ചിരാജാവ് മാർത്താണ്ഡവർമ്മ മഹാരാജാവിനോടു കീഴ്‌ഞ്ഞപേക്ഷിക്കയാൽ സൈന്യത്തെ ഉടൻ പിൻവലിച്ചുകൊള്ളണമെന്ന് അവിടുന്നു കല്പന നല്കി. മഹാരാജാവിൻെറ ഔദാര്യംകൊണ്ട് കൊച്ചി വീണ്ടും ഒരു പ്രത്യേകരാജ്യമായി നിലനിന്നു. അക്കഥ അങ്ങനെ നില്ക്കട്ടെ.

ആയിടയ്ക്കുതന്നെ കോഴിക്കോട്ടുസാമൂതിരിക്കും തിരുവിതാംകൂറിന്റെ ബലം അറിയാൻ ഇടയായി. പല തവണ തോററു മണ്ടിത്തിരിഞ്ഞ ചെമ്പകശ്ശേരിപ്രമുഖന്മാർ കൊച്ചിയെ ഉപേക്ഷിച്ചിട്ടു സാമൂതിരിയെ ശരണം പ്രാപിച്ചു. കേരളാധീശനെന്നു വൻപു ഭാവിച്ചു കൊണ്ടിരുന്ന ആ ഭരണാധികാരി ഒരു യാത്രയിൽത്തന്നെ കൊച്ചിയും തിരുവിതാംകൂറും പിടിച്ചടക്കിക്കളയാമെന്ന ദുർമ്മോഹത്താൽ ഒരു വലിയ സൈന്യത്തോടുകൂടി പുറപ്പെട്ടു. സാമൂതിരിയുടെ സൈന്യം കൊച്ചിരാജ്യത്തെ മിക്കവാറും ഗ്രസിച്ചു. എന്നാൽ തിരുവിതാംകൂറുമായി ഇടഞ്ഞപ്പോൾ അഹങ്കാരം നിശ്ശേഷം ശമിച്ചു. കൊച്ചി രാജാവും കൂട്ടുകാരും യുദ്ധം ചെയ്തു തോററു പുറക്കാട്ടു വച്ചുതന്നെ സാമൂതിരിക്കു ലജ്ജാവഹവും നാശകരവുമായ പരാജയം ഉണ്ടായി. എങ്കിലും കൊച്ചിയിൽനിന്നു പിടിച്ചടക്കിയ രാജ്യഭാഗം സാമൂതിരിതന്നെ കൈവശം വച്ചിരുന്നു. കൊച്ചിരാജാവു മാവേലിക്കരെ എഴുന്നള്ളിയിരുന്ന മഹാരാജാവിന്റെ സന്നിധിയിൽ മേലാൽ സ്നേഹമായി കഴിയണമെന്നുള്ള ആഗ്രഹത്തെ അറിയിച്ചു. കരപ്പുറത്തിന്മേലുള്ള അവകാശം തിരുവിതാംകൂറിനു വിട്ടുകൊടുക്കുകയും ചെയ്തു.

മഹാരാജാവു വടക്കൻദിക്കുകളെ പിടിച്ചടക്കി ശരിയായ ഭരണരീതി ഏർപ്പെടുത്തുന്ന കാലത്തു തെക്കുകിഴക്കെ അതിർത്തിയിലും യുദ്ധം നടത്തേണ്ടി വന്നു. അവിടെ എതിർക്കേണ്ടിവന്നതു കൊച്ചിരാജാവിനേക്കാൾ വളരെ ബലവാനായ ശത്രുവിനോട് ആയിരുന്നു. കർണ്ണാററിക്

നവാബിൻെറ പ്രതിപുരുഷനും സഹോദരനുമായ മാഫ സ്ഖാനെ തോല്പിച്ച് കളക്കാട്ട മുതലായ സ്ഥലങ്ങൾ കൈവശപ്പെടുത്തുകയും ശത്രുവിൻെറ അശ്വസൈന്യത്തെയും കാലാൾ പടയെയും ബന്ധനത്തിലാക്കുകയും ചെയ്തു നോക്കുമ്പോൾ മഹാരാജാവിൻെറ ശക്തി അസാധാരണമായിരുന്നുവെന്ന് സ്പഷ്ടമാണല്ലോ. അവിട്ടത്തെ ഭരണകാലത്തു തിരുവിതാംകൂർ രാജ്യം വടക്ക് പെരിയാർ വരെയും, കിഴക്ക കളക്കാട്ടവരെയും, വ്യാപിച്ചു. അങ്ങനെ വിസ്തൃതമായ രാജ്യം മഹാരാജാവ് ശ്രീപത്മനാഭസ്വാമിക്ക് തൃപ്പടിദാനംചെയ്തു പ്രതിപുരുഷനായി രാജ്യഭാരം തുടൎന്നു. രാജ്യസമർപ്പണം നടന്നതു കൊ. വ. ൯൨൫-ാമാണ്ട മകരമാസം ൫-ാംതീയതി ആയിരുന്നു. അന്നേ ദിവസം മഹാരാജാവ് മതിൽക്കകത്ത് എഴുന്നള്ളി ഉടവാൾ തൃപ്പടിയിൽ വച്ചു പൂജിച്ചശേഷം തിരികെ കൈക്കൊണ്ട് 'ശ്രീപത്മനാഭദാസൻ' എന്ന സ്ഥാനത്തെ അൎത്ഥവത്താക്കി. ആ പേര് ഇന്നും നമ്മുടെ മഹാരാജാക്കന്മാരുടെ മഹിമയേറിയ സ്ഥാനങ്ങളിൽ അതിപ്രധാനമായി വിളങ്ങുന്നു.

iii. രാജ്യഭരണം.

മഹാരാജാവിൻെറ മഹിമ യുദ്ധത്തിലും രാജ്യസ്ഥാപനത്തിലും മാത്രമല്ല പ്രത്യക്ഷപ്പെട്ടത്. പ്രജകളുടെ ഐശ്വൎയ്യാഭിവൃദ്ധിക്ക പൎയ്യാപ്തമായ പല വ്യവസ്ഥകളും അവിടുന്ന് ഏൎപ്പെടുത്തി. അക്കാലത്തും നാഞ്ചിനാട് തിരുവിതാംകൂറിൻെറ ധാന്യഭണ്ഡാരമായിരുന്നു. ഫലാഢ്യ

മായ ആ ഭൂമിയുടെ ഗുണത്തിനായി തിരുമനസ്സുകൊണ്ടു പല കൃഷിമരാമത്തുകൾ ചെയ്യിപ്പിച്ചു. സഹ്യപർവ്വതം തടഞ്ഞു നിറുത്തുന്ന വാരിവാഹങ്ങൾ കൊല്ലത്തിൽ രണ്ടു തവണ പൊഴിക്കുന്ന ജലം യാതൊരു പ്രയോജനവുമില്ലാതെ സമുദ്രത്തിലേക്ക് ഒഴുകുകയായിരുന്നു. ഭൂമിയുടെ ദാഹം തീർത്താൽ ആ ദേവി മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കാതിരിക്കയില്ലെന്ന് അവിടുന്നു അറിഞ്ഞു. പണ്ടത്തെ പാണ്ടിയൻ അണയെ മാതൃകയാക്കി കുഴിത്തുറയാററിൽ പൊന്മനയണകെട്ടിച്ചു. നിലങ്ങൾക്ക് ആററുവെള്ളം ഉപയോഗപ്പെട്ടു. തോടുകളും, കുളങ്ങളും, രാജപാതകളും, ഒട്ടുവളരെ വർദ്ധിപ്പിച്ചു.

ചന്തസ്ഥലങ്ങളും കോട്ടകൊത്തളങ്ങളും ഉറപ്പിക്കുന്ന കാര്യത്തിൽ തിരുമനസ്സുകൊണ്ട് വളരെ ശ്രദ്ധിച്ചിരുന്നു. പട്ടാളത്തെ പരിഷ്കരിച്ചു. യുദ്ധത്തിനുള്ള ആയുധങ്ങൾ ഉണ്ടാക്കാൻ തക്കതായ ഒരു യന്ത്രശാല ഉദയഗിരിയിൽ സ്ഥാപിച്ചു. കച്ചവടത്തിന്റെ അഭിവൃദ്ധിക്കായി പണ്ടകശാലകൾ പണിയിച്ചു. ചുങ്കം പിരിക്കാനായി ചവുക്കകൾ ഏർപ്പെടുത്തി. ആയവ്യയങ്ങൾക്ക് ശരിയായി കണക്കുവച്ച് പതിവുകൾ നിശ്ചയിച്ചു. നിലംപുരയിടങ്ങളിലെ ആദായം നിർണ്ണയിച്ചു കരംക്രമപ്പെടുത്തി. കൊട്ടാരങ്ങളും ക്ഷേത്രങ്ങളും പണിയിപ്പിച്ചു. വഴിയമ്പലങ്ങളും ഊട്ടുകളും കഞ്ഞിപ്പുരകളും വർദ്ധിപ്പിച്ചു.

കർത്തവ്യങ്ങൾ യഥായോഗ്യം നടത്തണമെന്നല്ലാതെ അവിടുത്തേയ്ക്കു് സുഖാനുഭോഗങ്ങളിൽ തീരെ പ്രതിപത്തി

ഉണ്ടായിരുന്നില്ല. പ്രജാക്ഷേമത്തിനായുള്ള പ്രയത്നങ്ങൾ തിരുമനസ്സുകൊണ്ട് ഒരു വ്രതമായി കൈക്കൊണ്ടിരുന്നു. പൊന്മനയണ പണി നടന്ന കാലത്തു് ഉണ്ടായ ഒരു സംഭവം ശ്രദ്ധാർഹമാണ്. അമൃതേത്തുപോലും ഉപേക്ഷിച്ച മഹാരാജാവ് മദ്ധ്യാഹ്നസമയത്തു പാറപ്പുറത്തു് ഇരിക്കുകയായിരുന്നു. ഒരു ഭൃത്യൻ പള്ളിക്കുട പിടിച്ചുകൊണ്ടു് നിന്നിരുന്നു. മഹാരാജാവു കല്ലനെ വിളിച്ച് പാറയിൽ ഒരു ദ്വാരമുണ്ടാക്കാൻ കല്പനയായി. കുടയുടെ കാൽ ദ്വാരത്തിൽ നിറുത്തിയിട്ടു് ഭൃത്യനോടു പോയി ജോലിനോക്കാൻ ആജ്ഞാപിച്ചു. ഒരാൾക്കു ചെയ്യാവുന്ന വേല വ്യർത്ഥമാകാതിരിക്കാനായിരുന്നു തിരുമനസ്സുകൊണ്ടു് അപ്രകാരം കല്പിച്ചതു്.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ശീവേലിപ്പുരപണി തീർന്നശേഷം അതിന്ന് ഉപയോഗിച്ച സാമാനങ്ങളുടെ അവശിഷ്ടങ്ങൾ മതില്ക്കകം നിറഞ്ഞു കുന്നുകുന്നായി കിടന്നിരുന്നു. ഉത്സവം വളരെ അടുത്തുപോകയാൽ അതെല്ലാം പെട്ടെന്നു മാറേറണ്ടതായിവന്നു. വളരെപ്പേർ ശ്രമിച്ചിട്ടും ജോലി തീരുന്ന മട്ടു കണ്ടില്ല. മഹാരാജാവു എഴുന്നള്ളി മുറിക്കല്ലും മരക്കഷണങ്ങളും കൂടിക്കിടന്ന ഒരു സ്ഥലത്തു ചെന്നിരുന്നു. തിരുമനസ്സുകൊണ്ടു തോർത്തുമുണ്ടു തറയിൽ വിരിച്ചു് കുറെയെല്ലാം പെറുക്കി അതിൽ ഇട്ടു കെട്ടി, ആ ചുമടു തലയിൽവച്ചു് ജനമദ്ധ്യത്തിൽ കൂടി നടന്നു മതിലിന്നു വെളിയിൽ കൊണ്ടുപോയി ഇട്ടു. ഇതിനെക്കാൾ ശരിയായ പാഠം ഉണ്ടോ? കണ്ടുനിന്നവരെല്ലാം—ബാലന്മാരും വൃദ്ധജനങ്ങളും, നായരും നംപൂ

രിയും, സ്വദേശിയും പരദേശിയും, ഉദ്യോഗസ്ഥനും കൂലിക്കാരനും,—ഒത്തൊരുമിച്ച് പ്രയത്നിച്ചു. സന്ധ്യയ്ക്കുമുമ്പു മതില്ക്കകം വൃത്തിയായി. 'തല ആടാതെ വാൽ ആടുകയില്ല' എന്നാണല്ലോ ആപ്തവാക്യം.

വിശ്രമം എന്നത് എങ്ങനെയിരിക്കുമെന്ന് മാർത്താണ്ഡവർമ്മ മഹാരാജാവ് അറിഞ്ഞിട്ടില്ല. സമയം വൃഥാ കളയുന്നതു് അവിടുത്തേയ്ക്കു് തീരെ ഇഷ്ടമല്ലായിരുന്നു. ഒരിക്കൽ കർണ്ണാററിക് നവാബിൻെറ പ്രതിനിധികൾ തിരുമനസ്സിലെ കണ്ടു് എന്തോ കാര്യം ആലോചിക്കുവാൻ വന്നു. അതിൽ ഒരാൾ ദീർഘമായ ഒരു മുഖവുര തുടങ്ങി. 'കാര്യത്തിൽ പ്രവേശിക്കാമല്ലോ. ഈ അനാവശ്യവൃത്താന്തങ്ങളൊക്കെ പറയാനും കേൾക്കാനും പുരുഷായുസ്സ് പോരാതെ വരും' എന്നായിരുന്നു മഹാരാജാവ് അപ്പോൾ കല്പനയായതു്. സത്യനിഷ്ഠയും, കൃതജ്ഞതാബോധവും, അവിടുത്തെ പ്രധാന ഗുണങ്ങളായിരുന്നു. രാജാവും നിയമത്തെ അനുസരിക്കണമെന്ന തത്ത്വം അദ്ദേഹം ആദരിച്ചിരുന്നു. താന്താങ്ങളുടെ യശസ്തംഭങ്ങളായിത്തീരുന്ന പ്രാസാദങ്ങളും മററും നിർമ്മിക്കുവാനുള്ള ധനവ്യയം അവിടുന്ന് ഒരിക്കലും ചെയ്തിട്ടില്ല. തിരുമനസ്സുകൊണ്ടു് ആഭരണങ്ങൾക്കും മററും പണം കളഞ്ഞില്ല. അതുതന്നെയാണ് നമ്മുടെ വഞ്ചിഭൂപാലന്മാർക്ക് മാമൂലായി വന്നിട്ടുള്ള ചര്യ. ഇൻഡ്യയിൽ പല രാജാക്കന്മാരും ആഡംബരത്തിൽ വളരെ ഭ്രമം കാണിക്കാറുണ്ടു്. എന്നാൽ നമ്മുടെ മഹാരാജാക്കന്മാർക്ക് ആ വക ഡംഭുകൾ ഒരിക്കലും ഉണ്ടാകാറില്ല.

അന്തച്ഛിദ്രങ്ങളാൽ ശിഥിലമായിരുന്ന പല രാജ്യങ്ങളെയും കൂട്ടിച്ചേൎത്തു തിരുവിതാംകൂറിനെ വിപുലമാക്കിയതിനും പുറമേ ബ്രിട്ടീഷുകാരുമായി സഖ്യത്തിനുള്ള വിത്തുകൾ വിതച്ചതും അവിടുന്നുതന്നെ ആയിരുന്നു. ആസന്നമരണനായി കിടന്ന അവസ്ഥയിൽ തിരുമേനി അനന്തരവനെ വിളിച്ച് എന്തുവന്നാലും ബ്രിട്ടീഷുകാരുമായുള്ള സ്നേഹത്തിനു ഹാനി വരാൻ ഇടയാക്കരുതെന്നു കല്പിച്ചു. കാൎത്തികതിരുനാൾ ഇളയരാജാവ് അപ്രകാരം തന്നെ നടന്നുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു. അങ്ങനെ ഉണ്ടായ ആ സഖ്യം ഇന്നും പ്രശസ്തമായി പുലരുന്നു.

മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ കിരീടം മററു ആൎക്കായാലും ദുൎഭരമായ ഭാരം ആകുമായിരുന്നു. എങ്കിലും പല ക്ലേശങ്ങൾക്കിടയിലും അവിടുന്നു സാഹിത്യാദി കലകളുടെ പ്രോത്സാഹനത്തിനായി വളരെ യത്നിച്ചിട്ടുണ്ട്. അവിടുന്നു കുഞ്ചൻ നമ്പിയാർ മുതലായ കവികളെ സൽക്കരിച്ചു. തിരുമനസ്സിലേ കല്പന അനുസരിച്ചാണ് രാമപുരത്തുവാൎയ്യർ കുചേലവൃത്തം വഞ്ചിപ്പാട്ടു രചിച്ചത്. ശ്രീകൃഷ്ണൻ കുചേലനെ എന്നപോലെ മഹാരാജാവ് ആ മഹാകവിയെ സമ്പന്നനാക്കിത്തീൎത്തുവത്രേ.

---

൫൪. ധൎമ്മരാജാവു്

ധൎമ്മരാജാവു് എന്നപേരിൽ ആരാദ്ധ്യനായിത്തീൎന്നിട്ടുള്ള കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവു് ൯൩൩ മുതൽ ൯൭൩ വരെ നാല്പതു വൎഷം രാജ്യഭാരം ചെയ്തു. അവിടുന്നു യുദ്ധഭൂമിയിലും മന്ത്രസഭയിലും ഒന്നുപോലെ സമൎത്ഥനായിരുന്നു. മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ സൈന്യം കായംകുളം ഉപരോധിച്ചുകൊണ്ടിരുന്ന കാലത്തു ശത്രുവിന്റെ യഥാൎത്ഥമായ നില അറിയാൻ വളരെ പ്രയാസം നേരിട്ടു. ആ വിഷമത മാററാമെന്നു തീരുമാനിച്ചുകൊണ്ടു് കാൎത്തികതിരുനാൾ ഒരു പട്ടാണിയുടെ വേഷത്തിൽ കായംകുളം കോട്ടയ്ക്കകത്തു് പ്രവേശിച്ചു. ശത്രുപക്ഷത്തിൽനിന്നും ഒരു ചാരൻ തന്റെ രാജധാനിയിൽ കടന്നുകൂടിയിട്ടുണ്ടെന്നു കായംകുളം രാജാവിനു എങ്ങനെയോ മനസ്സിലായി. തക്കതായ പരിശോധന നടത്തിയല്ലാതെ ആരേയും കോട്ടയ്ക്കു് വെളിയിൽ വിടരുതെന്നു് ആ രാജാവു് നിഷ്കൎഷിച്ചു. കണ്ട വിവരങ്ങൾ അമ്മാവനെ അറിയിക്കാനുള്ള ആഗ്രഹത്താൽ യുവരാജാവു് കായംകുളത്തുനിന്നും രക്ഷപ്പെടുവാൻ ധൃതിപ്പെട്ടു. അദ്ദേഹത്തിന്റെ മനസ്സിൽ ശരിയായ ഒരു നിവൃത്തിമാൎഗ്ഗം തെളിഞ്ഞു. കായംകുളം രാജാവിന്റെ പുരോഹിതൻ ഇളങ്ങല്ലൂർനമ്പൂരിയായിരുന്നു. രാജകുമാരൻ നമ്പൂരിയെക്കണ്ടു് വസ്തുതകളെല്ലാം പറഞ്ഞു മനസ്സിലാക്കി. നമ്പൂരിക്കു സഹായിക്കാൻ മനസ്സുമുണ്ടായി. രക്ഷപ്പെടുവാനുള്ള മാൎഗ്ഗം യുവരാജാവു പറഞ്ഞുകൊടുത്തതനുസരിച്ചു കൃത്രിമമായി ഒരു എഴുത്തുണ്ടാക്കി കായംകുളം

രാജാവിനെ കാണിച്ചു. തന്റെ അമ്മയ്ക്കു രോഗമായിക്കിടക്കുകയാണെന്നും മരിക്കാറായിരിക്കുന്നതിനാൽ തന്നെ കാണാൻ ആഗ്രഹിക്കുന്നു എന്നും, മററുമായിരുന്നു എഴുത്തിന്റെ സാരം. എഴുത്തു കണ്ടപ്പോൾ ശുദ്ധനായ രാജാവു് ഉടൻതന്നെ നമ്പൂരിയെ ഇല്ലത്തു പോകാൻ അനുവദിച്ചു. ഇളയതമ്പുരാനു വാല്യക്കാരന്റെ നിലയിൽ അദ്ദേഹത്തോടൊരുമിച്ചു കോട്ടയ്ക്കകത്തുനിന്നും വെളിയിൽ പോരുവാനും സാധിച്ചു.

കായംകുളം യുദ്ധത്തിൽ മാത്രമല്ല യുവരാജാവു ധീരത കാണിച്ചതു്. അമ്പലപ്പുഴരാജ്യത്തിന്റെ അധഃപതനത്തിനു ശേഷം കൊച്ചീരാജാവിന്റെ നേതൃത്വത്തിൽ തിരുവിതാംകൂറിന്റെ ശത്രുക്കൾ ഒന്നിച്ചു പുറക്കാട്ടുവച്ചു നടത്തിയ യുദ്ധത്തിലും കാർത്തികതിരുനാളിന്റെ സാമർത്ഥ്യം വിജയസിദ്ധിക്കു് വളരെ സഹായകമായിരുന്നു.

തിരുമേനി രാജ്യഭാരമേററു് അധികകാലമാകുന്നതിനു മുൻപുതന്നെ രാജ്യത്തെ വിസ്തൃതമാക്കാനുള്ള സൌകര്യം അനായാസേന ലഭിച്ചു. കൊച്ചീരാജ്യം പിടിച്ചടക്കുന്നതിൽ സാമൂതിരിക്കു് നാൾ ചെല്ലുംതോറും കൂടുതൽ താൽപര്യം ഉണ്ടായി. വലിയ സൈന്യകൾ അവസരം നോക്കി തൃശ്ശിവപേരൂരിലും സമീപപ്രദേശങ്ങളിലും പാർത്തിരുന്നു. മാടസ്വരൂപത്തിന്റെ അവസ്ഥ വലിയ അപകടത്തിലായി. സാമൂതിരിയെ ഓടിക്കാൻ സഹായിക്കാമെന്നും മററും ലന്തക്കാർ ഏററുപറഞ്ഞിരുന്നതു വെറും വാക്കായി കലാശിച്ചു. ശക്തിയുള്ള പല നാട്ടുവാഴി

കളും സാമൂതിരിയുടെ പക്ഷത്തിൽ ചേൎന്നു. അങ്ങനെ നിസ്സഹായമായ സ്ഥിതിയിൽ കൊച്ചിരാജാവ് ആത്മരക്ഷയെയും രാജ്യരക്ഷയെയും പുരസ്കരിച്ചു നമ്മുടെ മഹാരാജാവിനോടു സഹായം അപേക്ഷിച്ചു. കൊച്ചിയിലേ ഇളമുറരാജാക്കന്മാരിൽ ഒരാൾ തിരുവനന്തപുരത്തുവന്നു മഹാരാജാവിനെ കണ്ടു കാൎയ്യങ്ങൾ പറഞ്ഞൊതുക്കി. മഹാരാജാവ് അയ്യപ്പൻ മാൎത്താണ്ഡപിള്ളയുടെയും ഡിലെനായിയുടെയും കീഴിൽ വലിയ ഒരു സൈന്യത്തെ വടക്കോട്ട് അയച്ചു.

സാമൂതിരിയുടെ ഭടന്മാൎക്കു തിരുവിതാംകൂർ സേനയുടെ അന്യാദൃശമായ ശക്തിയെ തടുക്കാൻ സാധിച്ചില്ല. കോഴിക്കോട്ടുകാർ തോററു പിൻമാറി. ദളവായും ജനറലും അവരെ സധൈൎയ്യം പിൻതുടൎന്നു വടക്കോട്ട് ഓടിച്ചു. ഒടുവിൽ കൊച്ചിരാജാവിൻെറ ദൃഷ്ടാന്തത്തെ അനുകരിച്ചു സാമൂതിരിയും വഞ്ചിരാജവംശത്തിൻെറ മഹാമനസ്കതയിൽ വിശ്വാസം ഉറപ്പിച്ചുകൊണ്ടു സഹായത്തിന് അപേക്ഷിച്ചു. ഗുണവാനായ മഹാരാജാവ് കോഴിക്കോടു പിടിക്കരുതെന്നു ദളവായ്ക്കു കല്പനകൊടുത്തു. അങ്ങനെ സാമൂതിരിയും രാജ്യവും രക്ഷപ്രാപിക്കയും ചെയ്തു. സാമൂതിരി പിടിച്ചടക്കിയ സ്ഥലങ്ങൾ മിക്കതും കൊച്ചിക്കു തിരിയെ കിട്ടി. ആലങ്ങാടും പറവൂരും കൊച്ചിരാജാവിൻെറ സമ്മതപ്രകാരം തിരുവിതാംകൂറിനു ലഭിച്ചു. അയ്യപ്പൻ മാൎത്താണ്ഡപ്പിള്ളയുടെ യുദ്ധസാമ

ത്ഥ്യവും തന്ത്രജ്ഞതയും കണ്ടു സന്തുഷ്ടനായ കൊച്ചിരാജാവു പുത്തൻചിറ എന്ന സ്ഥലം ദളവായ്ക്കു പാരിതോഷികമായി നല്കി. സ്വാത്ഥരഹിതനായിരുന്ന ആ മന്ത്രി അതു തിരുവിതാംകൂറിലേക്കു വിട്ടുകൊടുത്തു. അങ്ങനെയായിരുന്നു അന്നത്തെ മഹാന്മാരുടെ നിസ്വാത്ഥമായ രാജ്യസേവനം.

കൊച്ചിരാജാവു തിരുവിതാംകൂറിൽ വന്നു മഹാരാജാവിനെ സന്ദർശിച്ചു നന്ദിപറഞ്ഞതിനും പുറമെ ശുചീന്ദ്രത്തു മഹാക്ഷേത്രത്തിൽ പോയി താനും തന്റെ വംശജരും ആചന്ദ്രതാരം തിരുവിതാംകൂർ രാജവംശത്തോടു സ്നേഹമായിരുന്നുകൊള്ളാമെന്നും, മഹാരാജാവിന്റെ ശത്രുക്കളോട് ഒരു കാലത്തും ചേരുകയില്ലെന്നും, സ്ഥാണുമാലയപ്പെരുമാൾ സന്നിധിയിൽ പ്രതിജ്ഞ നിർവഹിക്കയും ചെയ്തു.

അനന്തരം വടക്കുനിന്നും വരുന്ന ശത്രുക്കളെ തടുക്കാനായി പെരിയാററിന്റെ മുഖംമുതൽ സഹ്യപവ്വതംവരെ നെടുംകോട്ട കെട്ടിച്ചു. ആയിടയ്ക്കു ചൊക്കൻപട്ടിയിലെ ജമിന്ദാർ ചെങ്കോട്ടയ്ക്കു സമീപം ചില സ്ഥലങ്ങൾ കൈവശപ്പെടുത്തി. എങ്കിലും വേഗംതന്നെ തിരുവിതാംകൂർ സൈന്യത്തോടു കിടനില്ക്കാൻ നിവൃത്തിയില്ലാതെ ജമിന്ദാരുടെ ഭടന്മാർ പിന്മാറി. അവർ പിടിച്ച ദേശങ്ങൾ വീണ്ടും തിരുവിതാംകൂറിനോടു ചേന്നു. എന്നാൽ കളക്കാട്ട് മുതലായ ദേശങ്ങളെ സംബന്ധിച്ച് ആക്കാട്ടു

നവാബുമായുള്ള തക്കങ്ങൾ തിരുവിതാംകൂറിനു ദോഷമായിട്ടാണു കലാശിച്ചത്. ബ്രിട്ടീഷുകാരുടെ മദ്ധ്യസ്ഥത കൊണ്ടു തക്കതായ പ്രയോജനം ഉണ്ടായില്ല. അങ്ങനെയുള്ള അവസ്ഥയിലായിരുന്നു മഹാരാജാവും മൈസൂർ സുൽത്താനായ ഹൈദരാലിയുമായി ശത്രുത ഉണ്ടായത്.

പരാക്രമിയായ ഹൈദരാലി രാജ്യകാംക്ഷയോടെ വടക്കേമലയാളത്തിൽ കടന്നു. സാമൂതിരി ഭയപ്പെട്ട് ആത്മഹത്യ ചെയ്തു. കൊച്ചിരാജാവു രണ്ടുലക്ഷം ഉറുപ്പികയും എട്ട് ആനയും കൊടുത്തു രക്ഷ നേടി. തിരുവിതാംകൂറും കൂടി കീഴടക്കണമെന്നായിരുന്നു ഹൈദരുടെ ദൃഢമായ നിശ്ചയം. പതിനഞ്ചു ലക്ഷം ഉറുപ്പികയും മുപ്പതു ആനയും കൊടുക്കാത്തപക്ഷം ഈ രാജ്യത്തെയും ഉടനെ ആക്രമിക്കുന്നതാണെന്ന് ആ രണശൂരൻ മഹാരാജാവിൻെറ പേക്ക് എഴുതി അയച്ചു. തിരുമനസ്സുകൊണ്ടു വീരോചിതമായവിധം പ്രതിഷേധിച്ചു. പണവും മററും കൊടുക്കയില്ലെന്നു മഹാരാജാവു ഖണ്ഡിച്ചു പറഞ്ഞു. എന്നുമാത്രമല്ല, ഹൈദർ അക്രമമായി കൈയ്യേറിയ രാജ്യങ്ങൾ സാമൂതിരിക്കും കോലത്തിരിക്കും ഉടനെ വിട്ടുകൊടുക്കണമെന്നുകൂടി ആവശ്യപ്പെട്ടു. മഹാരാജാവിൻെറ ഈ തൻേറടം ഹൈദരെ അത്യന്തം ക്രുദ്ധനാക്കി. അദ്ദേഹം തിരുവിതാംകൂർ ആക്രമിക്കാൻ നിശ്ചയിച്ചു. എന്നാൽ ആയിടയ്ക്കു ബ്രിട്ടീഷുകാർ മൈസൂർ ആക്രമിക്കാൻ ആരംഭിക്കയാൽ ഹൈദർക്ക് സ്വരാജ്യരക്ഷാർത്ഥം പിന്തിരിയേണ്ടിവന്നു. യുദ്ധത്തിൽ വിജയം നേടിക്കൊള്ളുന്നതു് അശ

ക്യമെന്നു കാണുകയാൽ ഹൈദർ ബ്രിട്ടീഷുകാരുമായി രാജി ഉണ്ടാക്കി. ഉടമ്പടിയിൽ ഹൈദർ തിരുവിതാംകൂർ ആക്രമിക്കയില്ലെന്നു പ്രത്യേകം പ്രതിജ്ഞചെയ്തിരുന്നു.

ഈ ഉടമ്പടി വളരെക്കാലത്തേക്കു നിലനിന്നില്ല. മററു ശത്രുക്കളെ എല്ലാം വേഗത്തിൽ സമാധാനപ്പെടുത്തി ആ മഹമ്മദീയയോദ്ധാവു വീണ്ടും മലയാളത്തിൽ പ്രവേശിച്ചു. സാമൂതിരി കുടുംബസഹിതം തിരുവിതാംകൂറിൽ വന്ന് അഭയം പ്രാപിച്ചു. കൊച്ചിരാജാവിൻെറ സംഭാവനയും, ആ രാജ്യത്തിൽക്കൂടി ഗതാഗതം ചെയ്വാൻ തനിക്കു സ്വാധീനമായിരുന്ന സൗകൎയ്യവും, ഹൈദർക്കു വലിയ ആശയെ ഉളവാക്കി. എന്നാൽ ലന്തക്കാരുടെ പരിശ്രമവും ഇംഗ്ലീഷുകാരുടെ സഹായവും നമ്മുടെ കോട്ടമതിലുകളുടെ ബലവും ആ വിജിഗീഷുവിനെ പിൻതിരിച്ചു. മഹാരാജാവിൻെറ സൈന്യങ്ങൾ അതിൎത്തിദേശം രക്ഷിച്ചുകൂടാതെ കോഴിക്കോട്ട്, പാലക്കാട്ട്, തിരുനെൽവേലി, മുതലായ ദിക്കുകളിൽ പോയി ബ്രിട്ടീഷ് സൈന്യങ്ങളോട്ട് ചേൎന്നു വളരെ ധീരകൃത്യങ്ങൾ നടത്തി. ഹൈദരും ബ്രിട്ടീഷുകാരും തമ്മിൽ വീണ്ടും സമാധാനം ഉണ്ടായപ്പോൾ തിരുമനസ്സിലേയ്ക്കു് അല്പം വിശ്രമാവസരം ലഭിച്ചു.

അധികം താമസിയാതെ ഹൈദർഖാൻ മൃതിയടഞ്ഞു. എന്നാൽ അതുകൊണ്ടു തിരുവിതാംകൂറിനു യാതൊരു ആശ്വാസവും ഉണ്ടായില്ല. ഹൈദരുടെ പുത്രനായ ടിപ്പുസുൽത്താൻ യുദ്ധത്തിനു സന്നാഹം കൂട്ടി. മതാസക്തി ടിപ്പുവിൻെറ സ്വതസ്സിദ്ധമായ ഭ്രത്യുഷ്ണയെ ഉജ്ജ്വ

ലിപ്പിച്ചു. സുൽത്താൻെറ സൈന്യങ്ങൾ ദാവാനലനെപ്പോലെ നാലുപാടും പരന്നു. വടക്കുനിന്നു രാജാക്കന്മാരും, പ്രഭുക്കന്മാരും, ജന്മികളും, സാധാരണന്മാരോടൊപ്പം ഓടിവന്നു തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. മഹാരാജാവു അവൎക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. കോപാന്ധനായ സുൽത്താൻ അവരെ തിരിച്ചയയ്ക്കണമെന്നു് ആവശ്യപ്പെട്ടു. അതു സാധിക്കയില്ലെന്നുള്ള മറുപടി സുൽത്താൻെറ ക്രോധത്തെ വൎദ്ധിപ്പിച്ചു. തിരുവിതാംകൂർ പിടിക്കണം, അതിനു കൊച്ചിയും തിരുവിതാംകൂറും തമ്മിൽ യുദ്ധം ഉണ്ടാവണം, കാരണമില്ലെങ്കിൽ ഉണ്ടാക്കണം, എന്നായിരുന്നു ടിപ്പുവിൻെറ അഭിമതം.

അദ്ദേഹം കൊച്ചിരാജാവിനെവിളിച്ചു് ആലങ്ങാടും പറവൂരും വിട്ടുകൊടുക്കാൻ മഹാരാജാവിനോടു് ആവശ്യപ്പെടണമെന്നു് ആജ്ഞാപിച്ചു. കൊച്ചിരാജാവു ജീവനുംകൊണ്ടു മടങ്ങി അന്നമനടവച്ചു് മഹാരാജാവിനെ കണ്ടു കാൎയ്യം പറഞ്ഞു. തിരുമനസ്സു കൊണ്ടു സംഗതികൾഎല്ലാം ബ്രിട്ടീഷ് ഗവമ്മെൻറിനെ ധരിപ്പിച്ചു. ടിപ്പുവിൻെറ ആക്രമണത്തെ തടുക്കാൻ വേണ്ട ശ്രമങ്ങളും ചെയ്തു. കൊച്ചിരാജാവു വലിയ വൈഷമ്യത്തിലായി. കടുവായോടു കളിക്കുന്നതു പന്തിയല്ലെന്നു് അവിടുന്നു മനസ്സിലാക്കി. തമ്മിൽ കാണാതെ കഴിക്കണമെന്നായിരുന്നു അവിടുത്തെ താൽപൎയ്യം. അങ്ങോട്ടു ചെന്നില്ലെങ്കിൽ ഇങ്ങോട്ടുവന്നു പിടികൂടും എന്നായി. എന്നാൽ കൊച്ചിരാജാവിനു തിരുവിതാംകൂറിൽനിന്നു ധൈൎയ്യം നല്കി. താമസിയാതെ യുദ്ധം ഉണ്ടാകുമെന്നു കണ്ടു മഹാരാജാവു്

അതിൎത്തി ബലപ്പെടുത്തുവാനായി കൊടുങ്ങല്ലൂരും ആയിക്കോട്ടയും ലന്തക്കാരോടു വിലയ്ക്കുവാങ്ങി അററകുററങ്ങൾ തീൎത്തു് ഉറപ്പിച്ചു. സുൽത്താൻെറ പ്രതിഷേധങ്ങളും ഭീഷണികളുംകൊണ്ടു പ്രയോജനം ഒന്നും ഉണ്ടായില്ല. കോട്ടകൾ വിലയ്ക്കുവാങ്ങിയതു ശരിയായില്ലെന്നു മദ്രാസ് ഗവണ്മർ ആക്ഷേപം പറഞ്ഞു. മഹാരാജാവാകട്ടെ ധൎമ്മബോധത്താൽ പ്രേരിതനായി, ധൈൎയ്യത്താൽ വജ്രഹൃദയനായി, യുദ്ധസന്നാഹം കൂട്ടി.

സ്വഭടന്മാരുടെ ധൈൎയ്യത്തിൽ തിരുമനസ്സിലേയ്ക്കു വലിയ വിശ്വാസം ഉണ്ടായിരുന്നു. അവരെ വേണ്ടുംവണ്ണം നയിച്ചു വിജയം കരസ്ഥമാക്കുവാൻ യോഗ്യതയുള്ള സചിവനും തിരുമനസ്സിലേയ്ക്കു് ഉണ്ടായിരുന്നു. കേവലം ഒരു കച്ചവടക്കാരൻെറ ഗുമസ്തനായിരുന്ന കാലത്തുതന്നെ തിരുമനസ്സിലെ ശ്രദ്ധയെ ആകർഷിച്ചു്, സ്ഥിരോത്സാഹത്താലും സ്വാമിഭക്തിയാലും രാജ്യാഭിമാനത്താലും പടിപടിയായി ഉയൎന്നു്, സൎവ്വജനാരാദ്ധ്യനായിത്തീൎന്ന കേശവപിള്ള നായകത്വം വഹിക്കാൻ ഉള്ളപ്പോൾ ആശങ്കകൾക്കു് അവകാശമുണ്ടായിരുന്നില്ല. മനുഷ്യസാദ്ധ്യമായ കാൎയ്യമാണെങ്കിൽ കേശവപിള്ള സാധിക്കുമെന്നു മഹാരാജാവിനു ധൈൎയ്യം ഉണ്ടായിരുന്നു. സുൽത്താൻ ദിഗ്വിജയത്തിനായി ആഘോഷപൂർവ്വം പുറപ്പെട്ടു. എന്നാൽ തിരുവിതാംകൂർ ഭടന്മാരുടെ സാമൎത്ഥ്യം ടിപ്പുവിൻെറ യശസ്സിനെ മലിനമാക്കിത്തീൎത്തു. സുൽത്താൻ പിൻതിരിഞ്ഞു് ഓടേണ്ടിവന്നു. അദ്ദേഹത്തിൻെറ വാളും, മോതിരവും, മുദ്രയും നമ്മുടെ പട്ടാളക്കാർ പിടിച്ചെടുത്തു.

കേശവദാസൻ അവ തിരുവനന്തപുരത്തു കൊണ്ടുവന്നു മഹാരാജാവിനു തിരുമുൽക്കാഴ്ചവച്ച് വണങ്ങി.

ഇതൊന്നുംകൊണ്ടു വിജയം പൂൎണ്ണമായില്ലെന്നു മഹാരാജാവിനും മന്ത്രിക്കും അറിയാമായിരുന്നു. ബ്രിട്ടീഷ്കാർ വേണ്ടപോലെ സഹായിക്കാതിരിക്കയില്ലെന്ന് അവർ വിശ്വസിച്ചു. ടിപ്പു വീണ്ടും പുറപ്പെട്ടു നമ്മുടെ അതിൎത്തിയിൽ എത്തി. ഒരു മാസത്തെ ഉപരോധവും നിരന്തരമായ പീരങ്കിവെടിയുംകൊണ്ടു നെടുങ്കോട്ടയിൽ ഒരു പ്രവേശദ്വാരം ഉണ്ടാക്കി. കൊട്ടങ്ങല്ലൂരും കുരിയാപ്പള്ളിയിലും വച്ചു തിരുവിതാംകൂർസൈന്യത്തിനു പരാജയമുണ്ടായി. നമ്മുടെ വക ഇരുന്നൂറു പീരങ്കിയും, ഒട്ടുവളരെ വെടിമരുന്നും, അവർ കൈവശപ്പെടുത്തുകയും ചെയ്തു. ആയക്കോട്ടയിലും, മുനമ്പത്തും, പള്ളിപ്പുറത്തും, ബ്രിട്ടീഷ്സൈന്യങ്ങൾ പാളയമടിച്ചു കിടന്നിരുന്നു. എന്നാൽ അവർ വെറും ഉദാസീനരായി കാഴ്ചകണ്ടു സുഖിച്ചതേയുള്ളു. കേശവദാസനും സേനയും പറവൂർ എത്തി ശത്രുസൈന്യത്തിന്റെ വലിപ്പം കേശവദാസന്റെ വിജയകാംക്ഷയെ ഉലച്ചു. കോട്ട ധ്വംസിക്കുവാനായിരുന്നു സുൽത്താന്റെ ഉദ്യമം. കിടങ്ങു നികത്താനും വേണ്ട ശ്രമംചെയ്തു. ടിപ്പു തന്നെത്താൻ പിക്കാസ് എടുത്തു കോട്ട വെട്ടിയിടിക്കാൻ തുടങ്ങിയതായിട്ടാണു പറയപ്പെട്ടിരിക്കുന്നത്.

അനന്തരം പ്രതികാരബുദ്ധിയുടെയും ധനാപഹരണേച്ഛയുടെയും മൂൎത്തികളായ നിഷ്കണ്ടകന്മാർ തിരുവിതാംകൂറിൽ കടന്നു ഗൃഹങ്ങളും ദേവാലയങ്ങളും കൊള്ളയിട്ടും തീവച്ചും ജനങ്ങളെ പല പ്രകാരത്തിൽ മൎദ്ദിക്കയാൽ ഒട്ടനേകംപേർ നാടും വീടും വിട്ടു മലമ്പ്രദേശങ്ങളിൽ

ഓടിഒളിച്ചു. സുൽത്താനും പരിവാരവും ആലുവായിൽ എത്തി ആ പുണ്യനദിയുടെ തീരത്തു പാളയം അടിച്ചു. പെരിയാററിലേ വെള്ളം ഇന്നു മധുരജില്ലക്കാക്ക് ആഹാരം നല്കുന്നു. നമുക്കു ചിലപ്പോൾ ഉപദ്രവവും വരുത്താറുണ്ട്. എന്നാൽ ടിപ്പുസുൽത്താന്റെ ആഗമനഘട്ടത്തിൽ ആനദിയുടെ അനുഗ്രഹം ഉണ്ടാകാതെയിരുന്നെങ്കിൽ വലിയ ആപത്തിന് ഇടയായേനേ. അക്കാലങ്ങളിൽ കൃഷിസംബന്ധമായ കാര്യങ്ങൾക്കായി പെരിയാററിൽ വലുതായി അണ ഇടാറുണ്ടായിരുന്നു. പെട്ടെന്ന് ഈ അണ വെട്ടിമുറിക്കയാൽ നദീതടത്തിൽ പാളയമടിച്ചിരുന്ന ടിപ്പുവിന്റെ സൈന്യത്തിനു ആൾനാശവും, സൈന്യസന്നാഹനാശവും നേരിട്ടു. ടിപ്പു തന്നെ പ്രയാസപ്പെട്ടു രക്ഷ നേടി. ആ രംഗത്തിൽ തിരുവിതാംകൂർഭടന്മാരുടെ വീര്യം അന്യാദൃശമായി പ്രത്യക്ഷപ്പെട്ടുവെന്നാണു പറയുന്നത്. മഴ കൊണ്ടായിരുന്നു അപ്പോൾ പെരിയാററിൽ വെള്ളം പെരുകിയതെന്നും ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. മൈസൂർ ഭടന്മാർ ആഹാരമില്ലാതെ കുഴങ്ങി. അഹങ്കാരം കുടികൊണ്ടിരുന്ന ടിപ്പുവിന്റെ ഹൃദയം പശ്ചാത്താപത്താൽ ശിഥിലമായി.

വസ്തുതകൾ ഇപ്രകാരമായിരുന്നെങ്കിലും മഹാരാജാവു കാര്യങ്ങൾ സൂക്ഷ്മമായി മനസ്സിലാകാതെ സങ്കടപ്പെട്ടു. വാർദ്ധക്യം അല്ലായിരുന്നെങ്കിൽ തിരുമനസ്സു കൊണ്ടുതന്നെ സുൽത്താന്റെ പടയോട് ഇടയുമായിരുന്നു. കേശവദാസൻ വേഗത്തിൽ തിരുവനന്തപുരത്ത് എത്തി മുഖം കാണിച്ചു. താൻ ചെയ്തിട്ടുള്ള ഏർപ്പാടുകളും

ബ്രിട്ടീഷ് ഗവമ്മെൻറിൽനിന്നും ടിപ്പുവിനോടു യുദ്ധസന്നാഹം കൂട്ടുന്ന വിവരങ്ങളും തിരുമനസ്സുണത്തിച്ചു. ഈ വത്തമാനം അവിടുത്തേക്കു വളരെ സമാധാനം നല്കി. രാജാവിൻെറയും മന്ത്രിയുടെയും മനസ്സ ശ്രീപത്മനാഭങ്കൽ ത്തന്നെ ഉറച്ചു. തിരുവിതാംകൂറിൻെറ ഭാഗ്യസ്ഥിതി അപകടത്തിൽ പെട്ടിരുന്ന ആ അവസരത്തിലും മഹാരാജാവിൻെറ ധമ്മബുദ്ധി അപരിച്ഛിന്നമായിത്തന്നെ വിളങ്ങി. നാടും വീടും ഉപേക്ഷിച്ചു ധമ്മരാജ്യത്തിൽ വന്ന് അഭയം പ്രാപിച്ചവക്കു വേണ്ട സഹായം ചെയ്യുന്ന കായ്യത്തെപ്പററി തിരുമനസ്സുകൊണ്ടു മന്ത്രിപുംഗവനോട് ആവത്തിച്ചു കല്പനചെയ്തു. അതാണു വഞ്ചിഭൂപാലന്മാരുടെ കാരുണ്യം. അങ്ങനെയാണ് അവർ നീതി പുലത്തുന്നതു്.

അനന്തരസംഭവങ്ങൾ തിരുവിതാംകൂറിന് അനുകൂലമായിരുന്നു. നാലുവശത്തുനിന്നും വാപിളന്നു ഗ്രസിക്കാൻ ചെന്ന ആപത്തുകളെ ഭയപ്പെട്ടു ടിപ്പു സുൽത്താൻ ഉടൻ തന്നെ സ്വദേശത്തേയ്ക്കു മടങ്ങി. ദക്ഷിണാഇൻഡ്യയിലേ ഭരണകർത്തൃത്വം ഒന്നുകിൽ കമ്പനിക്കാർക്ക്, അല്ലെങ്കിൽ സുൽത്താന്, എന്ന നില എത്തിയിരുന്നതിനാൽ ബ്രിട്ടീഷുകാർ വേണ്ട ഒരുക്കങ്ങൾ ചെയ്തു ശക്തിയെ പരമാവധി പഷ്ടിപ്പെടുത്തി. സുൽത്താനു മുൻകാലങ്ങളിൽ വിജയത്തിലുണ്ടായ കീത്തി തുടരെത്തുടരെ വന്നുകൊണ്ടിരുന്ന പരാജയത്തിൽ മാനഹാനിയായി പരിണമിച്ചു. ഇളകിയാട്ടങ്ങളും ഹുങ്കാരങ്ങളും ഒക്കെക്കളഞ്ഞു സുൽത്താൻ ബ്രിട്ടീഷുകാരോട് അഭയം അപേക്ഷിച്ചു.

ശ്രീരംഗപട്ടണത്തുവച്ചു നടന്ന ഉടമ്പടികൊണ്ടു മലബാർ ജില്ല കമ്പനിക്കാരുടെ വകയായിത്തീർന്നു. ആ ദിക്കിൽ സമാധാനം ഉറപ്പിക്കാനുള്ള അധികാരവും ചുമതലയും മഹാരാജാവുതന്നെ വഹിച്ചു; കേശവദാസനെക്കൊണ്ടു് ആ കൃത്യം ഭംഗിയായി നടത്തിച്ചു. യുദ്ധകാലത്തും അതിനുശേഷവും തിരുമനസ്സിലെ ദയാപുരസ്സരമായ സഹായം ലഭിക്കാത്ത രാജവംശങ്ങളും പ്രഭുകുടുംബങ്ങളും ഇല്ലെന്നു തന്നെ പറയാം. മഹാരാജാവു രാജാധിരാജനായി വിളങ്ങി. ചിറയ്ക്കൽ, കോട്ടയം, കുറുമ്പ്രനാട്, വെട്ടത്തുനാട്, ബെയിപ്പൂർ, താന്നിയൂർ, പാലക്കാട്, എന്നീ രാജ്യങ്ങളുടെ അധിപന്മാരും, സാമൂതിരിപ്പാടും, കൊച്ചി രാജാവും, തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നു. അവൎക്കു് രക്ഷാദാനം ചെയ്ത ധൎമ്മരാജാവിനെയും അവിടുത്തെ സചിവനായ കേശവദാസനെയും മലയാളികൾ ആദരവോടെ സ്മരിച്ചുപോരുന്നു.

തിരുമനസ്സിലേക്കു വാർദ്ധക്യം അതിക്രമിച്ചുതുടങ്ങി. എന്നിട്ടും ഈശ്വരഭക്തിയിലെന്നപോലെ രാജ്യസേവനത്തിലും അവിടുത്തേയ്ക്കു് ഉണ്ടായിരുന്ന ആസക്തി വർദ്ധിച്ചതേയുള്ളു. ഖജനാവിൽ പണം വളരെ കുറവായിരുന്നു. എങ്കിലും ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു രാജഭണ്ഡാരത്തെ പുലത്തുന്നതു ന്യായമല്ലെന്നു അവിടുന്നു് അറിഞ്ഞു. പ്രജകൾക്കു് അഭിവൃദ്ധിയുണ്ടായാൽ സൎക്കാരിൽ വേണ്ട പണം വന്നുകൊള്ളുമെന്നു തിരുമനസ്സിൽനിന്നു മനസ്സിലാക്കി. കച്ചവടവും കൈത്തൊഴിലും വർദ്ധിപ്പിക്കുവാനായിട്ടു് അവിടുന്നു നിരന്തരം പ്രയത്നിച്ചു. അങ്ങനെയാണ് ആല

പ്പുഴയും, വിഴിഞ്ഞവും, കോട്ടാറും, കുളച്ചലും, വാണിജ്യത്തിൻെറ കേന്ദ്രങ്ങളായിത്തീന്നു്. തോട്ടുകളും രാജപാതകളും വെട്ടിക്കുന്നതിൽ പ്രത്യേകം നിഷ്കർഷിച്ചു. രാജ്യത്തിലേ ഉല്പന്നങ്ങളും വനംവകയിൽനിന്നും ശേഖരിക്കുന്ന സാമാനങ്ങളും കപ്പലിൽ കയററി അന്യരാജ്യങ്ങളിൽ അയച്ചു കച്ചവടം നടത്തി. സക്കാർവകയായി കപ്പലുകൾ പണിയിച്ചു. പത്മനാഭപുരത്തു കമ്മട്ടം സ്ഥാപിച്ചു സ്വർണ്ണനാണയങ്ങളും വെള്ളിത്തുട്ടുകളും അടിപ്പിച്ചു.

മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമാണല്ലോ. രാമവമ്മ മഹാരാജാവിനു രണ്ടിലും സമചിത്തത ഉണ്ടായിരുന്നു. രാജാധികാരത്തിൻെറ ഉദ്ദേശം ജനങ്ങളുടെ നന്മയാണെന്നു് അവിടുന്നു നല്ലവണ്ണം ധരിച്ചിരുന്നു. സന്മാഗ്ഗതത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ അവിടുത്തെ ദൃഷ്ടാന്തം ഉപകാരപ്രദമായി. പ്രജകളുടെ ഇടയിൽ മതവിശ്വാസം ദൃഢതരമാക്കുവാൻ തിരുമനസ്സുകൊണ്ടു വേണ്ട യത്നം ചെയ്തു. സാഹിത്യത്തിൻെറ അഭിവൃദ്ധിക്കായും അവിടുന്നു വളരെ പരിശ്രമിച്ചു. തിരുമനസ്സിലേ കഥകളിപ്പാട്ടുകൾ സുപ്രസിദ്ധങ്ങളാണു്. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവായ്യർ, മുതലായ കവികളകണ്ടുങ്ങൾ രാജസദസ്സിനെ അലങ്കരിച്ചിരുന്നു.

കാത്തികതിരുനാൾ തിരുമനസ്സുകൊണ്ടു നാല്പതു സംവത്സരകാലം രാജ്യഭാരംചെയ്തു. ആക്കാട്ടുനവാബിനു് അവിടുത്തെക്കുറിച്ചു വലിയ ബഹുമാനമായിരുന്നു. തിരുമനസ്സിലേയ്ക്കു നവാബു നല്കിയ സ്ഥാനം തിരുവിതാംകൂർ മഹാരാജാക്കന്മാക്കു പാരമ്പയ്യമായിത്തീന്നിരിക്കുന്നു. നവാ-

ബിൻെറ വംശക്കാക്ക രാജ്യം ഇല്ലാതായിട്ടു വളരെ നാളായി. എന്നാൽ 'മന്നേസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷേർജംഗ്' എന്ന ബഹുമതി നമ്മുടെ മഹാരാജാക്കന്മാക്ക് അലങ്കാരമായി പരിലസിക്കുന്നു. ഇൻഡ്യാമഹാരാജ്യത്തിൽ ആഭ്യന്തരകലഹങ്ങൾമൂലം പല സംസ്ഥാനങ്ങളും നാമാവശേഷമായിത്തീൻ്നു. എന്നാൽ രാജ്യവാസികളുടെ രാജഭക്തികൊണ്ടും, രാജാക്കന്മാരുടെ യോഗ്യതകൾ കൊണ്ടും, സർവോപരി, ബ്രിട്ടീഷ്ഗവമ്മെൻറുമായുള്ള സഖ്യംകൊണ്ടും, വഞ്ചിരാജവംശം സ്ഥിരപ്രതിഷ്ഠമായിത്തന്നെ വൎത്തിക്കുന്നു. ബ്രിട്ടീഷുകാരുമായുള്ള സഖ്യത്തെ ഉറപ്പിച്ചതു ദിവാൻ രാജാകേശവദാസ് ആയിരുന്നു. വിശ്വസ്തനായ മന്ത്രിയുടെ ഉപദേശമനുസരിച്ചും, സ്വന്തമായ ആലോചനകൊണ്ടും, അപ്രകാരം വ്യവസ്ഥ ചെയ്ത ധമ്മരാജാവുതന്നെയാണ് ശാശ്വതങ്ങളായ നൃപധമ്മങ്ങൾക്കു ദിവ്യദൃഷ്ടാന്തമായി നമ്മുടെ ചരിത്രത്തിൽ അനുപമഭാസ്സോടുകൂടി പരിശോഭിക്കുന്നതു്. ധമ്മരാജാവിൻെറ നാമധേയം കേട്ടാൽ ഭക്തിപുരസ്സരം അശ്രുക്കൾ പൊഴിക്കാത്തവർ തിരുവിതാംകൂറിൽ ആരുംതന്നെ ഇല്ല. കേശവദാസൻെറ സ്മരണയെ ബഹുമാനിക്കാത്തവരും ഇല്ല. 'വലിയ ദിവാൻജി' എന്നാണ് അദ്ദേഹത്തെ ഇന്നും വിളിച്ചുവരുന്നതു്.

---

൧൭. കലാപം

കാൎത്തികതിരുനാൾ മഹാരാജാവിൻെറ സ്വൎഗ്ഗാരോഹണത്തിനുശേഷം ബാല രാമവൎമ്മ മഹാരാജാവു സിംഹാസനാരോഹണം ചെയ്തു. അദ്ദേഹത്തിൻെറ ഭരണകാലം നമ്മുടെ രാജ്യത്തിനു ദുൎദ്ദശയായിരുന്നു. രാജസേവന്മാരുടെ കൈതവപ്രവൃത്തികൾകൊണ്ടു സാധുവായ മഹാരാജാവു പല ക്രമക്കേടുകൾക്കു ഭാഗഭാക്കായിത്തീൎന്നു. മഹാരാജാവിൻെറ സേവകനായ ജയന്തൻനമ്പൂരി കൃത്രിമമായി കരപ്പുറം കൊച്ചിരാജ്യത്തിലേക്കു വിട്ടു കൊടുക്കുന്ന ഒരു പ്രമാണം ഉണ്ടാക്കി ചില തോട്ടപ്പായിനമ്പൂരിവശം കൊടുത്തയച്ചു. രാജാ കേശവദാസ് ആ വിവരം ശ്രദ്ധമായി അറിഞ്ഞു് പ്രമാണം പിടിച്ചുപറിച്ചു. നമ്പൂരിയുടെ പ്രേരണകൊണ്ടു മഹാരാജാവിനു മന്ത്രിയുടെ നേൎക്കു വിരോധം ഉളവായി. കേശവദാസനു വിലക്കുനീട്ടു കൊടുത്തു. അചിരേണ ആ മഹാൻ സ്വന്തം വീട്ടിലുള്ള തടവിൽ കിടന്നു സംശയകരമായവിധം മരണം പ്രാപിക്കുകയും ചെയ്തു. ശത്രുക്കൾ കൊന്നതാണെന്നു വിശ്വസിച്ചുപോരുന്നു.

തിരുവിതാംകൂറിൽ ആകപ്പാടെ വലിയ കുഴപ്പമായി. ദുൎമ്മന്ത്രികൾ ദുൎമ്മാൎഗ്ഗങ്ങളിൽ വിഹരിച്ചു. സഹിക്കാൻ വയ്യാത്ത കഷ്ടതകൾ കണ്ടു നാട്ടുകാർ ഉണൎന്നു. രാജ്യാഭിമാനം രാജഭക്തിയെപ്പോലും ജയിച്ചു. വെങ്കലപ്പറയടിച്ചു വേലുത്തമ്പിയും കൂട്ടുകാരും ധൎമ്മത്തിൻെറ പുനഃസ്ഥാപനത്തിനായി തിരുവനന്തപുരത്തു വന്നു.

രാജ്യദ്രോഹികളിൽ ചിലർ ഓടി രക്ഷപ്പെട്ടു. ചിലരെ മുക്കാലിയിൽ കെട്ടിയടിച്ചു ചെവിയറത്തുവിട്ടു. അരാജകത്വത്തിന്റെ അന്ധകാരം വേലുത്തമ്പിയുടെ രാജ്യാഭിമാനത്താൽ ദൂരീകരിക്കപ്പെട്ടു. തമ്പി അധികം താമസിയാതെ ദളവായായിത്തീൎന്നു. ഗവൎണ്ണർ ജനറൽ സമ്മാനമായി നല്കിയ സ്വൎണ്ണകഞ്ചുകം വേലുത്തമ്പിയുടെ നേൎക്കു ബ്രിട്ടീഷുകാൎക്കുണ്ടായ പ്രീതിയെ വിശദീകരിച്ചു. എന്നാൽ ദളവായുടെ തന്റേടവും രാജ്യാഭിമാനവും, ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽ ചിലരുടെ ദുരാഗ്രഹവും, തമ്മിലുണ്ടായ ഇടച്ചിൽ അധികമായ ഇഷ്ടത്തെ അത്യധികമായ വിരോധമാക്കിത്തീൎത്തു. കപ്പം കൊടുപ്പാൻ പണമില്ലെന്നു തമ്പി പരാതിപറഞ്ഞു. യുദ്ധത്തിനു ചെലവായ തുകയുടെ കണക്കിൻപടി കപ്പം കൂട്ടികൊടുത്തേ തീരൂ എന്നു റെസിഡന്റ മെക്കാളി ശാഠ്യംപിടിച്ചു. വേലുത്തമ്പിയുടെ ഊൎജ്ജസ്വലത ആത്മരക്ഷയെ വിഗണിച്ചു. യുദ്ധമെങ്കിൽ യുദ്ധം തന്നെ ആയിക്കളയാമെന്ന് ആ ധീരൻ തീൎച്ചപ്പെടുത്തി. കൊച്ചിരാജാവിന്റെ മന്ത്രിയായ പാലിയത്തച്ചൻ തമ്പിയോടു ചേൎന്നു. രണ്ടു രാജ്യങ്ങളിലേയും രാജാക്കന്മാർ മൗനാനുവാദം നല്കി. യുദ്ധം മുറുകി. കുണ്ടറവെച്ച് വേലുത്തമ്പി പ്രസിദ്ധം ചെയ്ത വിളംബരത്തിന്റെ വാചകങ്ങൾ ജനാവലിയുടെ മജ്ജകളിൽവരെ പാഞ്ഞുകയറി അവരെ യുദ്ധക്കളത്തിലേക്കു പായിച്ചു. രണ്ടു കക്ഷിയിലും വളരെ ആൾനഷ്ടം വന്നു. എന്നാൽ ബ്രിട്ടീഷ്സൈന്യത്തിനാണു വിജയം ഉണ്ടായതു്. പരാജിതനായ ദളവാ കുന്നത്തൂർ താലൂക്കിൽ മണ്ണടിക്ഷേത്ര

ത്തിൽ അഭയം പ്രാപിച്ച വിവരമറിഞ്ഞു സൈന്യങ്ങൾ അവിടെ ചെന്ന് അദ്ദേഹത്തെ ബന്ധനത്തിലാക്കാൻ യത്നിച്ചു. എന്നാൽ അഭിമാനത്താൽ പ്രചോദിതനായ ദളവാ തന്നെത്താൻ കഠാര മാറിൽ കുത്തിയിറക്കി. അതിനിടയ്ക്കു പട്ടാളക്കാർ അടുക്കുന്നതു കണ്ടു കൂടെയുണ്ടായിരുന്ന അനുജനോടു കഴുത്തു വെട്ടാൻ ആജ്ഞാപിച്ചു. അനുജൻ മടിച്ചു. ദളവയുടെയും സേനാധിപന്റെയും ജ്യേഷ്ഠന്റെയും അധികാരമുപയോഗിച്ചു വെട്ടാൻ അദ്ദേഹം വീണ്ടും ആജ്ഞാപിച്ചു. അനുജൻ ആജ്ഞ അനുസരിച്ചു. വേലുത്തമ്പി വീരസ്വർഗ്ഗം പ്രാപിച്ചു. തിരുവിതാംകൂറിലെ പണം ഭാരംഭാരമായി ബ്രിട്ടീഷു ഖജനാവിൽ കൊടുക്കേണ്ടതായിവന്നു. പിന്നീടു ദിവാൻജിയായിത്തീർന്ന ഉമ്മിണിത്തമ്പിയുടെ ഉദ്യോഗം നാട്ടിനു ഗുണകരമായില്ല. ഭണ്ഡാരം പിന്നെയും ശോഷിച്ചു. അഴിമതികൾ വർദ്ധിച്ചുവന്നു. നികുതികളുടെ ഭാരം സഹിക്കവയ്യാതെ ജനങ്ങൾ കഷ്ടപ്പെട്ടു. പന്ത്രണ്ടു സംവത്സരത്തെ രാജ്യഭരണമേ ബാല രാമവർമ്മമഹാരാജാവിനു സാധിച്ചുള്ളു. അവിടുത്തെ നിര്യാണം രാജ്യക്ഷേമത്തിനുള്ള വ്യവസ്ഥകൾ ചെയ്യാൻ ബ്രിട്ടീഷുഗവമ്മെന്റിന് സൗകര്യം നല്കി.

---

൧൩. രണ്ടുറാണിമാർ

വലുതായ ഒരു വിപ്ലവം കഴിഞ്ഞശേഷം കൊള്ളരുതാത്ത ഭരണക്രമത്താലും, കൈക്കൂലി മുതലായ അഴിമതികളാലും, തക്കതായ അമരക്കാരനില്ലാതെ അലയുന്ന യാന

പാത്രംപോലെ നാശോന്മുഖമായിരുന്ന രാജ്യത്തെ രക്ഷിക്കുന്നതു് എളുപ്പമായിരുന്നില്ല. ആ സ്ഥിതിക്കു് ഭാരമേറിയ ചുമതലകളുടെ സങ്കേതമായ കിരീടം ഒരു സ്ത്രീയുടെ ശിരസ്സിൽ അർപ്പിതമായാൽ വൈഷമ്യം എത്ര കൂടുമെന്നു പ്രത്യേകിച്ചു വിസ്തരിക്കേണ്ടതില്ലല്ലോ. എങ്കിലും വഞ്ചി രാജവംശത്തിൻെറ പുണ്യംകൊണ്ടും ശ്രീപത്മനാഭപ്രസാദംകൊണ്ടും രാജൈശ്വര്യം വർദ്ധിച്ചതേയുള്ളൂ.

കൊ. വ. ൯൮൫-ൽ ബാലരാമവർമ്മയുടെ മരണശേഷം ൧൦൦൪-ാമാണ്ടുവരെ രാജ്യം ഭരിച്ചതു് രണ്ടു റാണിമാരായിരുന്നു. ജ്യേഷ്ഠത്തിയായ ലക്ഷ്മീഭായിക്കു തിരുമുപ്പുവയ്ക്കുന്നതിനുമുമ്പു മാവേലിക്കരനിന്നും കൊട്ടാരത്തിൽ വന്നു താമസിച്ചിരുന്ന ഒരു തമ്പുരാൻ സിംഹാസനത്തിന്നു് അവകാശവാദം പുറപ്പെടുവിച്ചു. ബാലരാമവർമ്മ മഹാരാജാവിൻെറ കാലത്തു് ഈ തമ്പുരാനു കൊട്ടാരത്തിൽ മാത്രമല്ല രാജ്യത്തിൽ എവിടെയും സ്വാധീനം ഉണ്ടായിരുന്നു. രാജപ്രീതിഹേതുവായി ജനങ്ങൾ ആ തമ്പുരാനെ ഇളയതമ്പുരാനെന്നു വിളിച്ചുപോന്നു. അദ്ദേഹം സമർത്ഥനും ദുരാഗ്രഹിയും ആയിരുന്നു. കിരീടാവകാശി താനാണെന്നായിരുന്നു അദ്ദേഹത്തിൻെറ തർക്കം. അവകാശം സംബന്ധിച്ചു റെസിഡൻറു നടത്തിയ അന്വേഷണത്തിൽ തമ്പുരാൻെറ വാദങ്ങൾ അടിസ്ഥാനരഹിതമാണെന്നു ബോധപ്പെട്ടു. അദ്ദേഹം ഇവിടെ താമസിക്കുന്നതു കൃത്രിമത്തിനും വഴക്കിനും ഇടയാക്കുമെന്നു കരുതി ബ്രിട്ടീഷ്ഗവർമ്മെൻറു തമ്പുരാനെ തിരുവിതാംകൂറിനു വെളിയിൽ അയച്ചു.

ബ്രിട്ടീഷുകാരുടെ ഉപദേശവും നിയന്ത്രണവും രാജ്യത്തിനു വലിയ അനുഗ്രഹങ്ങളായിത്തീൎന്നു. റെസിഡെൻറായി വന്ന കൎണ്ണൽ മൺറോ തന്നെ ദിവാൻജി യുദ്യോഗവും കുറേക്കാലം ഭരിച്ചു. ഇപ്രകാരമുള്ള ഒരു വ്യവസ്ഥ ഇക്കാലത്തു് അനുചിതമാണെന്നു തോന്നിയ്ക്കാം. റെസിഡെൻറു് ബ്രിട്ടീഷു ചക്രവൎത്തിയുടെ പ്രതിനിധിയാണ്. ദിവാൻജി തിരുവിതാംകൂർ മഹാരാജാവിൻെറ സചിവനാണ്. ഭരണാധികാരിയെ ഗുണദോഷിക്കുവാനും, ക്രമക്കേടുകൾ കണ്ടാൽ അതിനു നിവൃത്തി വരുത്തുവാനും, റെസിഡെൻറിനു ചുമതലയുണ്ടു്. രാജാവിൻെറ ആജ്ഞപ്രകാരം പ്രവൎത്തിക്കുവാൻ ദിവാൻജി ബാദ്ധ്യസ്ഥനാണ്. ഇങ്ങനെ യോജിപ്പിക്കുവാൻ പാടില്ലാത്ത ചുമതലകൾ ഒന്നുചേൎത്തു കാൎയ്യം നടത്തുന്നതു ഹിതമല്ലായിരിക്കാം. എന്നാൽ, കൎണ്ണൽ മൺറോ സത്യവാനും നീതിജ്ഞനും ആയിരുന്നതുകൊണ്ടു കുഴപ്പങ്ങൾ ഒന്നും വരാതെ രാജ്ഞിയെ സംഗതികൾ മനസ്സിലാക്കി യഥാകാലം അനുമതി വാങ്ങി ഭരണകാൎയ്യങ്ങൾ ഭംഗിയായി നിൎവ്വഹിച്ചു.

കരം കുടിശ്ശിക വരാതെ മൺറോ സൂക്ഷിച്ചു. കുടിശ്ശികക്കാർ തൎക്കം പറഞ്ഞാൽ അവരുടെ വീട്ടുവാതൽ കണ്ടുകെട്ടി ആയവസ്ഥയ്ക്കു് എഴുതി ബോധിപ്പിച്ചു് ആവശ്യം ഉണ്ടായിരുന്നാൽ വിലങ്ങിൽ പാൎപ്പിച്ചും പണം ഒടുക്കിച്ചുകൊള്ളണം എന്നു ചട്ടം ഉണ്ടാക്കി. സൎവ്വാധികാൎയ്യക്കാരന്മാർ സൎക്കീട്ടു പോകുമ്പോൾ മേലെഴുത്തുപിള്ളയെയും കൂടിക്കൊണ്ടുചെന്നു് ഇരുവരുംകൂടെ ഇരുന്നു കാൎയ്യ

ങ്ങൾ നിർവഹിക്കണമെന്നായിരുന്നു വ്യവസ്ഥ. മൺറോ സായ്പിൻെറ ജാഗ്രതയും അദ്ദേഹത്തിൻെറ ഭരണത്തിൽ റാണിയുടെ ആനുകൂല്യവുംകൊണ്ടു പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ സൗകര്യമായി. നീതിന്യായക്കോടതികൾ സ്ഥാപിച്ചു. കയ്ക്കൂലിയും മററ് അഴിമതികളും കഴിവുള്ളിടത്തോളം നിറുത്തി. ഉദ്യോഗസ്ഥന്മാൎക്ക് അടുത്തുൺ ഏൎപ്പെടുത്തി. കുററംചെയ്യു സൎക്കാർ ജീവനക്കാരെ ശിക്ഷിക്കുന്ന വിഷയത്തിൽ നൂതനമായ ഒരു പദ്ധതി നടപ്പിലാക്കി. അടിശിക്ഷ കൂടെക്കൂടെ വിധിച്ചു. ഉദ്യോഗത്തിൽനിന്നും മാററിക്കളയുന്നതിനെക്കാൾ ഈ പ്രയോഗം നന്നാണെന്നു സ്വല്പകാലത്തിനിടയിൽ തെളിഞ്ഞു. സാമൎത്ഥ്യമുള്ള നാട്ടുകാരെ ജാതിമതഭേദം കൂടാതെ അധികാരസ്ഥാനങ്ങളിൽ നിയമിച്ചു. പട്ടാളത്തെ പരിഷ്കരിച്ചു. അടിമക്കച്ചവടം നിറുത്തുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തി. പ്രധാനപ്പെട്ട ചില ഹിന്ദുദേവാലയങ്ങളുടെ ഭരണം സൎക്കാരിൽനിന്നും ഏററു നടത്തി. ജനോപദ്രവം ചെയ്യുന്ന കാട്ടുമൃഗങ്ങളെ വധിക്കുന്നവൎക്ക് ഉചിതമായ സമ്മാനം നല്കി. കൃഷിയും കച്ചവടവും പുഷ്ടിപ്പെടുത്തുന്നതിൽ റാണിയുടെ ശ്രദ്ധ പതിഞ്ഞു.

രാജ്ഞിക്കു കൂട്ടിരുന്ന രാജരാജവൎമ്മ കോയിത്തമ്പുരാൻ വിദ്വാനും രാജ്യാഭിമാനിയും ആയിരുന്നു. തിരുമനസ്സിലേയ്ക്കു രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പുത്രന്മാരായ സ്വാതിതിരുനാളും ഉത്രം തിരുനാളും യഥാകാലം രാജ്യഭാരം കൈയേററു. എന്നാൽ അവരുടെ

ഉൽകർഷം കാണ്മാനുള്ള ഭാഗ്യം രാജ്ഞിക്ക് ഉണ്ടായില്ല. ലക്ഷ്മീറാണി യൗവനത്തിൽത്തന്നെ കാലഗതി പ്രാപിച്ചു.

അനന്തരം റാണി ഗൗരിപാൎവ്വതീഭായി റീജൻറായി ഭരണം നടത്തി. അന്ന്യാദൃശമായ ഭരണസാമൎത്ഥ്യം ആ മഹതിയിൽ ശോഭിച്ചു. ഗതാഗതത്തിനുള്ള മാൎഗ്ഗങ്ങൾ തെളിക്കുന്നതിലും, കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിലും, ക്ഷേത്രഭരണം ശരിപ്പെടുത്തുന്നതിലും, ക്രിസ്തൃ്യാനികൾ മുതലായ ഇതരമതക്കാൎക്കു ന്യായമായ പ്രോത്സാഹനം നല്കുന്നതിലും, സകല പ്രജകളെയും പുത്രനിൎവിശേഷം സ്നേഹിച്ച് അവരുടെ അഭ്യുദയത്തിനായി യത്നിക്കുന്നതിലും, രാജ്ഞി വളരെ താൽപൎയ്യം പ്രദൎശിപ്പിച്ചു. റെസിഡെൻറിൻെറ ഉപദേശം അനുസരിച്ചായിരുന്നു ദിവാൻജിമാരെ നിയമിച്ചതു്. ദിവാൻജിമാർ പ്രായേണ വിദേശികളായിരുന്നുതാനും.

അക്കാലത്തു റെസിഡെൻറന്മാർ പറയുന്നതു കേൾക്കയല്ലാതെ വേറെ മാൎഗ്ഗം ഉണ്ടായിരുന്നില്ല. ജനക്ഷേമത്തിനുള്ള വ്യവസ്ഥകൾ ചെയ്യുന്നതിൽ റെസിഡെൻറന്മാർ ഗാഢമായി ശ്രദ്ധിച്ചിരുന്നുവെന്നുള്ളതു് നിൎവിവാദമാണ്. പാൎവ്വതീറാണിയുടെ കാലത്താണു രാജ്യത്തിൻെറ നാനാഭാഗങ്ങളിലും പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്താൻ ആരംഭിച്ചതെന്നും പ്രസ്താവ്യമാണ്.

195
18
14

൧൦. സ്വാതിതിരുനാൾ രാമവമ്മ മഹാരാജാവു്

൧൦൦൪-ാമാണ്ടു സ്വാതിതിരുനാൾ മഹാരാജാവിന്നു പ്രായപൂത്തി വരികയാൽ പട്ടംകെട്ടി രാജ്യഭാരം തുടങ്ങി. ആ വർഷത്തിൽത്തന്നെ അവിടുന്നു തുലാഭാരവും പത്മഗർഭദാനവും കഴിപ്പിച്ചു കുലശേഖരപ്പെരുമാളെന്ന പേരു ധരിച്ചു. സ്വാതിതിരുനാൾ മഹാരാജാവിൻെറ ജനനംതന്നെ മഹാരാജാവെന്ന നിലയിൽ ആയിരുന്നതുകൊണ്ടു് അദ്ദേഹത്തെ ഗർഭശ്രീമാനെന്നു പറയാറുണ്ടു്. അവിടുന്നു രാജ്യകാൎയ്യങ്ങളിൽ പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. തിരുവനന്തപുരത്തു് ആദ്യം ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിച്ചതും, നക്ഷത്രബംഗ്ലാവും ഇംഗ്ലീഷ് മരുന്നുകൊണ്ടു ചികിത്സ ചെയ്യുന്നതിനു ധമ്മആസ്പത്രിയും ഏപ്പെടുത്തിയതും, ചട്ടവരിയോലകൾക്കു പകരം റെഗുലേഷൻ നടപ്പാക്കി കോർട്ടു കച്ചേരികൾ സ്ഥാപിച്ചതും, അവിടുത്തെ കാലത്തു് ആയിരുന്നു. പൊതുമരാമത്തു പണികൾ നടത്തുവാൻ ഒരു വകുപ്പു പുതുതായി ഏപ്പെടുത്തിയതും അവിടുന്നായിരുന്നു. കൃഷിക്കു് ഉപയുക്തങ്ങളായ കുളങ്ങളും, ഗതാഗതത്തിനു മാർഗ്ഗങ്ങളും, വർദ്ധിപ്പിച്ചു. പട്ടാളക്കാർക്കു ഭംഗിയുള്ള ഉടുപ്പുകൾ കൊടുത്തു.

സർക്കാർവക ആനകളുടെയും കുതിരകളുടെയും എണ്ണം വർദ്ധിപ്പിച്ചു. വിശേഷാവസരങ്ങളിൽ എഴുന്നള്ളുവാൻ യോഗ്യമായ അലങ്കാരത്തോടുകൂടിയ ഒരു

രഥം ഉണ്ടാക്കിച്ചു. കായികാഭ്യാസങ്ങളിൽ സാമത്ഥ്യം കാണിക്കുന്നവക്കു സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിച്ചു. ചൈനാക്കാർ, ജപ്പാൻകാർ, നീഗ്രോജാതിക്കാർ, അറബികൾ, എന്നിങ്ങനെ പലമാതിരി ആളുകളെ വരുത്തി തിരുവനന്തപുരത്തു താമസിപ്പിച്ചു. വിശേഷമായ മൃഗങ്ങളെയും പക്ഷികളെയും പിടിപ്പിച്ചു വരുത്തി കൂട്ടിലിട്ടു വളത്തി. ഇങ്ങനെയുള്ള വിനോദങ്ങളും ആഡംബരങ്ങളും പ്രജാപാലനത്തിലുള്ള താൽപര്യത്തിനും ശ്രദ്ധയ്ക്കും യാതൊരു കുറവും വരുത്തിയില്ല. ആ ചുമതല സ്ഥിരമായ ജാഗ്രതയോടുംകൂടി സദാ നിർവഹിക്കാൻ അവിടുന്നു മനസ്സുവച്ചു.

'വെണ്മകലന്ന മഹാക്ഷേത്രം ബഹു
വെണ്മാടമതാക്കിപ്പണിയിച്ചു.
ഉണ്മാൻ വകയില്ലാത്ത ജനത്തിനു
ധമ്മക്കഞ്ഞി കൊടുത്തുതുടങ്ങി.
നാട്ടിൽ പലപല ദിക്കിൽ പെരുവഴി-
യൂട്ടുതുടങ്ങി മുടങ്ങീടാതെ'

എന്ന രീതിയിൽ രാജ്യമെങ്ങും ഐശ്വര്യം വിളയാടി. പ്രജകൾക്കു ക്ഷേമവും, രാജ്യത്തിനു സുഭിക്ഷതയും, ഉണ്ടായി. ഈ പരിഷ്കാരങ്ങളിൽ ചിലതിന്റെ പ്രാരംഭം ഗൗരിപാർവതീഭായി തിരുമനസ്സിലെ കാലത്തായിരുന്നുവെങ്കിലും അവയെ വേണ്ടപ്രകാരത്തിൽ ശരിപ്പെടുത്തിയതു സ്വാതിതിരുനാളായിരുന്നു. ദിവാൻജിക്കു പുറമെ റെസിഡെൻറും അവിടുത്തേയ്ക്കു ഈ വിഷയത്തിൽ സാരമായ സഹായം നല്കി.

മഹാരാജാവു വലിയ ഒരു പണ്ഡിതനായിരുന്നു. ശക്തിമത്തായ അവിട്ടത്തെ ബുദ്ധിയും പ്രസ്തുതമായ ശിക്ഷണവുംകൂടി യോജിക്കുകയാൽ തിരുമനസ്സുകൊണ്ടു ചെറുപ്പത്തിലേ സർവശാസ്ത്രപാരംഗതനായിത്തീർന്നു. അവിട്ടുന്ന് മഹാനായ ഒരു കവിയും ആയിരുന്നു. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, എന്നീ ഭാഷകൾക്കുപുറമേ അവിട്ടത്തേയ്ക്കു പേർഷ്യൻ, ഹിന്ദുസ്ഥാനി, തെലുങ്ക്, കർണ്ണാടകം, എന്നിവയിലും സാമാന്യത്തിലധികം വ്യുത്പത്തി ഉണ്ടായിരുന്നു. കല്പിച്ചുണ്ടാക്കിയ ഗാനങ്ങൾ ഇന്നും ദക്ഷിണഇൻഡ്യയിൽ എല്ലായിടത്തും പ്രചാരത്തിൽ ഇരിക്കുന്നു. സംഗീതവിദ്വാന്മാരായ പലരും അവിട്ടത്തെ ആശ്രയിച്ചു താമസിച്ചു സരസ്വതിയെ ഭജിച്ചു. വിദ്വാൻ കോയിത്തമ്പുരാനും ഇരയിമ്മൻ തമ്പിയും അവിട്ടത്തെ കാവ്യോദ്യാനത്തിലെ കളകണ്ഠങ്ങളായിരുന്നു.

ഇപ്രകാരം സരസ്വതിയുടെയും മഹാലക്ഷ്മിയുടെയും പ്രസാദത്തിനു പാത്രമായിരുന്ന അവിട്ടത്തെ ജീവിതത്തിന്റെ അവസാനഘട്ടം അനിഷ്ടസംഭവങ്ങളാൽ ക്ലേശഭൂയിഷ്ഠമായിത്തീർന്നു. വിദേശീയരായ ചില ഉദ്യോഗസ്ഥന്മാരുടെ സ്വാത്ഥതൽപരത രാജ്യത്തിന്റെ അഭിവൃദ്ധിക്കു ബാധകമായി. റെസിഡെന്റിന്റെ ആനുകൂല്യംകൊണ്ടു പേഷ്കാരായിത്തീർന്ന കൃഷ്ണരായർ എന്ന ഒരു മഹാരാഷ്ട്ര ബ്രാഹ്മണൻ ഉദ്യോഗക്കയററത്തിനുവേണ്ടി പല കൃത്രിമങ്ങളും ഉണ്ടാക്കി. മഹാരാജാവു കൃഷ്ണരായരെ ഉദ്യോഗത്തിൽനിന്നും മാററി. റെസിഡെന്റു കല്ലൻ തത്ഫല

മായി മഹാരാജാവിനെ തെററിദ്ധരിച്ചു. ചെവി നല്ല പോലെ കേൾക്കാത്ത സായ്പിനെ പറഞ്ഞുകേൾപ്പിക്കാനുള്ള പ്രയാസംകൊണ്ടും, നാൾതോറും വർദ്ധിച്ചുവന്ന വൈരക്കേടുകൊണ്ടും, തിരുമനസ്സുകൊണ്ടു റെസിഡെൻറിനെ കാണുക ചുരുക്കമായി. മദ്രാസ് ഗവമ്മെൻറിൽനിന്നും മഹാരാജാവിന് അല്പം ചില സഹായങ്ങൾ ലഭിക്കാതിരുന്നില്ല. എങ്കിലും റെസിഡെൻറിൻെറ അഭിപ്രായങ്ങളെത്തന്നെ ആ ഗവമ്മെൻറ് അംഗീകരിച്ചു. ഗംഭീരനായ മഹാരാജാവിനു വളരെ സങ്കടം നേരിട്ടു. ആ സങ്കടം നൈരാശ്യമായി വളൎന്നു. തിരുമനസ്സുകൊണ്ടു ലോകത്തോടുതന്നെ വിരക്തി കാണിച്ചുതുടങ്ങി. അടുത്ത ബന്ധുക്കൾക്കുപോലും മുഖം കാണിക്കാൻ സൗകൎയ്യം കിട്ടാതെയായി. രാജ്യകാൎയ്യങ്ങളിൽ ശ്രദ്ധയില്ലാതെ അവിടുന്നു വ്രതവും അനുഷ്ഠാനവും ഈശ്വരപൂജയും കൊണ്ടു ദിവസം കഴിച്ചു.

തിരുമനസ്സിലേക്കു ദേഹശക്തി നിശ്ശേഷം കുറഞ്ഞു. 'ശോകമെന്നതു വരുന്നേരത്തു കൂട്ടത്തോടെ' എന്നാണല്ലൊ നിയമം. ൧൦൨൧-ാമാണ്ടു വലിയ ഒരു കൊടുങ്കാററും ഭയങ്കരമായ വെള്ളപ്പൊക്കവും ഉണ്ടായി. ജനങ്ങൾ വളരെ കഷ്ടപ്പെട്ടു. കൃഷികൾ നശിച്ചു. ഗൃഹങ്ങൾ ഒഴുകിപ്പോയി. തിരുമനസ്സിലെ പിതാവും ആയിടയ്ക്കു മരിച്ചു. രാജാവിൻെറ അന്തസ്സിനെ ജയിക്കുന്നതാണല്ലോ പുത്രൻെറ വ്യസനം. സിംഹാസനാരോഹണം ചെയ്യുവെന്നുള്ള കാരണത്താൽ അച്ഛനമ്മമാരെ സ്നേഹിക്കാതിരിക്കുവാൻ ഗുണവാന്മാൎക്കു സാധിക്കയില്ല. ഐശ്വ

 യ്യവും ആഡംബരവും സംഗീതവും സാഹിത്യവും ഒന്നു പോലെ അവിടുത്തേയ്ക്കു നിസ്സാരമായിത്തോന്നി. വഴക്കും മത്സരവും നിറുത്തി റെസിഡെൻറുമായി സന്തോഷത്തിൽ കഴിയണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. കൃഷ്ണരായരെ രണ്ടാമതും പേഷ്കാരുദ്യോഗത്തിൽ നിയമിക്കാൻ തീർച്ചയാക്കി. കല്പന അറിഞ്ഞു കൃഷ്ണരായർ പേടിച്ചു വിറച്ചു രാജസന്നിധിയിൽ ചെന്നു. എന്നാൽ ഉദ്യോഗത്തിനു നീട്ടു കൊടുക്കാനാണെന്നു മനസ്സിലായപ്പോൾ കൃഷ്ണരായരുടെ മനസ്സ് ആർദ്രമായി. 'മഹാരാജാവേ! സ്വാമിൻ! ഞാൻ എന്നും അവിടുത്തെ ആശ്രിതനാണ്' എന്ന് ആ ബ്രാഹ്മണൻ കണ്ണുനീർ ഒലിപ്പിച്ചുകൊണ്ട് നന്ദിവചനം ഉച്ചരിച്ചു.

തിരുമനസ്സിലെ ആലസ്യം വർദ്ധിച്ചു. അമ്മതമ്പുരാനും അനുജനും മററുള്ളവരും വളരെ സങ്കടപ്പെട്ടു. തിരുമനസ്സിലെ ദേഹക്ലേശങ്ങളും മനഃക്ലേശങ്ങളും താമസിയാതെ അവസാനിക്കുകയുംചെയ്തു. ഇരുപത്തിരണ്ടാമാണ്ടു നാടുനീങ്ങിയ ആ തമ്പുരാൻെറ സ്മരണ ഇന്നും ജനങ്ങൾ ആദരിച്ചുപോരുന്നു.

൧൨. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്

സ്വാതിതിരുനാൾ തിരുമനസ്സിലേയും ഉത്രംതിരുനാൾ തിരുമനസ്സിലേയും സാഹോദര്യം ജനനംകൊണ്ടു മാത്രം ആയിരുന്നില്ല. പ്രായത്തിൽ രണ്ടുപേർക്കുംതമ്മിൽ ഒന്നര വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. സഹൃദയത്വം രണ്ടുപേർക്കും തുല്യമായിരുന്നു. കാവ്യനാടകാദികളിൽ ജ്യേഷ്ഠൻ അദ്വിതീയനായിരുന്നു. അനുജനും ആ കലകളിൽ നിപുണനായി. എങ്കിലും അക്കാര്യങ്ങളിൽ അനുജനു ദ്വിതീയസ്ഥാനമേ സിദ്ധിച്ചുള്ളു. ഭരണനയങ്ങളിൽ അനുജൻ ജ്യേഷ്ഠനേക്കാൾ സമർത്ഥനായിരുന്നു എന്നു പറയണം. സ്വാതിതിരുനാൾ തിരുമനസ്സിലെ പൌരുഷം കോപമായിട്ടും നീരസമായിട്ടും പകന്നു പലവിധമായ അസ്വാസ്ഥതയ്ക്കു് ഇടയാക്കിട്ടുണ്ടു്. എന്നാൽ ഉത്രം തിരുനാൾ മഹാരാജാവിനു കാലുഷ്യം കാണിക്കാതെ കാര്യം നേടാനുള്ള സാമർത്ഥ്യം ബാല്യത്തിലേ സ്വായത്തമായിരുന്നു.

തിരുവിതാംകൂർ രാജവംശത്തിൽ ജനിക്കുന്ന കൊച്ചുതമ്പുരാക്കന്മാർക്കും തമ്പുരാട്ടിമാർക്കും ബാല്യദശ 'ശൈശവേഭ്യസ്തവിദ്യാനാം' എന്ന രീതിയിലാണു്. അനേകം തലമുറയായി രാജകുടുംബത്തിൽനിന്നും ആദായം പററിവരുന്ന അദ്ധ്യാപകന്മാർ അവരുടെ കൃത്യത്തിൽ വീഴ്ച കാണിക്കാറില്ല. പൂർവികന്മാരുടെ യോഗ്യതാംശങ്ങൾ പറഞ്ഞുകേട്ടറിയുമ്പോൾ തങ്ങൾക്കും പാണ്ഡിത്യം വേണ

മെന്നു രാജകുമാരന്മാൎക്ക് ആഗ്രഹമുണ്ടാകുന്നു. വിദുഷിയായ ഗൗരിലക്ഷ്മീഭായിതമ്പുരാട്ടിയുടെയും രാജരാജവൎമ്മകോയിത്തമ്പുരാൻെറയും സന്താനങ്ങൾക്കു സകല ധനങ്ങളിലും പ്രധാനമായിട്ടുള്ളതു വിദ്യാധനമാണെന്നു തോന്നിയതു് അത്ഭുതവുമല്ല. സാംസ്കൃതഭാഷയും പൗരസ്ത്യശാസ്ത്രങ്ങളും പഠിച്ചു കഴിഞ്ഞ ഉത്രംതിരുനാൾതമ്പുരാന്നു പാശ്ചാത്യവിജ്ഞാനത്തിൽ അഭിരുചി ഉണ്ടായി. ഡാക്ടർ ബ്രൗൺ എന്ന പാശ്ചാത്യചികിത്സകനോടു് അവിടുന്നു് ഇംഗ്ലീഷു് പഠിച്ചു. അതോടുകൂടി വൈദ്യശാസ്ത്രവും സാമാന്യേന അഭ്യസിക്കാനിടയായി.

പ്രായത്തിൽ വലിയ അന്തരമില്ലാത്ത ജ്യേഷ്ഠൻ വളരെക്കാലം ജീവിച്ചിരുന്നു പ്രജാപാലനം നടത്തിക്കൊള്ളുമെന്നുള്ള വിചാരംകൊണ്ടു് അനുജൻെറ ആഗ്രഹം വേറെ വഴിയിൽ തിരിഞ്ഞു, അങ്ങനെയാണു് ശാസ്ത്രങ്ങളിലും കലകളിലും അവിടുത്തേയ്ക്കു് അഭിരുചി അനുക്രമമായി വൎദ്ധിച്ചതു്. ഗായകന്മാൎക്കും കവികൾക്കും നടനകലാവിദഗ്ദ്ധന്മാൎക്കും അവിടുന്നു പ്രേരണാദാനം ചെയ്യുന്ന അക്ഷയപാത്രമായി ശോഭിച്ചു. കഥകളിയുടെ രക്ഷാധികാരസ്ഥാനം കല്പിച്ചുതന്നെ കൈയേററു. കൊട്ടാരം കളിക്കാർ സൎവഥാ പ്രസിദ്ധന്മാരായിത്തീൎന്നു. നടനകലാവിദഗ്ദ്ധനായ ഈശ്വരപിള്ള വിചാരിപ്പുകാർ സേവകപ്രമാണിയായും ഭവിച്ചു.

മററു നാട്ടുരാജാക്കന്മാരുടെ കഥ നോക്കിയാൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ ധനവ്യയത്തിൽ

പരാങ്മുഖന്മാരാണ്. വഞ്ചിരാജവംശത്തിലേ അംഗങ്ങൾ പ്രായേണ ദയാലുക്കളും പ്രജാക്ഷേമത്തെ കാംക്ഷിക്കുന്നവരുമാകുന്നു. ഭണ്ഡാരത്തിൽ സ്വർണ്ണവും വെള്ളിയും ശേഖരിച്ചു വയ്ക്കുന്ന വിഷയത്തിൽ ഉത്രം തിരുനാളിനു താൽപര്യം ഉണ്ടായില്ല. തിരുമനസ്സുകൊണ്ടു സ്വന്തമായി ഒരു ആസ്പത്രി ഉണ്ടാക്കി രോഗികളെ ചികിത്സിച്ചുവന്നു. സാമാന്യേനയുള്ള ശസ്ത്രക്രിയകളും അവിടുന്നു നടത്തി. മറുനാട്ടു മരുന്ന് അശുദ്ധമെന്നും അപകടമെന്നും വിചാരിച്ചിരുന്ന യാഥാസ്ഥിതികന്മാർ പോലും ചികിത്സയ്ക്കു കൊട്ടാരം ആസ്പത്രിയിൽ ചെന്നു. ഹൂണന്മാരുടെ ഔഷധങ്ങൾ തൊടാൻ മടിച്ച നമ്പൂതിരിമാരും മററും തമ്പുരാൻ കൊട്ടത്തപ്പോൾ അവ വാങ്ങി സേവിച്ചുതുടങ്ങി. ഫലസിദ്ധി കണ്ടു് ഇംഗ്ലീഷുവൈദ്യസമ്പ്രദായത്തോടു് ആളുകൾക്ക് ആദരവു കൂടി. വൈദ്യന്മാരെ തോല്പിച്ച അനേകം രോഗങ്ങൾ അവിടുന്നു ഭേദമാക്കി. ജ്യേഷ്ഠൻ തിരുമനസ്സിലേയ്ക്കു് ഒരിക്കൽ ആലസ്യമായി. നാട്ടുവൈദ്യന്മാരും ഇംഗ്ലീഷ് ഡാക്ടറന്മാരും വളരെ ശ്രമിച്ചിട്ടും അതു വാശിയായില്ല. അനുജൻ നിഷ്പ്രയാസം സുഖപ്പെടുത്തി. ചികിത്സയ്ക്കായി നാനാദിക്കുകളിൽ നിന്നും പലരും കൊട്ടാരത്തിൽ വന്നുകൊണ്ടിരുന്നു.

തിരുമനസ്സുകൊണ്ടു ജനനാൽത്തന്നെ ദൃഢഗാത്രനായിരുന്നു. കുതിരസ്സവാരി മുതലായ കായികാഭ്യാസങ്ങളിൽ അവിടുന്ന് ആസക്തനായി. സായ്പന്മാരുമായുള്ള സഹവാസം അവിടുത്തേയ്ക്കു വളരെ സന്തോഷമായിരുന്നു.

രാജാവിന്റെ ജീവിതം എല്ലാ വിധത്തിലും രാജയോഗ്യമായിത്തന്നെ കഴിഞ്ഞു.

തിരുമനസ്സിലേ ഹൃദയവിശാലതയും കാരുണ്യവും സുപ്രസിദ്ധമാണ്. ഒരു ദിവസം എന്തോ വിലപിടിച്ച മരുന്ന് ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ ആശ്രിതന്മാരിൽ ഒരാൾ ചൂട സഹിക്കാൻവയ്യാതെ കൈയ്യിലിരുന്ന സ്ഫടികപാത്രം താഴെ ഇട്ടുകളഞ്ഞു. പാവം വളരെ പരിഭ്രമിച്ചു. എന്നാൽ, 'കൈ പൊള്ളാത്തതുതന്നെ ഭാഗ്യം; പാത്രം എത്ര ഉടഞ്ഞാലും തരക്കേടില്ല' എന്നായിരുന്നു അവിടുത്തെ സാന്ത്വനം. വേറൊരവസരത്തിൽ കൊട്ടാരത്തിലെ ശേവുകക്കാരായ ഏതാനും ബാലന്മാർ പച്ചനിറം കാണുന്ന തീ കൊളുത്തി കളിച്ചുകൊണ്ടിരുന്നു. സമീപത്തു വെടിമരുന്നു വച്ചിരുന്നത് അവർ അറിഞ്ഞില്ല. മരുന്നിനു തീ പിടിച്ച് അവരുടെ ദേഹം പൊള്ളിപ്പോയി. തിരുമനസ്സുകൊണ്ടു ഉടൻതന്നെ ഉചിതമായ ചികിത്സ നടത്തി. ഡർബാർഫിസിഷ്യനെ തിടുതിയിൽ വരുത്തി. രാജകുടുംബത്തിലേ അംഗങ്ങൾക്ക് ആർക്കോ ആപത്തുപററിയതായി ശങ്കിച്ച് ഡാക്ടർ സായ്പ് പരിഭ്രമിച്ച് ഓടിവന്നു. 'തീ പൊള്ളിയാൽ ആരെന്നുണ്ടോ? രാജാവും അടിമയും ഒരുപോലെ തന്നെയല്ലേ?' എന്നായിരുന്നു ആ കരുണാനിധിയുടെ സമാധാനം.

ഇപ്രകാരമുള്ള സംസ്കാരസമ്പത്തോടുകൂടിയാണു മഹാരാജാവു രാജ്യഭരണം കൈയ്യേററത്. അക്കാലത്തു ഭണ്ഡാരം വളരെ ശോഷിച്ചിരുന്നു. അച്ഛൻ കോയിത്തമ്പുരാനും മററുയോഗ്യതയുള്ള ഉപദേഷ്ടാക്കളും ഇല്ലാതാ

യത്ത വലിയ ബുദ്ധിമുട്ടിന് ഇടയാക്കി. ശമ്പളക്കുടിശ്ശിക വർദ്ധിച്ചുവന്നു. ദിവാൻ ശ്രീനിവാസരായക്ക് ആ വക ദുർഘടങ്ങൾ കടക്കാൻ സാമർത്ഥ്യം ഉണ്ടായിരുന്നില്ല. മേഘച്ഛന്നമായ ആ ദുർദ്ദശയിൽ ഒരു ദീപമേ അവിടുന്നു കണ്ടുള്ളു. അതു റെസിഡൻറിൻെറ സ്നേഹം മാത്രമായിരുന്നു. ജ്യേഷ്ഠൻെറ ബുദ്ധിമുട്ടുകൾക്കും മനഃക്ലേശങ്ങൾക്കും കാരണമായ സംഗതികൾ അവിടുന്നു മറന്നുപോയില്ല. ജനറൽ കല്ലൻെറ സൗഹാർദ്ദം ഏതു വൈഷമ്യത്തിനും പ്രത്യൗഷധമാണെന്നു തിരുമനസ്സുകൊണ്ട് അറിഞ്ഞു. കൃഷ്ണരായരെ ദിവാനാക്കി; ദിവാൻജിയായിരുന്ന ശ്രീനിവാസരായരെ തിരിച്ചു ന്യായാധിപനായി അയയ്ക്കുകയും ചെയ്തു. റെസിഡെൻറിന് ഇതിൽ വലിയ സന്തോഷമുണ്ടായി. എങ്കിലും കാററും കോളുംകൊണ്ടു പൊഴിമുഖത്തേയ്ക്കു പോകുന്ന വഞ്ചി കരയ്ക്കടുപ്പിക്കുന്നതു സുഖസാദ്ധ്യമായിരുന്നില്ല. കൃഷ്ണരായർ ആയവ്യയങ്ങളുടെ ശരിയായ ഒരു കണക്ക് എഴുതിയുണ്ടാക്കി. ഖജനാവിൽ ആകെ എൺപതിനായിരം ഉറുപ്പികയേ ഇരിപ്പുണ്ടായിരുന്നുള്ളു. ജീവനക്കാർക്ക് എട്ടുമാസത്തെ ശമ്പളം കുടിശ്ശിക കിടപ്പായിരുന്നു. കുത്തകക്കാർക്കു പണം കൊടുത്തിട്ടും വളരെ നാളായി. പണം വരാനും വരുത്താനും മാർഗ്ഗം കാണ്മാനില്ല. ഉടനേ ആറുലക്ഷം രൂപാ കപ്പംകൊടുത്തു തീർക്കേണ്ടതായും ഉണ്ടായിരുന്നു. അപ്രകാരമായിരുന്നു ഭണ്ഡാരത്തിൻെറ അവസ്ഥ.

ഈ ദുർഘടങ്ങൾ നിവാരണം ചെയ്യാനുള്ള ഏകമാർഗ്ഗം കൃഷ്ണരായർ മനസ്സിലാക്കി. വിദേശിയർ എത്ര

സമത്ഥന്മാരായിരുന്നാലും കാൎയ്യപരിചയമുള്ള നാട്ടുകാരെ കൂടി വലിയ ഉദ്യോഗങ്ങളിൽ നിയമിക്കേണ്ടതു് ആവശ്യമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുമനസ്സിൽനിന്നു് അനുവദിച്ചു. എന്നാൽ ദിവാൻജിക്കു വലിയ ഒരു അബദ്ധം പററി. വേലുത്തമ്പിദളവായും മൺറോസായ്പും ചെയ്തതുപോലെ ദണ്ഡനീതി നടത്തുവാൻ കൃഷ്ണരായരും തീർച്ചപ്പെടുത്തി. സ്ഥിതിയും യോഗ്യതയും നോക്കാതെ സക്കാർ ഉദ്യോഗസ്ഥന്മാരിൽ പലരേയും മുക്കാലിയിൽ കെട്ടി അടിപ്പിച്ചു. പക്ഷേ കാലം മാറിപ്പോയിരുന്നു. വേലുത്തമ്പിയുടെ കാലത്തു വത്തമാനപ്പത്രങ്ങൾ ഉണ്ടായിരുന്നില്ല. മററുരാജ്യങ്ങളിലുള്ളവർ തിരുവിതാംകൂറിലേ കാൎയ്യങ്ങളെപ്പററി ശ്രദ്ധിച്ചതുമില്ല. ഭാരതഖണ്ഡത്തിൽ ബ്രിട്ടീഷ് ഭരണം ഉറച്ചതോടുകൂടി കാൎയ്യങ്ങളുടെ മട്ടുമാറി. തിരുവിതാംകൂറിൽ ദുർഭരണമാണെന്നുള്ള വർത്തമാനം പത്രപംക്തികളിൽ സ്ഥലം പിടിച്ചു. നീതിബോധത്താലോ വ്യക്തിഗതമായ നീരസത്താലോ പ്രചോദിതരായ ലേഖകന്മാർ മദ്രാസ് മുതലായ പട്ടണങ്ങളിൽനിന്നും പ്രസിദ്ധപ്പെടുത്തിയ പത്രങ്ങളിൽ ഭരണക്രമത്തെ അത്യന്തം ആക്ഷേപിച്ചു ലേഖനങ്ങൾ എഴുതിത്തുടങ്ങി. രാജാവിന്നും രാജ്യത്തിന്നും ദുഷ്യശസ്സ് ഉണ്ടായി. അങ്ങിനെയുണ്ടായ അവമതിയും, അതിനു കാരണമാക്കിയ ഭരണവൈകല്യങ്ങളും, ഇല്ലാതാക്കാൻ തിരുമനസ്സുകൊണ്ടു് വേണ്ട യത്നം ചെയ്തു.

1916

ആധുനികപരിഷ്കാരത്തിൻെറ പ്രവാഹത്തിനുള്ള മാർഗ്ഗങ്ങൾ ഇവിടെ തുറന്നുകൊടുത്തതു് ഈ മഹാരാജാവായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ ആവശ്യകത അവിടുന്നു ആദ്യമേതന്നെ മനസ്സിലാക്കി. ബുദ്ധിമാന്മാരായ യുവാക്കന്മാരോട് ശാസ്ത്രസംബന്ധമായും സാഹിത്യപരമായും ഉള്ള വിഷയങ്ങളെപ്പററി സംസാരിക്കുന്നതിൽ തിരുമനസ്സുകൊണ്ടു വളരെ താൽപയ്യം കാണിച്ചു. പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും ഉള്ള ദേശഭേദങ്ങൾ വിജ്ഞാനത്തെ വേർതിരിക്കുന്നതല്ലല്ലോ. സംസ്കൃതത്തിലും മലയാളത്തിലും അവിടുന്നു ഉൽസുകനായിരുന്നു. പാശ്ചാത്യപരിഷ്കാരപ്രചരണത്തിലും, പ്രജാക്ഷേമത്തിനായുള്ള വ്യവസ്ഥകളിലും, തിരുമനസ്സിലേയ്ക്കു വളരെ താൽപയ്യം ഉണ്ടായിരുന്നു. ലണ്ടനിൽവച്ചു നടന്ന മഹാപ്രദർശനത്തിലേക്കു കല്പിച്ചയച്ച ദന്തസിംഹാസനം പ്രേക്ഷകന്മാർക്കു വളരെ കൗതുകം നല്കി. അതു സമ്മാനമായി സ്വീകരിക്കണമെന്നുള്ള മഹാരാജാവിൻെറ അപേക്ഷ വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സുകൊണ്ടു സദയം അനുവദിച്ചു

മഹാരാജാവിൻെറ ഭരണകാലത്തു ക്ഷേമം വദ്ധിച്ചു. ക്ഷാമപീഡിതരായ ജനങ്ങളുടെ രക്ഷയ്ക്കായി പല വ്യവസ്ഥകൾചെയ്തു. അടിമക്കച്ചവടത്തിൻെറ അവശിഷ്ടങ്ങളെ ഉന്മൂലനം ചെയ്തു. പള്ളിക്കൂടങ്ങൾ വദ്ധിപ്പിച്ചു. വിദ്യാസമ്പന്നരായ യുവാക്കന്മാർക്കു വലിയ ഉദ്യോഗങ്ങൾ കൊടുത്തു. രാജ്യത്തെ മൂന്നു ഡിവിഷനായി ഭാഗിച്ചു്, കാര്യനടപ്പിനു പര്യാപ്തമായ വ്യവസ്ഥകൾ ചെയ്തു.

തെക്കൻ ഡിവിഷനിലേ പേഷ്കാരായി നിയമിച്ചതു മാധവരായരെ ആയിരുന്നു. ആയിടയ്ക്കു് എടുത്ത ജനസംഖ്യക്കണക്കിൻപ്രകാരം തിരുവിതാംകൂറിൽ പന്ത്രണ്ടര ലക്ഷം ജനങ്ങൾ ഉണ്ടായിരുന്നതായി കാണാം.

മഹാരാജാവു് സകല ജാതിമതസ്ഥരോടും കാരുണ്യപൂർവ്വം പെരുമാറിവന്നു. എങ്കിലും പരിഷ്കാരത്തിൻെറ വർദ്ധനയാൽ ചില വൈഷമ്യങ്ങൾ ഉണ്ടാകാതിരുന്നില്ല. പൗരസമത്വം സ്ഥാപിക്കാനായി ദക്ഷിണതിരുവിതാംകൂറിലേ നാടന്മാരും ക്രിസ്ത്യാനികളും വസ്ത്രധാരണത്തിൻെറ രീതി മാററി മേൽജാതിക്കാരുടെ രീതി അനുകരിച്ചു. അതു ധിക്കാരമാണെന്നു മററുള്ളവർ വ്യാഖ്യാനിച്ചു. അതു സംബന്ധിച്ചുണ്ടായ വഴക്കുകൾ അചിരേണ മൂർദ്ധന്യത്തെ പ്രാപിച്ചു. എന്നാൽ ദിവാൻ മാധവരായരുടെയും ശങ്കുണ്ണിമേനവൻ പേഷ്കാരുടെയും സാമർത്ഥ്യത്താൽ സർക്കാരിൻെറ അന്തസ്സിനു് ഹാനി തട്ടാതേയും, ജനങ്ങൾക്കു സങ്കടത്തിനു് ഇടയാകാതെയും, കുഴപ്പങ്ങൾ അവസാനിച്ചു. അധഃസ്ഥിതവർഗ്ഗക്കാർക്കു് ഈ വിഷയത്തിൽ പാതിരിമാരുടെയും ബ്രിട്ടീഷ് ഗവമെൻറിൻെറയും സഹായസഹകരണങ്ങൾ ലഭിച്ചുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

തിരുമനസ്സുകൊണ്ടു് ഭക്തനും പ്രജാക്ഷേമൈകതല്പരനും ആയിരുന്നു. 'ധർമ്മോസ്മൽ കുലദൈവതം' എന്ന പ്രമാണത്തെ അവിടുന്നു സർവ്വദാ ആദരിച്ചു. കൃഷ്ണരായർ ദിവാൻജിയുടെകാലത്തു് ഉണ്ടായ കുഴപ്പങ്ങൾ അവിടുത്തെ മനസ്സമാധാനത്തിനു് അല്പം ബാധകമായിരുന്നു. എന്നാൽ

നയകോവിദനും പണ്ഡിതനുമായിരുന്ന മാധവരായരെ മന്ത്രിയാക്കിയതോടുകൂടി ആ വക ക്ലേശങ്ങൾ മാറി. രാജ്യഭരണം ശരിയായി നടക്കുമെന്നു ബ്രിട്ടീഷ ഗവ ൎമ്മെൻറിനും വിശ്വാസം വന്നു. അങ്ങനെയുള്ള അവസ്ഥയിലാണു് ൧൦൩൬-ാമാണ്ടു ചിങ്ങമാസത്തിൽ ഉത്രം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതു്. തിരുമനസ്സിനെപ്പററിയുള്ള സ്മരണ ജനങ്ങൾ ഇന്നും കൊണ്ടാടിവരുന്നു.

---

൧൯. ആയില്യം തിരുനാൾ രാമവൎമ്മ മഹാരാജാവു്

നമ്മുടെ രാജ്യത്തിനു 'മാതൃകാരാജ്യം' എന്ന പേരു സമ്പാദിച്ചതു് ആയില്യം തിരുനാൾ മഹാരാജാവാണു്. അവിടുന്നു് ഇംഗ്ലീഷിലും സംസ്കൃതത്തിലും ഒരുപോലെ ദൃഢപാണ്ഡിത്യം സമ്പാദിച്ചിരുന്നു. (ഇംഗ്ലീഷുകാരുടെ മേല്ക്കോയ്മ ആധുനികപരിഷ്കാരത്തിനുള്ള പ്രധാന കാരണമായി വരികയാൽ ഉത്രംതിരുനാൾ മഹാരാജാവു് ഭാഗിനേയന്മാരെ ഇംഗ്ലീഷ്ഭാഷ അഭ്യസിപ്പിക്കുന്ന വിഷയത്തിൽ ജാഗരൂകനായിരുന്നു. അവരെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചതു പിന്നീടു് ദിവാൻജിയായിത്തീൎന്ന ടി. മാധവരായർ ആയിരുന്നു.

ഉത്രം തിരുനാൾ മഹാരാജാവിന്റെ കാലത്തു മാധവരായർ ദിവാൻജിയായതോടുകൂടി തിരുവിതാംകൂർ സംസ്ഥാനം മാതൃകാരാജ്യം എന്ന സ്ഥാനത്തേയ്ക്കു ഉയർന്നു. തിരുവിതാംകൂർ ചരിത്രത്തിൽ പ്രശസ്തമായിത്തീർന്നിരിക്കുന്ന ആയില്യം തിരുമനസ്സിലെ ഭരണത്തിന്റെ പ്രാരംഭഘട്ടത്തിൽ അനാവൃഷ്ടിനിമിത്തം വലിയ ക്ഷാമം ഉണ്ടായി. ജനങ്ങൾ വളരെ കഷ്ടപ്പെട്ടു. ഗവമ്മെൻറിൽനിന്നും ക്ഷാമപീഡിതരായ ജനങ്ങൾക്കു പലവിധമായ സഹായങ്ങൾ നല്കി. അന്യരാജ്യങ്ങളിൽനിന്നു നെല്ലു വരുത്തി സാധുക്കൾക്കു വെറുതേ കൊടുത്തു. വേലചെയ്യാൻ ശക്തിയുള്ളവരെക്കൊണ്ടു മരാമത്തുവകുപ്പിലെ ജോലികൾ ചെയ്യിപ്പിച്ചു. ക്ഷാമനിവാരണാത്ഥം ധമ്മരാജ്യത്തിലേ ധനികന്മാരായ ജനങ്ങളും വളരെ സഹായം ചെയ്തു.

ഇങ്ങനെയുള്ള ഉൽകൃഷ്ടമായ ഭരണക്രമം കൊണ്ടു് അല്പകാലത്തിനിടയിൽ വൈഷമ്യങ്ങളെല്ലാം മാറി. ജനങ്ങൾക്കു സമാധാനമായ ജീവിതം സുസാധമായിത്തീർന്നു. കൃഷിയും വ്യവസായവും പുഷ്ടി പ്രാപിച്ചു. വാണിജ്യം അഭിവൃദ്ധിപ്പെട്ടു. ബ്രിട്ടിഷുഗവർമ്മെൻറുമായി ഉണ്ടായ 'ഇൻറർ പോർട്ടൽ കൺവെൻഷൻ' എന്ന ഉടമ്പടിയാൽ കച്ചവടത്തിന്റെ വർദ്ധനയ്ക്കു കൂടുതൽ സൗകര്യം ലഭിച്ചു. തിരുവിതാംകൂറിലേ ജനങ്ങൾ ഏറിയകൂറും കർഷകരാണല്ലോ. അന്നു ഭൂനികുതി പിരിച്ചുവന്ന ക്രമം ആശാസ്യമായിരുന്നില്ല. സകല ഭൂമികളും സക്കാരിന്റെയോ, അല്ലെങ്കിൽ ജന്മിമാരുടെയോ, വക എന്നായിരുന്നു നിയമം. ദേവസ്വങ്ങൾക്കും ജന്മവസ്തുക്കളിന്മേൽ ഉടമസ്ഥത ഉണ്ടായിരുന്നു. സക്കാരിന്റെ ഇഷ്ടംപോലെ

വസ്തുക്കൾ തിരിച്ചെടുക്കാമെന്നായിരുന്നു അന്നത്തെ വ്യവസ്ഥ. വസ്തുക്കൾ വില്ക്കാൻ കുടിയാനവന്മാർക്ക് അധികാരം ഉണ്ടായിരുന്നില്ല. പാട്ടക്കാരൻെറ നിലയല്ലാതെ ഉടമസ്ഥൻെറ നില അവക്ക് ഇല്ലായിരുന്നു. ഗവൎമ്മൻറിൻെറ യുക്തംപോലെ വീണ്ടെടുക്കാമെന്നിരുന്നതിനാൽ ഭൂമിയിൽ സ്ഥിരമായ പരിശ്രമം ചെയ്തു നന്നാക്കാൻ കൃഷിക്കാൎക്കു താൽപൎയ്യം ഇല്ലാതായി. അതുകൊണ്ടു വിളവുകൾക്കും വളരെ കുറവു സംഭവിച്ചു. ജന്മിമാരുടെ വകയായ വസ്തുക്കൾ ഉഴവന്മാരിൽനിന്ന് ഒഴിപ്പിക്കുവാൻ ജന്മിമാൎക്കും അവകാശം ഉണ്ടായിരുന്നു. മിച്ചവാരവും ജന്മിഭോഗവും കൊടുത്തു കൎഷകന്മാർ വളരെ സങ്കടപ്പെട്ടു. ജനസമുദായത്തിൻെറ നട്ടെല്ലു കൃഷിക്കാർ ആണല്ലോ. കൈത്തൊഴിലും കച്ചവടവും ഒന്നും തന്നെ കൃഷികൂടാതെ നടക്കുകയുമില്ല. അതുകൊണ്ട് കൃഷി പുഷ്ടിപ്പെടുത്തേണ്ടതു പരിഷ്കൃതമായ രാജ്യഭരണസമ്പ്രദായത്തിന് അപരിത്യാജ്യമാണ്. മഹാരാജാവും മന്ത്രിയും ഈ തത്വം മനസ്സിലാക്കിയിരുന്നു. സൎക്കാരിനു കരം പിരിക്കാൻമാത്രമേ അവകാശമുള്ളുവെന്നും, ഭൂമിയുടെ ഉടമസ്ഥന്മാർ കുടിയാനവന്മാർ തന്നെ ആണെന്നും, ക്രയവിക്രയാദികൾക്ക് അവൎക്കു പൂൎണ്ണമായ അവകാശമുണ്ടെന്നും, മററും ഒരു വിളംബരം പ്രസിദ്ധീകരിച്ചു. സൎക്കാരിനു വലിയ ആദായം ഉണ്ടാക്കാത്തതും, എന്നാൽ കുടികൾക്ക് ഉപദ്രവകരങ്ങളും, ആയിരുന്ന പല കരങ്ങളും നിറുത്തലാക്കി. ജന്മവസ്തുക്കൾ ഉഴവൻെറ പക്കൽനിന്നും ഒഴിപ്പിച്ചെടുക്കാൻ പാടില്ലെന്നും ഒരു തിരുവെഴുത്തുവിളംബരം ഉണ്ടായി. ബ്രഹ്മസ്വങ്ങളും ദേവസ്വങ്ങളും കുടി

കളിൽ നിന്നു ഓരോ ക്ഌപ്ത തുകകൾ മാത്രമേ ഈടാക്കാൻ പാടുള്ളു എന്നും വ്യവസ്ഥ ചെയ്തു. ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ കൊണ്ടു നാൾക്കുനാൾ ജനക്ഷേമം വർദ്ധിച്ചു.

ഭൂമി എത്രതന്നെ ഫലവതിയായിരുന്നാലും, കരകൗശലങ്ങൾ എത്രമാത്രം അഭിവൃദ്ധി പ്രാപിച്ചാലും, പ്രജകൾക്കു വിദ്യാഭ്യാസം ഇല്ലാതെയിരുന്നാൽ അവയെല്ലാം ഫലശൂന്യമായിപ്പോകും. ഈ തത്ത്വം ഭരണവിഷയത്തിൽ മഹാരാജാവു നല്ലവണ്ണം ധരിച്ചിരുന്നു. മലയാളം പള്ളിക്കൂടങ്ങളും, ഇംഗ്ലീഷുപാഠശാലകളും, പല സ്ഥലങ്ങളിലും ഏർപ്പെടുത്തി. പെൺപള്ളിക്കൂടങ്ങളും നടപ്പാക്കി. തിരുവനന്തപുരം കാളേജിന് മനോഹരമായ ഒരു കെട്ടിടം പണിയിച്ചു. അതിൻെറ ശിലാസ്ഥാപനക്രിയ തിരുമനസ്സുകൊണ്ടുതന്നെ നടത്തി.

പ്രജാക്ഷേമത്തിനു ഉതകുന്ന ഒരു വിഷയത്തിലെങ്കിലും തിരുമനസ്സിലെയും മാധവരായരുടെയും ശ്രദ്ധ പതിയാതിരുന്നില്ല. കൃഷിക്കു ഉപയോഗപ്പെടുന്ന മരാമത്തുകളും, ഗതാഗതത്തിനുള്ള മാർഗ്ഗങ്ങളും, വർദ്ധിപ്പിച്ചു. അങ്ങിനെയുള്ള വേലകൾക്കായി മുതലെടുപ്പിൻെറ ഒരു പ്രധാന ഭാഗം വിനിയോഗിച്ചു. മഹാരാജാവു സിംഹാസനാരോഹണം ചെയ്യുന്ന കാലത്തു തിരുവിതാംകൂർ സംസ്ഥാനത്തിൽ ആകെ ഒരൊററ റോഡു മാത്രമേ ഉണ്ടായിരുന്നുള്ളു. അതു തിരുവനന്തപുരത്തുനിന്നും ആരുവാമൊഴിവരെ ആയിരുന്നു. എട്ടുപത്തു സംവത്സരത്തിനുള്ളിൽ ആയിരത്തിൽ ചില്വാനം മൈൽ രാജപാത ഉണ്ടായി.

ആണ്ടൊന്നുക്കു് ഒരു ലക്ഷംരൂപാ മാത്രം ചിലവു് ഉണ്ടായിരുന്ന പൊതുമരാമത്തു വകുപ്പിൽ പതിമൂന്നര ലക്ഷംരൂപാ ചിലവായി. പുത്തൻകച്ചേരിയും കാളേജും ആശുപത്രികളും കോടതികളും കച്ചേരികളും ആലപ്പുഴ ദീപസ്തംഭവും മററും പണിചെയ്തതു് അക്കാലത്തായിരുന്നു. പുനലൂർ പാലവും വക്കലത്തുരപ്പും ജനങ്ങൾക്കു അത്യാശ്ചര്യം വളർത്തി. ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പിൽവന്ന പല പരിഷ്കാരങ്ങളും തിരുവിതാംകൂറിൽ അനുകരിച്ചു.

൧൦൬൧-ാംവഷത്തിൽ മദ്രാസ് ഗവർണ്ണർ തിരുവിതാംകൂർ സന്ദർശിച്ചു. നമ്മുടെ രാജ്യത്തിൻെറ സൽക്കാരചാരമ്പര്യം സുപ്രസിദ്ധമാണല്ലോ. പ്രകൃതിയുടെ മനോഹരതയും, സ്വീകരണത്തിൻെറ സൗഹാർദ്ദവും, രാജ്യത്തിൻെറ സർവ്വതോമുഖമായ ഐശ്വര്യവും, ഗവർണ്ണർക്കും മദാമ്മയ്ക്കും വളരെ സന്തോഷം നല്കി. അവരുടെ അനുഭവങ്ങളെക്കുറിച്ചു മദാമ്മ രസകരമായ ഒരു വിവരണം എഴുതിയിട്ടുണ്ടു്. ആയില്യം തിരുമനസ്സിലേയും, ഇളയരാജാവായ വിശാഖം തിരുമനസ്സിലേയും, ബുദ്ധിശക്തിയും സ്വഭാവഗുണവും സംഭാഷണചാതുര്യവും അവർ വളരെ ശ്ലാഘിച്ചിരിക്കുന്നു.

മഹാരാജാവിൻെറ ഭരണനൈപുണ്യത്തെ ആദരിച്ചു വിക്ടോറിയാ മഹാറാണി തിരുമനസ്സുകൊണ്ടു് അവിടുത്തേയ്ക്കു് ഉചിതമായ സ്ഥാനമാനങ്ങൾ നല്കി. ജി. സി. എസ്സ് ഐ. എന്ന കീർത്തിമുദ്ര അവിടത്തേയ്ക്കു ലഭിച്ചു. ബിരുദസ്വീകരണത്തിനായി തിരുമനസ്സുകൊണ്ടു് മാധവരായർ മുതലായ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരോടുംകൂടി

മദ്രാസിൽ എഴുന്നള്ളി. അവിടെയുള്ള സകല മഹാന്മാരും സന്നിഹിതരായിരുന്ന മഹാസദസിൽ വച്ച് ഗവർണ്ണർ മഹാറാണി തിരുമനസ്സിലേ നീട്ടു വായിച്ചു സന്ദർഭോചിതമായി മഹാരാജാവിനെ ശ്ലാഘിച്ചു സംസാരിച്ചു. തിരുമനസ്സിലേ മന്ത്രിയും ഉപദേഷ്ടാവുമായ മാധവരായരെയും കെ. സീ. എസ്സ്. ഐ. എന്ന കീർത്തിമുദ്രയാൽ ഗവർണ്ണർ ബഹുമാനിച്ചു. നാലു കൊല്ലം കഴിഞ്ഞു മഹാരാജാവു ബ്രിട്ടീഷ് രാജവംശത്തിലേ ഒരു അംഗമായ എഡിൻബറോയിലേ ഡ്യൂക്കിനെ സന്ദർശിക്കാനായി വീണ്ടും മദ്രാസിൽ എഴുന്നള്ളി. ഡ്യൂക്കുതിരുമനസ്സിൽനിന്ന് മഹാരാജാവു എഴുന്നള്ളിയിരുന്ന ബംഗ്ലാവിൽ ചെന്ന് അവിടുത്തെ സന്ദർശിക്കുകയുണ്ടായി.

തിരുവിതാംകൂറിനു 'മാതൃകാരാജ്യം' എന്ന അപൂർവ്വ കീർത്തി സിദ്ധിച്ചു. എന്നാൽ ആയിടെ ദുർഭാഗ്യകരമായ ഒരു സ്ഥിതിയുണ്ടായി. മഹാരാജാവിനും മാധവരായർക്കും തമ്മിൽ പല കാരണങ്ങളാലും സ്വരച്ചേർച്ചയില്ലാതെവന്നു. താമസിയാതെ മാധവരായർക്ക് ഉദ്യോഗം ഒഴിയേണ്ടിവരികയും ചെയ്തു. രാജപ്രീതി അവസാനിച്ചുപോയാൽ മന്ത്രിയെ ആരും ബഹുമാനിക്കയില്ലല്ലോ. അതിനാൽ ദിവാൻജി യാതൊരു ബഹുമാനചിഹ്നങ്ങളും കൂടാതെ കേവലം ഒരു സാധാരണനെപ്പോലെ യാത്ര പുറപ്പെട്ടു. താൻ സകല അധികാരവും വഹിച്ചിരുന്ന കാലത്തു സ്വമന്ദഹാസത്തിൽ കളിയാടിക്കൊണ്ടിരുന്ന ഭൂവിഭാഗങ്ങൾ കടന്നു യാത്രചെയ്യുന്ന മന്ത്രിവര്യന്റെ മനസ്സ് തീവ്രദുഃഖത്താൽ ശിഥിലമായി. മഹാരാജാവിന്റെ

അപ്രീതി ഭയപ്പെട്ട് അദ്ദേഹത്തെ ചെന്നു കാണാനും, ബഹുമാനിക്കാനും, ആക്കും ധൈൎയ്യമുണ്ടായില്ല. മാധവ രായർ ഉദ്യോഗത്തിലിരുന്ന കാലത്തു പ്രായേണ വൈര ക്കേടിൽ കഴിഞ്ഞ ശങ്കുണ്ണിമേനോൻ പേഷ്കാർ വലിയ അകമ്പടിയോടുകൂടി വന്ന് ഉദ്യോഗമൊഴിഞ്ഞുപോകുന്ന മന്ത്രിയെ യഥായോഗ്യം എതിരേററു സൽക്കാരങ്ങൾ ചെയ്തു. മാധവരായർ ആനന്ദബാഷ്പാകുലനായിത്തീന്നു. ഈ വിവരം അറിഞ്ഞ മഹാരാജാവു് പേഷ്കാർ മുഖം കാണിക്കാൻ ചെന്നപ്പോൾ വളരെ കലശൽ കൂട്ടി. എന്നാൽ തൻെറ പ്രവൃത്തി രാജ്യത്തിൻെറയും രാജവംശ ത്തിൻെറയും സൽകീൎത്തിയെ രക്ഷിക്കാനായിട്ടു മാത്രമാ ണെന്നുള്ള ശംകുണ്ണിമേനോൻെറ മറുപടി കേട്ടു മഹാരാ ജാവു് അത്യന്തം സന്തോഷിച്ചു.

മാധവരായർ പോയശേഷം അദ്ദേഹത്തിൻെറ സ ഹപാഠിയായിരുന്ന ശേഷയ്യാശാസ്ത്രികൾ ദിവാൻപദം അധിരോഹണം ചെയ്തു. പഴയ ദിവാൻജിയുമായുള്ള വഴക്കുകളുടെ സ്മരണ മഹാരാജാവിൻെറ മുൻകരുതലിനെ ഒന്നുകൂടി ദൃഢപ്പെടുത്തി. അതിനാൽ, സ്വരച്ചേച്ച് ഇല്ലാ തെ വരികയാണെങ്കിൽ ദിവാൻജിയെ പിരിച്ചയയ്ക്കണ മെന്നുള്ള ഉദ്ദേശത്തോടുകൂടി ശേഷയ്യാശാസ്ത്രിയെ ഒരു വർഷത്തേയ്ക്കാണു നിയമിച്ചതു്. ശാസ്ത്രികൾ ബുദ്ധി മാനും, ക്ഷമാശീലനും, ആരുടെയും വിരോധം കൂടാതെ കാൎയ്യം സാധിക്കാൻ സമൎത്ഥനും, ആയിരുന്നു. മഹാരാജാ വിനു നിബ്ബന്ധമുള്ള സംഗതികളിൽ ചാഞ്ഞും ചരിഞ്ഞും പ്രവൎത്തിക്കുവാനുള്ള കൗശലങ്ങൾ അദ്ദേഹത്തിനു് സ്വാഭാ

ത്തമായിരുന്നു. തരം പോലെ കാര്യങ്ങൾ പറഞ്ഞു മഹാരാജാവിനു കോപം വരുത്താതെ ധൈര്യത്തോടും നീതിയോടും ഭരണകാര്യം നിർവഹിക്കുവാൻ പുതിയ ദിവാൻജിക്കു കഴിഞ്ഞു. ശേഷയ്യാശാസ്ത്രി ഗവൺമെൻറിൻെറ ചിലവുകൾ ചുരുക്കി, ഉദ്യോഗസ്ഥന്മാരുടെ ശമ്പളംക്രൂട്ടി, അവരെ സംതൃപ്തരാക്കി. എഴുത്തുകുത്തുകൾക്കു ഓല മാററി കടലാസു നടപ്പാക്കി. അളവുകളും തൂക്കങ്ങളും ക്രമപ്പെടുത്തി മാധവരായർ ആരംഭിച്ച തോട്ടുകൾ, റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ഇവയുടെ പണി പൂർത്തിയാക്കി. ശേഷയ്യാശാസ്ത്രിയുടെ ബുദ്ധിയും ശ്രദ്ധയും എല്ലാക്കാര്യങ്ങളിലും പതിഞ്ഞു. മതസംബന്ധമായും രാജ്യഭരണസംബന്ധമായുമുള്ള സകല കാര്യങ്ങളിലും ദിവാൻജിയുടെ ഉപദേശം മഹാരാജാവു ആദരിച്ചു. അദ്ദേഹത്തിൻെറ ഉദ്യോഗകാലം നീട്ടിക്കൊടുത്തു.

ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടു ഭാരതഖണ്ഡത്തിലേ പല പ്രധാനസ്ഥലങ്ങളും സന്ദർശിച്ചിട്ടുണ്ട്. ൧൦൪൮-ൽ ഡെൽഹി ഡർബാർ എന്ന മഹായോഗത്തിൽ ഭാഗഭാക്കാകണമെന്നു കാണിച്ചു വൈസ്രായി അവർകൾ തിരുമനസ്സിലെ ക്ഷണിച്ചു. എന്നാൽ ദേഹാസ്വാസ്ഥ്യത്താൽ അവിടെ എഴുന്നള്ളുവാൻ സാധിച്ചില്ല. അതിനാൽ മഹാരാജാവിനു സമ്മാനിക്കുവാനായി വിക്ടോറിയാ ചക്രവർത്തിനി കല്പിച്ചയച്ചിരുന്ന കൊടി തിരുവനന്തപുരത്തു വച്ചു ബ്രിട്ടീഷ് റെസിഡൻറു ഒരു ഡർബാർ നടത്തി മഹാജനസമക്ഷം തിരുമനസ്സിലേയ്ക്കു നല്കി.

പരിചയം പഴകിവന്നപ്പോൾ രാജാവിനും മന്ത്രിക്കും തമ്മിൽ അല്പം ചില രസക്കേടുകൾ ഉണ്ടാകാതിരുന്നില്ല. നാട്ടുകാരിൽ ഒരാളെ ദിവാൻജിയായി നിയമിക്കണമെന്നു മഹാരാജാവിനു താൽപര്യം ഉണ്ടായി. ദിവാൻ പേഷ്കാരായിരുന്ന നാണുപിള്ളയെ ദിവാൻജിയായി നിയമിച്ചു. അദ്ദേഹം അതിസമൎത്ഥനായ ഒരു റവന്യൂ ഉദ്യോഗസ്ഥനായിരുന്നു. ഗുണവാനായ ദിവാൻജി സുദൃഢമായ സ്വാമിഭക്തിയോടുകൂടി കാൎയ്യങ്ങൾ നടത്തി.

ആശുപത്രികളും പള്ളിക്കൂടങ്ങളും സത്രങ്ങളും വൎദ്ധിച്ചു. ഭണ്ഡാരത്തിന്റെ നിലയും അത്യന്തം തൃപ്തികരമായിത്തീൎന്നു. കൊച്ചിരാജാവു തിരുമനസ്സുകൊണ്ടു് മഹാരാജാവിനെ സന്ദൎശിക്കാനായി തിരുവനന്തപുരത്തു് എഴുന്നള്ളിയപ്പോൾ ഇവിടത്തെ ഭരണരീതികൾ കണ്ടു വളരെ പ്രശംസിച്ചിട്ടുണ്ടു്. ഗവൎണ്ണറന്മാരും, റെസിഡെൻറന്മാരും, എന്നുവേണ്ട ഇംഗ്ലണ്ടിലെ ഭരണാധിപന്മാർ പോലും, തിരുമനസ്സിലെ ബുദ്ധിസാമൎത്ഥ്യത്തെയും, കാൎയ്യക്ഷമവും വിവേകപൂൎവ്വവും ആയ ഭരണത്തെയും, സൎവ്വഥാ ബഹുമാനിച്ചു.

ആധുനിക തിരുവിതാംകൂറിൽ നടപ്പിൽ വന്നിട്ടുള്ള പല പരിഷ്കാരങ്ങളും ആയില്യം തിരുനാൾ തിരുമനസ്സിലെ കാലത്തു വിതച്ച വിത്തുകൾ മുളച്ചു കാലാനുക്രമമായി വളൎന്നിട്ടുള്ളവയാണു്. അവിടുന്നു രാജ്യഭരണത്തിൽ എന്നപോലെ കലാവിദ്യകളിലും സമൎത്ഥനായിരുന്നുവെന്നു പ്രസ്താവിച്ചുവല്ലോ. അവിടത്തെ ദിനചൎയ്യ

രാജയോഗ്യവും പണ്ഡിതോചിതവും ആയിരുന്നു. തിരുമനസ്സുകൊണ്ടു വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ ദൃഢവ്രതനായിരുന്നു. സാഹിത്യത്തിലും സംഗീതത്തിലും അവിടുന്ന് ഒന്നുപോലെ സഹൃദയനായി ശോഭിച്ചു. അവിടുത്തെ ശാരീരഗുണം അത്ഭുതജനകമായിരുന്നു. അതുപോലെ തന്നെ തിരുമനസ്സുകൊണ്ടു സാഹിത്യത്തിലും പരിശ്രമിച്ചിരുന്നു. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നുള്ള തത്വം അവിടുന്നു വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ആദരിച്ചു.

തിരുമനസ്സിലെ ജീവിതക്രമം സുപ്രസിദ്ധമാണ്. ഐഹികസുഖങ്ങളിലുള്ള ആസക്തി വൈദികന്മാർക്കു യോജിച്ചതല്ലായിരിക്കാം. എന്നാൽ, രാജാക്കന്മാർക്കു ഭൗതികസുഖങ്ങളും ആഡംബരപ്രൗഢിയും വിഹിതമാണല്ലോ. ഉദാരമതിയായ അവിടുന്ന് ആശ്രിതജനങ്ങൾക്കു വളരെ പണവും സമ്മാനങ്ങളും കൊടുത്തുവന്നു. എന്നാൽ ഉത്തരഇൻഡ്യയിൽ സഞ്ചരിക്കുന്നതിനിടയിൽ അവിടുത്തേയ്ക്കു പരിചയപ്പെട്ട ചില രാജാക്കന്മാരുടെ ഉപദേശം അവിടുത്തെ കുറെ ലുബ്ധനാക്കിത്തീർത്തു. സർക്കാർ ഖജനാവിലെന്നപോലെ കൊട്ടാരത്തിലേ ഭണ്ഡാരത്തിലും ധാരാളംപണം ഉണ്ടായിരിക്കണമെന്നു തിരുമനസ്സിലേയ്ക്കു ബലമായ ആഗ്രഹം ഉണ്ടായി. ചെല്ലം വകയിൽ സ്വർണ്ണം കട്ടികട്ടിയായി ശേഖരിച്ചു വച്ചിരുന്നതായി ജനങ്ങൾ ഇക്കാലത്തും പറഞ്ഞുവരുന്നുണ്ട്.

രാജവംശവുമായി ബന്ധുത്വമുള്ള കുടുംബങ്ങളോടു മഹാരാജാവു പ്രത്യേകമായ കാരുണ്യം പ്രദർശിപ്പിച്ചു.

പുരാതനനിയമങ്ങൾകൊണ്ടും, വിദ്യാഭ്യാസത്തിന്റെയും ധനത്തിന്റെയും അഭാവംകൊണ്ടും, അപകൃഷ്ടരായിരുന്ന സമുദായങ്ങളെ കരുണാർദ്രമായ വാത്സല്യത്തോടുകൂടി അവിടുന്നു കടാക്ഷിച്ചു. സുദൃഢമായ ദൈവഭക്തി, സർവ്വതോമുഖമായ ഭൂതദയ, പ്രജാവർഗ്ഗങ്ങളോട് അത്യധികമായ വാത്സല്യം, എന്നിങ്ങനെയുള്ള വിശിഷ്ടഗുണങ്ങൾ എല്ലാം തിരുമനസ്സിലെ സകലപ്രവൃത്തികളിലും തെളിഞ്ഞു.

ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടും വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടും ആദ്യം സ്നേഹമായിട്ടു കഴിഞ്ഞുവന്നു. എന്നാൽ കാലാന്തരത്തിൽ ജ്യേഷ്ഠാനുജന്മാർ തമ്മിൽ വളരെ രസക്കേട് ഉണ്ടായി. തമ്മിൽ കാണുകയില്ലെന്നുള്ള നിർബന്ധവും തുടങ്ങി. മഹാരാജാവിന്ന് അവസാനത്തെ ആലസ്യം ആരംഭിച്ചപ്പോൾ വിശാഖംതിരുനാൾ തിരുമനസ്സിലെ വജ്രതുല്യമായ ഹൃദയം ഉരുകി. ജ്യേഷ്ഠനെ കാണണമെന്നുള്ള ആഗ്രഹം നിമിഷംപ്രതി വളർന്നു. മഹാരാജാവു കുറേ ദിവസം അനുവാദം കൊടുത്തില്ല. ഇളയരാജാവു വീണ്ടും വീണ്ടും നിർബന്ധിക്കയാൽ ജ്യേഷ്ഠന്റെ മനസ്സു സഹോദരവാത്സല്യത്തിന്ന് അധീനമായിത്തീർന്നു. വളരെക്കാലമായി പരസ്പരസ്പർദ്ധാലുക്കളായിരുന്ന ജ്യേഷ്ഠാനുജന്മാർ തമ്മിൽ കണ്ട സമയം രണ്ടുപേരും കരഞ്ഞുപോയി. അവരുടെ വിരോധങ്ങൾ എല്ലാം വിസ്മൃതമായി. അനുജൻ ജ്യേഷ്ഠസന്നിധിയിൽനിന്ന് ഒരു സമയവും മാറാതെ അതിസ്നേഹത്തോടുകൂടി ശുശ്രൂഷകൾ ചെയ്തു. എന്നാൽ

അതുകൊണ്ടാകട്ടെ, ഭിഷഗ്വരന്മാരുടെ ചികിത്സാപാടവം കൊണ്ടാകട്ടെ, യാതൊരു ഫലവും ഉണ്ടായില്ല. ൧൦൪൪ ഇടവം ൧ൻ-ാനു- മഹാരാജാവിൻെറ പ്രപഞ്ചക്ലേശങ്ങൾ അവസാനിച്ചു. അവിടുത്തെ ഭരണദശ തിരുവിതാംകൂർ ചരിത്രത്തിൽ അതിപ്രധാനമായ കാലമായിരുന്നു.

---

൨൦. വിശാഖംതിരുനാൾ മഹാരാജാവ്.

ആയില്യം തിരുനാൾ മഹാരാജാവിൻെറ കിരീടം വിശാഖംതിരുനാളിൻെറ ശിരസ്സിൽ സവിശേഷം ശോഭിച്ചു. യുവരാജാവായിരുന്ന കാലത്തുതന്നെ അവിടുത്തെ പ്രസിദ്ധി ഇൻഡ്യാമഹാരാജ്യം മുഴുവൻ വ്യാപിച്ചിരുന്നു. അസാമാന്യമായ ബുദ്ധിശക്തി, മാധവരായരുടെ പരിപോഷണത്താലും സ്വന്താ പരിശ്രമത്താലും പുഷ്ടമായ പാണ്ഡിത്യം, ദേഹാസ്വാസ്ഥ്യം വകവയ്ക്കാതെ ജോലി ചെയ്യാനുള്ള സന്നദ്ധത, തികഞ്ഞ രാജ്യാഭിമാനം, എന്നിങ്ങനെ വിജയത്തിനുള്ള സകല സിദ്ധികളും അവിടുത്തേയ്ക്കു് ഉണ്ടായിരുന്നു. ചെറുപ്പത്തിൽ അവിടുന്നു് മദ്രാസ് ഗവർണ്ണരെ സന്ദർശിച്ചപ്പോൾ സായ്പ്പിനുണ്ടായ സന്തോഷബഹുമാനങ്ങൾ സീമാതീതമായിരുന്നു. ഗവർണ്ണർ റെസിഡെൻറിനു് ഇപ്രകാരം എഴുതിഅയച്ചു:-

"അവിടുന്നു്, ഞാൻ കണ്ടിട്ടുള്ള എല്ലാ നാട്ടുകാരെക്കാളും ബുദ്ധിമാനാണു്. രാജ്യഭാരം ചെയ്തുവരുന്ന അവി

ട്ടത്തെ ജ്യേഷ്ഠനും ഇതുപോലെയുള്ള ബുദ്ധിയുള്ള ആളാണെങ്കിൽ തിരുവിതാംകൂറിനു് അതിഭാഗ്യം തന്നെ.''

അവിടുത്തെ വാഗ്ധാടി സകല ജനങ്ങളെയും ആശ്ചര്യപരതന്ത്രരാക്കി. അവിടുന്നു പത്രങ്ങളിൽ എഴുതിയ ലേഖനങ്ങൾ ലോകർ വായിച്ചു രസിക്കയും പഠിക്കയും ചെയ്തു. രാജ്യവാസികളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അന്വേഷിച്ചറിയുന്ന വിഷയത്തിൽ അവിടുന്നു സദാ ജാഗരൂകനായിരുന്നു. കലാവല്ലഭത്വം തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ പൊതുസ്വത്താണ്. യുവരാജാവായിരിക്കുമ്പോൾത്തന്നെ വിശാഖം തിരുനാൾ ചിത്രമെഴുത്തു്, ദന്തവേല, മുതലായ കരകൌശലങ്ങളുടെ അഭിവൃദ്ധിക്കു സഹായം ചെയ്തിരുന്നു. പ്രസിദ്ധനായ കിളിമാനൂർ രവിവർമ്മകോയിത്തമ്പുരാനെ ആദ്യം പ്രോത്സാഹിപ്പിച്ചതു് ആ തിരുമനസ്സുകൊണ്ടു് ആയിരുന്നു. ഉദ്യാനത്തിൽ ചെടികൾ നട്ടുവളർത്തുന്നതിൽ അവിടുന്നു പ്രദർശിപ്പിച്ച താൽപര്യം അന്യാദൃശമായിരുന്നു. കൃഷിക്കാർക്കു് ആദായം വർദ്ധിപ്പിക്കുവാൻ അവിടുന്നു് എന്നും ശ്രമിച്ചുകൊണ്ടിരുന്നു. പരീക്ഷയ്ക്കായി വടക്കേക്കൊട്ടാരത്തിലെ തോട്ടത്തിൽ നൂതനസമ്പ്രദായത്തിലുള്ള കൃഷികൾ പലതും ചെയ്യിപ്പിച്ചു. ഇന്നു തിരുവിതാംകൂറിൽ പാവപ്പെട്ടവർക്കു് മുഖ്യാഹാരമായ തീനിരിക്കുന്ന മരിച്ചീനിക്കു് ഈ നാട്ടിൽ പ്രചാരമുണ്ടാക്കിയതു് അവിടുന്നായിരുന്നു.

തിരുമനസ്സിലേയ്ക്കു രാജ്യഭാരം ലഭിച്ചുവെന്ന സന്തോഷവർത്തമാനം അറിഞ്ഞ ഉടൻതന്നെ അന്നത്തേ ബ്രിട്ടീഷ്

റെസിഡെൻറ് അവിട്ടത്തേയ്ക്ക് അയച്ചിരുന്ന അനുമോദനക്കത്തിൽ അവിട്ടത്തെപ്പററി വളരെ ശ്ലാഘിച്ചു പറഞ്ഞിരുന്നു. തിരുമനസ്സുകൊണ്ടു രാജ്യഭാരം കൈയേല്ക്കുന്നതു തിരുവിതാംക്കൂർ നിവാസികളുടെ ഭാഗധേയമെന്നായിരുന്നു എഴുത്തിൻെറ സാരം. റെസിഡെൻറിൻെറ ഈ അഭിപ്രായം കേവലം മാമൂലനുസരിച്ചുള്ള ഒരു പ്രശംസയായിരുന്നില്ല. മഹാരാജാവിൻെറ ബുദ്ധിശക്തിയും കൃത്യനിഷ്ഠയും പരിശ്രമശീലവും തിരുവ് താംക്കൂറിൽ മാത്രമല്ല ഇൻഡ്യാസാമ്രാജ്യം ഒട്ടുക്ക് അറിയാമായിരുന്നു. അവിട്ടത്തെ രാജ്യഭാരംകൊണ്ടു് തിരുവിതാംക്കൂർ സംസ്ഥാനത്തിന് അത്ഭുതപൂർവമായ ഐശ്വര്യം ഉണ്ടാകുമെന്ന് എല്ലാവക്കും തീർച്ചയായി. രാജ്യഭാരം കൈയേററ ഉടൻതന്നേ നാണുപിള്ള ദിവാൻജിയെ പിരിച്ചയച്ചിട്ടു തിരുമനസ്സുകൊണ്ടു് രാമയ്യങ്കാരെ നിയമിച്ചു.

മഹാരാജാവും ദിവാൻജിയും അന്യോന്യം സ്നേഹത്തിൽ വർത്തിച്ചു. അതിനാൽ കാര്യങ്ങൾ ഭംഗിയായി നിർവഹിക്കുന്നതിനും, രാജ്യത്തിൻെറ അഭിവൃദ്ധിക്ക് ആവശ്യകമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും, സൗകര്യം ലഭിച്ചു. തിരുമനസ്സുകൊണ്ടു് രാജ്യഭാരം തുടങ്ങിയ കാലത്തു പ്രജകളിൽനിന്നു സർക്കാരിലേക്കു വരേണ്ടതായ കരത്തിൽ വളരെ കുടിശിഖ ഉണ്ടായിരുന്നു. സർക്കാരുദ്യോഗസ്ഥന്മാരുടെ അനീതികളിൽ നിന്നും ജനങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കള്ളക്കണക്കുകൾ വയ്ക്കുക, രസീതുകൊടുക്കാതിരിക്കുക.

എന്നിങ്ങനെയുള്ള അന്യായങ്ങൾകൊണ്ടു് നാട്ടുകാർ നന്നേ വലഞ്ഞു. അന്നു സർക്കാരിലേയ്ക്കു കൊടുക്കേണ്ട കരം മിക്കവാറും നെല്ലായിട്ടായിരുന്നു. അതുകൊണ്ടു കരം പിരിക്കുവാൻ പോകുന്ന ഉദ്യോഗസ്ഥന്മാൎക്കു് ജനങ്ങളെ ഉപദ്രവിക്കുവാൻ നല്ല സൗകൎയ്യംകിട്ടി. ഇങ്ങനെയുള്ള കുഴപ്പങ്ങളെ അമർച്ചവരുത്തി പ്രജകളെ രക്ഷിക്കുവാൻ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു് തീർച്ചപ്പെടുത്തി. വളരെക്കാലമായി കുടിശിഖ കിടന്ന കരം മുഴുവൻ ഇളച്ചുകൊടുക്കാൻ കല്പനചെയ്തു. ഈ വകയിൽ ഗവൺമെൻറിനു് ഏഴെട്ടു ലക്ഷം രൂപാ നഷ്ടം ഉണ്ടായി. എങ്കിലും സൗജന്യപൂൎണ്ണമായ ഈ ഏർപ്പാടുനിമിത്തം പ്രജകൾക്കു് ഉണ്ടായ ഗുണം സീമാതീതമായിരുന്നു.

ഉദ്യോഗസ്ഥന്മാർ ശരിയായി ജോലി ചെയ്യാതിരുന്നാൽ സർക്കാർകാൎയ്യങ്ങൾ വേണ്ടതുപോലെ നടക്കയില്ലെന്നു് അവിടുന്നു് അറിഞ്ഞു. അവരെ പ്രോത്സാഹിപ്പിക്കുവാനും കൈക്കൂലി മുതലായ അഴിമതികൾ നിൎത്തുവാനുമായി യോഗ്യതപോലെ അവൎക്കു ശമ്പളക്കൂടുതൽ കൊടുത്തു. സർക്കാർജീവനക്കാരുടെ അധികാരങ്ങളും ജോലികളും ചുമതലകളും അവൎക്കു തന്നെ വിശദമായി അറിയാമായിരുന്നില്ല. രാജ്യകാൎയ്യങ്ങൾ സംബന്ധിച്ചു് അനേകം റെഗുലേഷനും തിരുവെഴുത്തു വിളംബരങ്ങളും മററു നിയമങ്ങളും ഇല്ലാതിരുന്നില്ല. എങ്കിലും അവ ക്രമീകരിച്ചിട്ടില്ലാതിരുന്നതിനാൽ കാൎയ്യങ്ങൾ ഗ്രഹിക്കുവാൻ വളരെ പ്രയാസമായിരുന്നു. ഈവക നിയമങ്ങൾ എല്ലാം തിരഞ്ഞെടുത്തു ക്രമപ്പെടുത്തുവാനായി തക്കതായ

ഒരു കമ്മിററി ഏർപ്പെടുത്തി. മഹാരാജാവിൻെറയും ദിവാൻജിയുടെയും ശ്രദ്ധ ഓരോ ഡിപ്പാർട്ടുമെൻറുകളുടെ പരിഷ്കരണവിഷയത്തിൽ പതിഞ്ഞു. പരിഷ്കാരങ്ങൾ മിക്കതും നീതിപരിപാലനത്തെയും മുതലെടുപ്പിനെയും സംബന്ധിച്ചായിരുന്നു.

രാജഭണ്ഡാരത്തിൽ ക്രമേണ മുതൽ കൂടിത്തുടങ്ങി. തിരുമനസ്സുകൊണ്ടു് രാജ്യഭാരം തുടങ്ങിയ കൊല്ലത്തിലെ അഭിവൃദ്ധിയെപ്പററി മദ്രാസ് ഗവമ്മെൻറു താഴെപറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു:—"ആദ്യത്തെ കൊല്ലത്തിൽ തന്നെ നാട്ടിൽ അഭൂതപൂർവമായ ഐശ്വര്യം സംഭവിച്ചതുകൊണ്ടു് മഹാരാജാവിനു വലുതായ ചാരിതാത്ഥ്യത്തിന് അവകാശമുണ്ടു്. ഓരോ വകുപ്പിലും മുതൽകൂടുതൽ കണ്ടിരിക്കുന്നു. അഞ്ചുലക്ഷം രൂപാ മിച്ചവും വന്നിട്ടുണ്ടു്."

വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സിലേ കാലത്തു് ആരംഭിച്ച വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ കണ്ടെഴുത്തും സർവേയും ആയിരുന്നു. അവകൊണ്ടുള്ള ഉപയോഗം ജനങ്ങളെ മനസ്സിലാക്കുവാനായി പ്രമാണികളായ നാട്ടുകാരുടെ ഒരു യോഗം തിരുവനന്തപുരത്തു വിളിച്ചുകൂട്ടി. യോഗത്തിൽ സന്നിഹിതരായിരുന്ന മഹാജനങ്ങളോടു മുൻപറഞ്ഞ ഡിപ്പാർട്ടുമെൻറുകളുടെ ഉപയോഗത്തെക്കുറിച്ചു ദിവാൻജി ദീർഘമായി പ്രസംഗിച്ചു. ആ പ്രസംഗത്തിൻെറ സാരം താഴെ പറയുംപ്രകാരം ആണ്.—"ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ മഹാരാജാവിനെ പ്രേരിപ്പിച്ചിട്ടുള്ളതു കരംകൂട്ടിവയ്ക്കണ

മെന്നുള്ള ആഗ്രഹമല്ല. കണ്ടെഴുത്തുകൊണ്ടു വസ്തുക്കൾ തമ്മിൽ തരം തിരിക്കുവാനും, അതനുസരിച്ചു ന്യായമായ കരം ചുമത്തുവാനും, സാധിക്കുന്നതാണ്. സർവേയുടെ ഉദ്ദേശം വസ്തുക്കളുടെ അതിരു തിരിക്കുകയാകുന്നു. സർവേ ചെയ്ത സ്ഥലങ്ങൾ കണ്ടെഴുതി പട്ടയം പതിച്ചു കൊടുക്കുന്നതു വസ്തു ഉടമസ്ഥന്മാക്ക് വലിയ രക്ഷയാകുന്നു. നാട്ടിലുള്ള നിലം പുരയിടങ്ങൾ ശരിയായ വിധത്തിൽ അളന്നു തിട്ടപ്പെടുത്തി നികുതിയെ ക്രമീകരിച്ചു ന്യായമായ വിധത്തിൽ ഏർപ്പാടു ചെയ്യുന്നതുകൊണ്ടു രാജ്യത്തിൽ കൃഷിക്കു വർദ്ധനയും, സർവ്വതോമുഖമായ ഐശ്വര്യവും ഉണ്ടാകുന്നു." സർവേ, കണ്ടെഴുത്ത്, എന്നീ ഡിപ്പാർട്ടുമെൻറുകൾകൊണ്ടു തിരുവിതാംകൂർനിവാസികൾക്ക് അപരിമിതമായ ഗുണം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിരാക്ഷേപമായ സംഗതിയാണ്.

വിശാഖം തിരുമനസ്സിലേ കാലത്തു വേറെയും പല പരിഷ്കാരങ്ങൾ നടപ്പിൽവന്നിട്ടുണ്ട്. ജനങ്ങൾക്കു വളരെ ഉപദ്രവകരമായിരുന്ന ചില ചുങ്കങ്ങളും തീരുവകളും അവിടുന്നു നിറുത്തൽചെയ്തു. വിരുത്തിക്കാരുടെ ബുദ്ധിമുട്ടുകളെ കഴിയുന്നിടത്തോളം കുറച്ചു. ഏററുമതി, ഇറക്കുമതി, ഇവയ്ക്കുള്ള തീരുവകൾ ലഘൂപ്പെടുത്തി. കന്നുകാലിപ്രദർശനങ്ങൾ, കൃഷിപ്രദർശനങ്ങൾ, മുതലായവയെ പ്രോത്സാഹിപ്പിച്ചു പ്രജകൾക്ക് അവയെപ്പററിയുള്ള അറിവു വർദ്ധിപ്പിച്ചു. അനേകം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു പ്രാഥമിക വിദ്യാഭ്യാസത്തെ പ്രചാരപ്പെടുത്തി. തെക്കൻ ഡിവിഷനിൽ കൃഷിക്ക് ഉപയോഗത്തിനായി പല മരാമത്തു വേലകളും ചെയ്യിപ്പിച്ചു.

തിരുമനസ്സിലേ ഭരണകാലത്തായിരുന്നു കൊച്ചിയും തിരുവിതാംകൂറും തമ്മിൽ നടന്നുകൊണ്ടിരുന്ന ചില വലിയ തക്കങ്ങൾ തീരുമാനിച്ചതു്. രണ്ടു രാജ്യങ്ങളും തമ്മിൽ ഉണ്ടായ തക്കത്തിന് ഒന്നിലധികം വിഷയങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവയിൽ പ്രധാനമായതു് ഇരിങ്ങാലക്കുടക്ഷേത്രം സംബന്ധിച്ചായിരുന്നു. കൊച്ചിരാജ്യത്തിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത ക്ഷേത്രം വളരെ മുതലെടുപ്പുള്ളതാണ്. ക്ഷേത്രകാര്യങ്ങളിൽ അധിപൻ തച്ചുടയകയ്മൾ എന്ന സ്ഥാനിയാകുന്നു. ആ സ്ഥാനത്തിലേക്ക് ആൾ നിയമിക്കുന്നതു തിരുവിതാംകൂർ മഹാരാജാവിന്റെ പരമ്പരാവകാശമാണ്. കൊച്ചിഗവമ്മെൻറ് ആ അവകാശത്തെ ചോദ്യം ചെയ്തപ്പോൾ ബ്രിട്ടീഷ് ഗവമ്മെൻറിൽ നിന്നും ഉണ്ടായ തീരുമാനം നമ്മുടെ രാജ്യത്തേയ്ക്ക് അനുകൂലമായിട്ടായിരുന്നു. അതിനാൽ തിരുവിതാംകൂർ നിവാസികൾക്കു വലുതായ സന്തോഷവും കൊച്ചിക്കാർക്ക് കുണ്ഠിതവും ഉണ്ടായി.

൧൦൮൬-ാമാണ്ടു ധനുമാസത്തിൽ തിരുമനസ്സുകൊണ്ടു് ഉത്തര ഇൻഡ്യയിലേയ്ക്കു് എഴുന്നള്ളി. എല്ലാ സ്ഥലങ്ങളിലും അതാതു ദേശക്കാർ അവിടുത്തെ യഥാ യോഗ്യം സൽക്കരിച്ചു. പൗരന്മാർ മംഗളപത്രങ്ങൾ സമപ്പിച്ചു. നാട്ടിൽ മടങ്ങിവന്നു് അധികകാലം കഴിയുന്നതിനു മുമ്പു് കേ. ജീ. സീ. എസ്സ്. ഐ. എന്ന ഉൽകൃഷ്ടബിരുദം സ്വീകരിപ്പാനായി അവിടുന്നു് മദ്രാസിലേയ്ക്കു വീണ്ടും എഴുന്നള്ളി. മഹാരാജാവിന്റെ ആഗമനം പ്രമാണിച്ചു മദ്രാസിൽ വളരെ ആഘോഷങ്ങൾ

ഉണ്ടായിരുന്നു. ബിരുദംകൊടുക്കുന്ന അവസരത്തിൽ ഗവ ൎണ്ണർ ഇങ്ങനെ പറഞ്ഞു:—

"അല്ലയോ മഹാരാജാവേ! തിരുവിതാംകൂർ രാജ്യത്തിലേ ആചാരവും, രാജവംശത്തിൻെറ ദായക്രമവും, അനുസരിച്ചു അവിടുന്നു രാജാവായിത്തീർന്നു. തിരുവിതാംകൂർ രാജ്യം ഏഷ്യാഖണ്ഡത്തിലുള്ള ഏററവും മനോഹരമായ പ്രദേശങ്ങളിൽ ഒന്നാണ്. ബാല്യത്തിലേതന്നെ പാശ്ചാത്യവിദ്യാഭ്യാസത്താൽ മനഃപരിഷ്കാരം വന്നിട്ടുള്ള അവിടുന്ന് പ്രജകളെ പരിപാലിക്കുന്ന കൃത്യം വളരെ ഭംഗിയായി നിർവഹിക്കുന്നു. അവിടുത്തെ ചുമതലകൾ ശരിയായി നടത്തിയതിലുള്ള സന്തോഷത്തെകാണിക്കുവാനാണ് ഇൻഡ്യാ ചക്രവത്തിനി തിരുമനസ്സുകൊണ്ടു് അവിടുത്തേയ്ക്കു് ഈ ഉന്നതസ്ഥാനം നല്കിയിരിക്കുന്നതു്. ഈ സ്ഥാനത്തിൻെറ ചിഹ്നമായ മുദ്രയും ധരിച്ചു് അവിടുന്നു വളരെക്കാലം ജീവിച്ചിരിക്കുവാൻ വേണ്ടി ഞാൻ സർവശക്തനെ പ്രാത്ഥിക്കുന്നു. ബ്രിട്ടീഷ്ഗവർമ്മെൻറിൻെറ മൈത്രി ഉള്ളതുകൊണ്ടു് അവിടുത്തേയ്ക്കു ശത്രുക്കളെ ഭയപ്പെടുവാനില്ല. അതുകൊണ്ടു പുരാതനപരിഷ്കാരത്തിൻെറ ജന്മഭൂമിയായ ഈ നാട്ടിൽ പാശ്ചാത്യപരിഷ്കാരത്തിൻെറ ഏതാനും അംശങ്ങൾ കൂടി നടപ്പിൽ വരുത്തുവാൻ ഞങ്ങൾ ചെയ്യുന്ന പരിശ്രമത്തിൽ അവിടുന്നും കൂടി പങ്കുകൊള്ളുമെന്നു് ആശിക്കുന്നു."

മദ്രാസിൽനിന്നും തിരിച്ചു് എഴുന്നള്ളിയപ്പോൾ പാണ്ടിച്ചേരി സന്ദർശിക്കയും, ചിദംബരം മധുര മുത

ലായ പുണ്യക്ഷേത്രങ്ങളിൽ ആരാധന നടത്തുകയുംചെയ്തു. അതിൻെറശേഷം രാമേശ്വരത്തേയ്ക്ക് എഴുന്നള്ളി ശാസ്ത്രോക്തമായ സൽകമ്മങ്ങൾ നടത്തി. ചെയ്യേണ്ടതു മുഴുവനാകാതെ പകുതിയാക്കി നിർത്തുന്നതു മഹാരാജാവിനു വളരെ വിരോധമായിരുന്നു. മനസ്സില്ലാമനസ്സോടു മതകമ്മങ്ങൾ ചെയ്യുന്നതിനെക്കാൾ ചെയ്യാതിരിക്കുന്നതാണു നല്ലതെന്ന് അവിടുന്നു പലപ്പോഴും പറയാറുണ്ടായിരുന്നത്രേ. പ്രവൃത്തി നിശ്ചയമായിട്ടും അപ്രകാരം തന്നെ. കത്തവ്യബോധം തിരുമനസ്സിലേ മഹനീയഗുണങ്ങളിൽ പ്രധാനമായ ഒന്നായിരുന്നു.

പ്രജകളെ പരിപാലിക്കുന്നതിലും മതകൃത്യങ്ങൾ നടത്തുന്നതിലും താൽപയ്യത്തോടുകൂടി അവിടുന്നു ദിവസം കഴിച്ചു. രാത്രിയും പകലും മുഷിഞ്ഞു ജോലി ചെയ്യുന്നതിൽ അവിടുത്തേയ്ക്ക് അല്പമെങ്കിലും ഉദാസീനത ഉണ്ടായില്ല. ഹജൂരിൽ നിന്നു വരുന്ന കടലാസുകെട്ടുകൾ അന്നന്നു രാത്രിതന്നെ നോക്കി ആവശ്യമെന്നു കാണുന്ന ഭേദഗതികൾ ചെയ്തു തുല്യം ചാർത്തുകയും, പിറേറദിവസം പ്രഭാതത്തിനു മുൻപു ദിവാൻജിയുടെ കൈയിൽ കിട്ടത്തക്കവണ്ണം അയച്ചു കൊടുക്കുകയും, പതിവായിരുന്നു. അതുകൂടാതെ പരിഷ്കൃതലോകത്തിൻെറ പല ഭാഗങ്ങളിലുമായി അവിടുത്തേയ്ക്ക് ഉണ്ടായിരുന്ന അസംഖ്യം സ്നേഹിതന്മാക്ക് ദീർഘമായ എഴുത്തുകളും എഴുതാറുണ്ടായിരുന്നു. ഇതെല്ലാം കഴിച്ചിട്ടാണ് സൂയ്യോദയത്തോടുകൂടി തിരുമനസ്സുകൊണ്ടു സവാരി എഴുന്നള്ളിയിരുന്നതു്. തിരിച്ചു കൊട്ടാരത്തിൽ എഴുന്നള്ളിയാൽ സ്നാനാദിനിത്യ

കമ്മങ്ങൾ എല്ലാം നടത്തി അമൃതേത്തും കഴിഞ്ഞു പതി നൊന്നുമണിയോടുകൂടി വീണ്ടും ജോലിയിൽ പ്രവേശി ക്കും. അങ്ങനെയായിരുന്നു ദിനചര്യ.

നാടുവാഴുന്ന മഹാരാജാവ് ബുദ്ധിമുട്ടി ജോലിചെ യ്യുമ്പോൾ അവിടുത്തെ ഭൃത്യന്മാൎക്ക് അലസരായിരിക്കു വാൻ സാധിക്കയില്ലെന്നുള്ളതു നിശ്ചയമാണല്ലോ. തിരു മനസ്സിലെ സത്യനിഷ്ഠ സൎക്കാർജീവനക്കാരെ സത്യവാ ന്മാരാക്കിത്തീർത്തു. കൈക്കൂലി മുതലായ അഴിമതികൾ നാടുവിട്ടോടി. ശുപാർശയും മററും കൊണ്ടു കാൎയ്യസാദ്ധ്യം ഉണ്ടാകയില്ലെന്നു ദൂരദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾ ക്കുകൂടി ബോദ്ധ്യപ്പെട്ടു. മഹാരാജാവിൻെറ നാമധേയം കേട്ടാൽ ദുഷ്ടന്മാർ നടുങ്ങിയിരുന്നു. അവിടുത്തെ ഭരണം വളരെ ഊൎജ്ജസ്വലവും, പ്രജകൾക്ക് അത്യന്തം ഗുണപ്ര ദവും ആയിരുന്നു.

നാട്ടിൽ വ്യവസായങ്ങളെ പ്രബലപ്പെടുത്തുവാൻ അവിടുന്നു തീവ്രമായ യത്നംചെയ്തു. സൎക്കാരിൽനിന്നു തന്നെ ഒരു കരകൗശലശാല സ്ഥാപിച്ചു. തിരുമനസ്സിലെ പ്രോത്സാഹനംകൊണ്ടു കൊല്ലത്ത് ഒരു നെയ്ത്തുശാല ആരംഭിച്ചു. കടലാസ്സ് ഉണ്ടാക്കുവാനായി പുനലൂർ എന്ന സ്ഥലത്ത് ഏൎപ്പെടുത്തിയ വ്യവസായശാലയും അവി ടുത്തെ നിരന്തരമായ പ്രോത്സാഹനത്തിൽ നിന്നാണ് ഉത്ഭവിച്ചത്. ഇപ്രകാരമുള്ള ഉദ്യമങ്ങൾക്ക് എല്ലാ ററിനും ഉപരിയായി തിരുനെൽവേലിയിൽ നിന്നും കൊ ല്ലംവരെ റെയിൽ നടപ്പിൽവരുത്തുവാനും അവിടുത്തേ യ്ക്കു് ആഗ്രഹം ഉണ്ടായി. എന്നാൽ അതു സാധിക്കു

വാൻ ഭാഗ്യമുണ്ടായതു് അവിടുത്തെ അനന്തരവനായ ശ്രീമൂലം തിരുനാൾ മഹാരാജാവു് തിരുമനസ്സിലേയ്ക്കായിരുന്നു.

ജ്ഞാനം വർദ്ധിക്കുന്തോറും ഈശ്വരഭക്തിയും അധികമായിത്തീരുമെന്നുള്ളതിനു വിശാഖം തിരുമനസ്സിലെ ചരിത്രം ഒരു നല്ല ഉദാഹരണമാണ്. ആദ്ധ്യാത്മികമായ വിഷയങ്ങളുടെ സൂക്ഷ്മമായ ഗ്രഹണത്തിനു ധ്യാനം അപരിത്യാജ്യമെന്ന് അവിടുത്തേയ്ക്കു അറിയാമായിരുന്നു. ഹിന്ദുമതത്തിൻ സഹജമായിത്തീർന്നിരിക്കുന്ന കർമ്മങ്ങൾ അവിടുന്ന് ഉത്സാഹത്തോടും വിശ്വാസത്തോടുംകൂടി അനുഷ്ഠിച്ചുവന്നു. അവിടുന്നു രാജ്യാശ്രമമുനിയാണെന്നു സ്വയം കല്പിക്കാറുണ്ടായിരുന്നു. ഒരു മുനിക്ക് ആശ്രമം എങ്ങനെയോ അങ്ങനെ തിരുവിതാംകൂർരാജ്യം അവിടുത്തേയ്ക്കു സേവനവ്രതത്തിനുള്ള ഒരു മഹാശ്രമം ആയിരുന്നു. വാർദ്ധക്യത്തിൽ മുനിവൃത്തിഅവലംബിച്ച് ഈശ്വരധ്യാനൈകനിരതനായി വർത്തിക്കണമെന്നും അവിടുന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ അതിനു ഭാഗ്യം ഉണ്ടായില്ല.

൧൦൬൧-ാം മിഥുനമാസത്തിൽ അവസാനത്തേ രോഗം അവിടുത്തെ ബാധിച്ചു. രണ്ടാഴ്ചവട്ടം കഴിയുന്നതിനുമുമ്പു് ബന്ധുജനങ്ങളെയും പ്രജാസമൂഹങ്ങളെയുമെല്ലാം ദുഃഖാർണ്ണവത്തിൽ നിമഗ്നരാക്കിയിട്ടു അവിടുന്നു സ്വർഗ്ഗം പ്രാപിക്കുകയുംചെയ്തു. അവിടുത്തേ ബുദ്ധിശക്തിയും പാണ്ഡിത്യവും സന്മാർഗ്ഗനിഷ്ഠയും വിശാലഹൃദയത്വവും, എല്ലാത്തിലും ഉപരിയായ പ്രജാവാത്സല്യവും,

ഒരിക്കലും വിസ്മൃതമായിപ്പോകുന്നതല്ല. വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവിൻെറ യശസ്സ് തിരുവിതാംകൂർ ചരിത്രത്തിൽ എല്ലാക്കാലത്തും പ്രശോഭിക്കും.

---

൨൧. ശ്രീമൂലംതിരുനാൾ മഹാരാജാവ്.

സുപ്രസിദ്ധന്മാരായ മാതുലന്മാരുടെ രാജ്യത്തിനും യശസ്സിനും അവകാശിയായ ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു് കിരീടപതിയാകാൻ സർവ്വഥാ യോഗ്യനായിരുന്നു. പ്രസവിച്ച് ഒരുമാസം കഴിയുന്നതിനുമുൻപുതന്നെ അവിടുത്തെ മാതാവു പരലോകം പ്രാപിക്കയാൽ, മാതുലന്മാൎക്കു് അവിടുത്തേനേൎക്കു് അസാധാരണമായ വാത്സല്യമുണ്ടായി. രാജകുമാരൻെറ ബുദ്ധി ബാല്യത്തിലേതന്നെ വികസിച്ചുതുടങ്ങി. അവിടുത്തെ പഠിത്തവിഷയത്തിൽ വിശാഖം തിരുനാൾ പ്രത്യേകം ശ്രദ്ധിച്ചുവന്നു. കുതിരസ്സവാരി മുതലായ കായികാഭ്യാസങ്ങളിലും തിരുമനസ്സുകൊണ്ടു വിദഗ്ദ്ധനായിത്തീൎന്നു. തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു കാൎയ്യങ്ങൾ കണ്ടറിഞ്ഞതിനും പുറമേ, തിരുമനസ്സുകൊണ്ടു് ബ്രിട്ടീഷിൻഡ്യയിലെ പല ഭാഗങ്ങളും സന്ദൎശിച്ചു രാജ്യത്തിൻെറയും ജനങ്ങളുടെയും സ്ഥിതിഗതികൾ മനസ്സിലാക്കി. വിശാഖം തിരു

ശ്രീ മൂലം തിരുനാൾ മഹാരാജാ തിരുമനസ്സുകൊണ്ടു്.

നാ
ഝനാ
നത്ത
ത്തു
ചാത
രാജ്യ
ഏറ
പ്രസ
സ്ഥാ
ഖമായ

പോ
നല്ലതോ
ല്ലാം
ട്ടത്താ
ആ പ
ശരിയ
ഞ്ചലക
യും ഉ
ക്കേണ

മിതഭോ
റു ഭേ
സമയമാ
ഉള്ള വ്യ

നാൾ മഹാരാജാവിനു മൂപ്പു കിട്ടിയപ്പോൾ ശ്രീമൂലംതിരുനാളിന് ഇളയരാജാ എന്ന സ്ഥാനം ലഭിച്ചു. ആ സ്ഥാനത്തിൻെറ ലക്ഷ്യമായ കിന്നരിത്തൊപ്പി മഹാരാജാവു തൃക്കൈകൊണ്ടുതന്നെ പ്രിയഭാഗിനേയൻെറ ശിരസ്സിൽ ചാൎത്തി. അന്നുമുതൽ അവിടുത്തെ ബുദ്ധിയും ശ്രദ്ധയും രാജ്യകാൎയ്യങ്ങളിൽ കൂടുതലായി പ്രവേശിച്ചുതുടങ്ങി. മൂപ്പ് ഏററപ്പോൾ ശ്രീമൂലം തിരുനാൾ മഹാരാജാവു ചെയ്ത പ്രസംഗത്തിൻെറ ഓരോ വാചകത്തിലും പ്രത്യക്ഷപ്പെട്ട സ്ഥായിയായ രസം ദൃഢമായ ദൈവവിശ്വാസവും വിപുലമായ രാജ്യാഭിമാനവും ആയിരുന്നു.

"സൎവ്വശക്തനായ ജഗദീശ്വരൻെറ നിശ്ചയം പോലെയല്ലാതെ ഒരു കാൎയ്യവും നടക്കുകയില്ലെന്നു നമുക്കു നല്ലപോലെ അറിയാവുന്നതാണ്. അന്ധകാരങ്ങളെല്ലാം ആ സൎവ്വശക്തൻ തെളിക്കും. താങ്ങി ബലപ്പെട്ടുത്താനുള്ളതെല്ലാം ലോകനിയന്താവു താങ്ങിക്കൊള്ളും. ആ പരമകാരുണികൻ ഈ ഭക്തൻെറ കൎത്തവ്യങ്ങൾ ശരിയായി നടത്തുവാൻ വഴി കാണിക്കണേ. ഇരുപത്തഞ്ചുലക്ഷം പ്രജകളുള്ള ഈ രാജ്യത്തിനു ഭൂതിയും ഖ്യാതിയും ഉണ്ടാകത്തക്കവണ്ണം രാജ്യഭാരം ചെയ്വാൻ അനുഗ്രഹിക്കേണമേ."

തിരുമനസ്സിലെ ദിനചൎയ്യാക്രമം പരിശ്രമത്തിനും മിതഭോഗത്തിനും ആദർശമായിരുന്നു. രാവിലെ എന്നീററു ദേഹശുദ്ധി വരുത്തിയ ഉടനേ മുഖം കാണിക്കാനുള്ള സമയമായി. വന്നിട്ടുള്ളവർ വലുതെന്നും ചെറുതെന്നും ഉള്ള വ്യത്യാസം തിരുമനസ്സിലേയ്ക്കു ഉണ്ടായിരുന്നില്ല.

ആരെങ്കിലും വന്നിട്ടുണ്ടെന്ന് അകത്തറിയിച്ചാൽ ഉടൻ തന്നെ വിളിക്കാൻ കല്പിക്കും. അവരവൎക്കു യോജിച്ച മാതിരിയിലും, എന്നാൽ എല്ലാവരോടും കാരുണ്യാതിരേകത്തോടുകൂടിയും, സംഭാഷണംചെയ്യാൻ തിരുമനസ്സിലേയ്ക്കു ഉണ്ടായിരുന്ന പാടവം കേവലം നിസ്തുലമായിരുന്നു. കല്പിച്ച് അറിയാത്ത വസ്തുതകൾ അപൂൎവ്വമായിരുന്നു. വലിയ ഉദ്യോഗമോ പ്രഭുത്വമോ ഇല്ലാത്ത സാധാരണന്മാരുടെ ഗൃഹകാൎയ്യങ്ങൾ പോലും അവിടുന്നു സൂക്ഷ്മമായി തിരക്കി അറിയുവാൻ ഉൽസുകനായിരുന്നു. തിരുമനസ്സിലെ ദയ സുപ്രസിദ്ധമാണ്. എന്നാൽ അധൃഷ്യമായ ഒരു ഗൗരവം സാക്ഷാൽ കുലശേഖരപ്പെരുമാളുടെ സന്നിധാനത്തിന്റെ വിശേഷഗുണമായിരുന്നു. മുഖം കാണിക്കാൻ പോയിട്ടുള്ളവർ സന്തോഷപുളകിതാംഗരായി പൂൎവ്വാധികമായ ഭക്തിയോടുകൂടിയല്ലാതെ തിരുമുമ്പിൽ നിന്നും പോന്നിട്ടില്ല.

തിരുമനസ്സിലേ ഭരണം തുടങ്ങുന്നകാലത്തു ദിവാൻ പദത്തെ അലങ്കരിച്ചിരുന്നതു രാമയ്യങ്കാർ ആയിരുന്നു. കൃഷിക്കാരുടെ സ്ഥിതി നന്നാക്കാൻ അദ്ദേഹം സമുൽസുകനായിരുന്നു. അവർ നല്ല നിലയിൽ ഇരുന്നില്ലെങ്കിൽ രാജ്യഭണ്ഡാരം നിറയുന്നതല്ല. വസ്തുക്കളിൽ അധികമായ കരം ചുമത്തുന്നതായാൽ ജനങ്ങളുടെ പരിശ്രമശീലം നശിച്ച് അവർ അലസന്മാരായി നിരാശപ്പെട്ടും. കൂടുതൽ ആദായമുള്ള വസ്തുക്കൾക്കു കൂടുതൽ കരവും, ആദായം കുറവുള്ള നിലംപുരയിടങ്ങൾക്കു കുറഞ്ഞ കരവും നിശ്ചയിക്കണമെന്നായിരുന്നു സൎക്കാരിന്റെ ഉദ്ദേശം. അങ്ങനെ

വസ്തുക്കൾ തരംതിരിച്ചു കരംനിശ്ചയിക്കാനും മററുമായി ട്ടായിരുന്നു കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറും സർവേ ഡിപ്പാർട്ടുമെൻറും സ്ഥാപിച്ചത്. വസ്തുക്കൾ അളന്നു അതിർത്തികൾ നിർണ്ണയിക്കയാൽ കുടിയാനവന്മാരും സർക്കാരുമായി ആ വിഷയത്തിൽ തർക്കങ്ങൾ കുറഞ്ഞു. ജനങ്ങൾ തമ്മിലുള്ള തർക്കവും മുമ്പിലത്തേതിൽ കുറവായിത്തീന്നു. കുടികൾക്കു പിന്നെയും പല സങ്കടങ്ങൾ അവശേഷിച്ചിരുന്നു. വിരുത്തിയേപ്പാടുകൊണ്ടു കൃഷിക്കാക്കു വളരെ വൈഷമ്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. മുൻ കാലങ്ങളിൽ സക്കാരിലേയ്ക്കുവേണ്ടി ചില പ്രവൃത്തികൾ ചെയ്യുന്ന ആളുകൾക്ക് അവരുടെ വേലയ്ക്കു പ്രതിഫലമായി നിലങ്ങളും പുരയിടങ്ങളും വിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ, കാലക്രമത്തിൽ ആ വ്യവസ്ഥ ഇരുകക്ഷികൾക്കും വളരെ അസൗകര്യത്തിന് ഇടയായിത്തീർന്നു. അതിനാൽ വിരുത്തിയേർപ്പാടു അചിരേണ ഇല്ലാതാക്കി.

രാജാക്കന്മാരുടെ ഭരണനൈപുണ്യവുംപ്രസിദ്ധിയും ഏറെക്കുറെ അവരുടെ മന്ത്രിമാരുടെ സാമർത്ഥ്യത്തെയും ആശ്രയിച്ചിരിക്കുന്നു. രാജ്യം വെട്ടിപ്പിടിച്ചു ശ്രീപത്മനാഭസ്വാമിക്കായി സമർപ്പിച്ച മാർത്താണ്ഡവർമ്മ മഹാരാജാവിനു രാമയ്യൻദളവായുടെ ഭക്തിയും ഭരണകുശലതയും സഹായകമായിരുന്നു. ടിപ്പുസുൽത്താൻെറ ആക്രമണത്തിൽ നിന്നു രാജ്യത്തെ പരിപാലിച്ചു ബ്രിട്ടീഷുകാരുടെ ബന്ധുത്വത്തെ ഉറപ്പിച്ച കാർത്തികതിരുനാൾ മഹാരാജാവിൻെറ വലതുകൈയായി വിളങ്ങിയതു രാജാകേശവദാസൻ ആയിരുന്നു. ആയില്യം തിരുനാൾ തിരുമനസ്സിലെ

മന്ത്രിമാരായ മാധവരായരും ശേഷയ്യാശാസ്ത്രിയും തിരുവിതാംകൂറിന്റെ വിഖ്യാതി പോഷിപ്പിച്ചു. ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ദീർഘമായ ഭരണകാലത്താകട്ടെ, അതിസമർത്ഥന്മാരായ അനേകം മന്ത്രിവര്യന്മാർ അവിടുത്തെ കല്പനകൾ ശിരസാ വഹിച്ചു തിരുമനസ്സിലെ പ്രതിഭയുടെ പ്രകാശകന്മാരായി മാത്രം വിളങ്ങി. രാമയ്യങ്കാർ, രാമരായർ, ശങ്കരസുബ്ബയ്യർ, കൃഷ്ണസ്വാമിരായർ, വീ. പീ. മാധവരായർ, ഗോപാലാചാരി, രാജഗോപാലാചാരി, കൃഷ്ണൻനായർ, രാഘവയ്യാ എന്നീ മന്ത്രിമാർ രാജഭക്തിക്കും ഭരണസാമർത്ഥ്യത്തിനും കേൾവികേട്ടവരാണ്.

ഗുണദോഷങ്ങൾ സമ്മിശ്രമായിട്ടല്ലാതെ ഒരു മനുഷ്യനിലും കാണുകയില്ല. എന്നാൽ, ഗുണം ദോഷത്തെക്കാൾ കൂടുതലാകുമ്പോളാണ് ഒരാളെ മഹാൻ എന്നു വ്യവഹരിക്കുന്നത്. തിരുമനസ്സിലെ കാര്യശേഷിയും, രാജ്യാഭിമാനവും, പ്രജാസമൂഹങ്ങളോടുള്ള വാത്സല്യവും, എല്ലാ മന്ത്രിമാരും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. ദിവാൻജിമാരെ യഥായോഗ്യം ബഹുമാനിക്കുവാൻ അവിടുന്നു സദാ ജാഗരൂകനായിരുന്നു. എങ്കിലും, അവിടുത്തെ സൂക്ഷ്മജ്ഞാനവും കാര്യപരിചയവും കൃത്യനിഷ്ഠയും അവർക്ക് എല്ലാവർക്കും ആത്മവിശ്വാസത്തിൽ ശങ്കയുണ്ടാക്കിത്തീർത്തു. ചില ദിവാൻജിമാർ കാര്യങ്ങൾ ഉണർത്തിക്കുന്ന സമയത്തു തിരുമനസ്സിലെ ചോദ്യങ്ങൾക്കു ശരിയായ മറുപടിപറയാൻ നിവൃത്തിയില്ലാതെകുഴങ്ങിയിട്ടുണ്ടത്രേ. സമർത്ഥന്മാരായ അനേകം ബ്രിട്ടീഷ് റെസിഡന്റന്മാർ അവിടു

ത്തേ ഭരണസാമർത്ഥ്യത്തെ പ്രശംസിച്ചിട്ടുണ്ട്. ഗവർണ്ണറന്മാരും വൈസ്റായിമാരും ആദ്യവസാനം തിരുമനസ്സിലെ ബഹുമാനിച്ചുവന്നു.

തിരുവിതാംകൂർരാജ്യം ഇന്നു ഭാരതഖണ്ഡത്തിലേ രാജ്യങ്ങളുടെ മുന്നണിയിലാണു സ്ഥിതിചെയ്യുന്നതു്. ഇവിടത്തേ ഭരണസമ്പ്രദായം ഗുണപൗഷ്കല്യത്താൽ പരിപൂർണ്ണമെന്നോ, ഇനി ഇവിടെ യാതൊരു പരിഷ്കാരത്തിനും നിവൃത്തിയില്ലെന്നോ, അല്ല പറയുന്നതു്. ഗവമ്മെൻറ് എന്നതു മനുഷ്യനിർമ്മിതമായ ഒരു സ്ഥാപനമാണ്. ആ സ്ഥിതിക്ക് അതിൽ കുറവും കുററവും ഉണ്ടായിരിക്കാം. എന്നാൽ, നീതിയായും ന്യായമായും പെരുമാറുന്ന രാജവംശങ്ങളുടെ ഇടയിൽ തിരുവിതാംകൂർ രാജവംശത്തിന് എല്ലാംകൊണ്ടും ഉൽകൃഷ്ടസ്ഥാനമാണ് സിദ്ധിച്ചിരിക്കുന്നതു് എന്നു സമ്മതിക്കണം. അങ്ങനെയുള്ള മഹിമ ശ്രീമൂലം തിരുനാൾ മഹാരാജാവിൻെറ ഭരണദശയിൽ അനുസ്യൂതമായി പ്രശോഭിച്ചു.

പൂർവാചാരങ്ങൾ എത്രതന്നെ നല്ലതായിരുന്നാലും കാലാനുകൂലങ്ങളായ പരിഷ്കാരങ്ങൾ കൂടാതെ രാജ്യൈശ്വര്യം പുലരുകയില്ലല്ലോ. സക്കാരുദ്യോഗസ്ഥന്മാർ മാത്രം ആലോചിച്ചു നടപ്പിൽ വരുത്തുന്ന വ്യവസ്ഥകൾ എല്ലായ്പ്പോഴും ശരിയാണെന്നുവരുന്നതല്ല. ജനപ്രതിനിധികളുമായി കാര്യാലോചന ചെയ്യുന്നതു സക്കാരിലേയ്ക്കും ഗുണകരമായി വരുന്നതുമാണ്. അതുകൊണ്ടു ജനപ്രതിനിധികളുമായി ആലോചിച്ചു നിയമങ്ങളുണ്ടാക്കുവാൻ പര്യാപ്തമായ ഒരു നിയമസഭ സ്ഥാപിക്കണമെന്നു മഹാരാജാ

ഷിന്നും ദിവാൻ രാമരായക്കും താൽപര്യമുണ്ടായതു് ഉചിതമായിരുന്നു. നിയമസഭയുടെ ആദ്യത്തെ യോഗം ൧൦൬൩ ചിങ്ങമാസത്തിൽ സമ്മേളിച്ചു.

രാമരായരുടെ ഉദ്യോഗകാലത്തു രാജ്യത്തിൽ സമാധാനവും ശ്രേയസ്സും വർദ്ധിച്ചു. ഉപദ്രവകരങ്ങളായ പല തീരുവകൾ അദ്ദേഹം നിറുത്തി. കരക്കുടിശ്ശികകൾ പലതും ഇളച്ചുകൊടുത്തു. നെല്ലൂരത്തിന്റെ ഉപദ്രവം കുറയ്ക്കാൻ വേണ്ട വ്യവസ്ഥചെയ്തു. കായലുകൾ നികത്തി കൃഷിചെയ്യുന്നവർ അഞ്ചു സംവത്സരം കരം കൊടുക്കേണ്ടതില്ലെന്നും, അഞ്ചു വർഷം കഴിഞ്ഞാൽ ഏക്കർ ഒന്നിനു പത്തു പണംവീതം വസൂലാക്കിയാൽ മതിയെന്നും, തീരുമാനിച്ചു. കക്കശങ്ങളായ കരങ്ങൾ പ്രജകൾക്കു ദുസ്സഹമാണെന്നും, ആഹാരാദികൾക്കു വേണ്ട സസ്യധാന്യാദികൾ നട്ടുണ്ടാക്കുവാൻ പ്രജകളെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവമ്മെൻറിന്റെ പ്രധാന ചുമതലയാണെന്നും, ഗവമ്മെൻറു പ്രവൃത്തികൊണ്ടു തെളിയിച്ചു. കരകൗശലങ്ങളെയും യഥായോഗ്യം പ്രോത്സാഹിപ്പിച്ചു. ഭാരതീയവിജ്ഞാനത്തിന്റെ അധിഷ്ഠാനമായ സംസ്കൃതഭാഷ പഠിപ്പിക്കുവാൻ ഒരു പാഠശാല സ്ഥാപിച്ചു. ആശുപത്രികൾ വർദ്ധിപ്പിച്ചു. ഗോവസൂരിപ്രയോഗത്തെ പ്രചാരപ്പെടുത്തി. അനേകം റോഡുകളും തോടുകളും വെട്ടിച്ചു.

അടുത്ത ദിവാൻജിയായ ശങ്കരസുബ്ബയ്യരും വളരെ സമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഉണ്ടായ പ്രധാനപ്പെട്ട അനുഗ്രഹങ്ങളിൽ ഒന്നു പേച്ചിപ്പാറ അണ ആണു്. ദക്ഷിണതിരുവിതാംകൂർ പണ്ടുപണ്ടേ

തന്നെ നെൽകൃഷിക്ക പ്രസിദ്ധമാണ്. എന്നാൽ ഉത്തരതിരുവിതാംകൂറിനെപ്പോലെ അവിടെ ജലസൗകര്യങ്ങൾ ഇല്ല. വെള്ളംകൂടാതെ നിലങ്ങൾ കരിഞ്ഞുപോകയാൽ കൂടെക്കൂടെ ക്ഷാമബാധ ഉണ്ടായിക്കൊണ്ടിരുന്നു. സക്കാരിൽനിന്നും പലപ്പോഴും കരം ഇളച്ചുകൊടുക്കേണ്ടതായും വന്നുകൂടി. കോതയാററിലേ വെള്ളം അണകെട്ടി തടഞ്ഞുനിറുത്തി ചാലുവച്ചുകൊണ്ടുപോയി നിലങ്ങളിൽ വിടണമെന്നുള്ള ആഗ്രഹം മുൻകാലങ്ങളിലേ രാജാക്കന്മാൎക്കും ഉണ്ടായിട്ടുണ്ട്. പാണ്ടിയൻഅണ അങ്ങനെയാണ് ഉണ്ടായത്. എന്നാൽ വലുതായ ഒരു സംഖ്യ ചെലവുചെയ്തു് ഉറപ്പുള്ള അണ കെട്ടിയാലല്ലാതെ ജലസംഭരണം സാദ്ധ്യമാകയില്ലെന്നു വിദഗ്ദ്ധന്മാരായ എൻജിനീയറന്മാർ അഭിപ്രായപ്പെട്ടു. മഹാരാജാവു് അണ കെട്ടുവാൻ അനുവാദം നല്കി. തിരുമനസ്സിലേ പ്രജാവാത്സല്യത്തിന് ഉത്തമലക്ഷ്യമായി കോതയാററണ എന്നും പരിശോഭിക്കുന്നതാണ്.

൧൦൮൫-ൽ ദിവാൻജിയായ കൃഷ്ണസ്വാമിരായർ സത്യസന്ധനും ധൎമ്മതൽപരനും ആയിരുന്നു. മഹാരാജാവും ദിവാൻജിയും വലുതായ പരസ്പരവിശ്വാസത്തോടുകൂടി രാജ്യകാൎയ്യങ്ങൾ നടത്തി. അക്കാലത്തു രാജവംശത്തിൽ സന്താനങ്ങളില്ലാതെ വരികയാൽ മാവേലിക്കരക്കൊട്ടാരത്തിൽനിന്നും രണ്ടു രാജകുമാരിമാരെ ദത്തെടുത്തു. ഇദം പ്രഥമമായി ഇൻഡ്യാവൈസ്രായി തിരുവിതാംകൂറിനെ സന്ദർശിച്ചതും ആയിടയ്ക്കായിരുന്നു.

1916.

എഡേചർഡ് സപ്തമൻതിരുമനസ്സിലേയ്ക്കു ചക്രവത്തിപദം ലബ്ദ്ധമായതിനെ പ്രഖ്യാപനം ചെയ്യാനായി ഡെൽഹിപട്ടണത്തിൽവച്ചു കൊണ്ടാടിയ മഹാസമ്മേളനത്തിൽ തിരുമനസ്സുകൊണ്ടും എഴുന്നള്ളിയിട്ടുണ്ടായിരുന്നു. ആ സന്ദർഭത്തിൽ തിരുമനസ്സിലേയ്ക്കു കേ. ജീ. സീ. ഐ. ഈ. എന്ന ഉന്നതബിരുദം ലഭിച്ചു. വൈസ്രായി മുതലായ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരാലും, പ്രതാപവാന്മാരായ രാജാക്കന്മാരാലും, ബഹുമതനായി സ്വരാജ്യത്തിൽ തിരികെ എഴുന്നള്ളിയ മഹാരാജാവിനെ പ്രജാസമൂഹങ്ങൾ അത്യന്തം ഭക്തിയോടും സന്തോഷത്തോടുംകൂടി എതിരേററു.

കൃഷ്ണസ്വാമിരായർ ഉദ്യോഗമൊഴിഞ്ഞപ്പോൾ മൈസൂർ രാജ്യത്തിൽ ഉദ്യോഗമായിരുന്ന വീ. പീ. മാധവരായരെ ദിവാൻജിയായി നിയമിച്ചു. മാധവരായർ സമത്ഥനും ധീരനും വിശാലഹൃദയനും ആണെന്നു ചെറുപ്പത്തിലേ പ്രസിദ്ധിനേടിയിരുന്നു. അദ്ദേഹം യോഗ്യന്മാരായ ഉദ്യോഗസ്ഥന്മാരെ വിശ്വസിച്ച് കായ്യങ്ങൾ അവരെ ഭരമേല്പിച്ചു മേൽനോട്ടംകൊണ്ടു തൃപ്തിപ്പെട്ടു. ഉന്നതമായ സ്ഥാനവും, വലുതായ ശമ്പളവും, സാരവത്തായ അധികാരബലവും, ഉള്ള ഒരു മന്ത്രി നിസ്സാരകായ്യങ്ങളിൽ അനാവശ്യമായി പ്രവേശിക്കുന്നതു പൊതുജനങ്ങൾക്കു വലിയ നഷ്ടമാണെന്നായിരുന്നു അദ്ദേഹത്തിൻെറ മതം. രാജ്യക്ഷേമത്തിന് ആവശ്യകമായ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തുന്ന വിഷയത്തിൽ മന്ത്രിക്ക് മഹാരാജാവിൻെറ പിൻതുണ സിദ്ധിച്ചു. മാധവരായരുടെ

കാലത്തുണ്ടായ വ്യവസ്ഥകളിൽ ഏററവും പ്രധാനമായിട്ടുള്ളവ ശ്രീമൂലം പ്രജാസഭ സ്ഥാപിച്ചതും, നെല്ലരം നിരത്തൽ ചെയ്തതും, ആകുന്നു.

മുൻകാലത്തെ ആചാരങ്ങളും ജീവിതക്രമങ്ങളും ഭരണനയങ്ങളും ആധുനികപരിഷ്കാരത്തിൻെറ മുന്നണിയിൽ നില്ക്കുന്ന തിരുവിതാംകൂർ രാജ്യത്തിൻെറ അഭിവൃദ്ധിക്കു പര്യാപ്തമല്ലാതെ ചമഞ്ഞു. വിദ്യാഭ്യാസത്തിൻെറ പ്രചാരം ജനങ്ങളെ സ്വാതന്ത്ര്യപ്രിയന്മാരാക്കിത്തീർത്തു. വർത്തമാനപ്പത്രങ്ങളും ഗ്രന്ഥശാലകളും വർദ്ധിക്കുകയും, അന്യരാജ്യങ്ങളുമായി തിരുവിതാംകൂർകാർക്കു പരിചയം സിദ്ധിക്കയും ചെയ്തപ്പോൾ രാജ്യഭരണക്രമത്തെപ്പററിയുള്ള ചിന്ത പ്രജാസമൂഹങ്ങളിൽ സുദൃഢമായിത്തീർന്നു. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും സൂക്ഷ്മമായി അറിയുന്നതുകൊണ്ടു രാജ്യഭരണം ശുഭതരമായി ഭവിക്കുമെന്ന് അധികൃതന്മാരും വിശ്വസിച്ചു. പ്രജാസഭ സ്ഥാപിക്കാൻ തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചു. സഭയുടെ പ്രഥമസമ്മേളനത്തിൽ ഇതിൻെറ ജനയിതാവായ ദിവാൻജിതന്നെ അദ്ധ്യക്ഷപീഠം അലങ്കരിച്ചു. തിരുവനന്തപുരത്ത് ആ വാരം മുഴുവൻ പലമാതിരി ആഘോഷങ്ങൾ നടന്നു. യോഗ്യന്മാരായ സാമാജികന്മാർ വന്നു നീതിരഹിതമല്ലാത്ത ധൈര്യത്തോടും, ഗണനീയമായ കാര്യഗൗരവത്തോടും കൂടി നാട്ടുകാരുടെ ഐശ്വര്യത്തിനു വേണ്ട വ്യവസ്ഥകൾ ചെയ്തുകൊടുക്കണമെന്നു നിവേദനം ചെയ്തു. കഴിവുള്ളതെല്ലാം ചെയ്തുകൊടുക്കാമെന്നു ദിവാൻജി വാഗ്ദാനം ചെയ്തു. അങ്ങനെയുള്ള ഏർപ്പാടുകൾക്കു

കാരണഭൂതരായ പ്രതിനിധികളെ നാട്ടുകാർ ബഹുമാനിച്ചു. അതുകൊണ്ട് അന്നുവരെ പൊതുക്കാര്യങ്ങളിൽ ശ്രദ്ധിച്ചിട്ടില്ലാത്ത പലക്കും പൊതുക്കാര്യപ്രസക്തി ഉണ്ടായി. പ്രജാസഭകൊണ്ടു രാജ്യത്തിന് ഒട്ടേറെ ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നു നിർവിവാദമാണ്. ശ്രീമൂലം പ്രജാസഭയിൽ നടക്കുന്ന കാര്യങ്ങൾ അറിഞ്ഞു് ഉചിതമായി പ്രവൎത്തിക്കാൻ മഹാരാജാവും താൽപര്യം പ്രദശിപ്പിച്ചു.

നെല്ലുരം നിറുത്തിയതും ജനക്ഷേമത്തിനു് അത്യന്തം ഉപയോഗപ്രദമായി. കീഴ്ജീവനക്കാരുടെ ക്രമക്കേടുകൾ നിമിത്തം കൃഷിക്കാക്കു വളരെ സങ്കടവും നഷ്ടവും ഉണ്ടായിക്കൊണ്ടിരുന്നു. വ്യാജമായ അളവുകൾ പലേടത്തും ഉപയോഗത്തിലിരുന്നു. സക്കാർ സ്ഥലങ്ങളിൽ നെല്ലു കൊണ്ടുചെന്നു അളന്നുകൊടുക്കുന്നതു വളരെ കഷ്ടപ്പാടായി. നെല്ലിനു പകരം പണം കൊടുക്കാമെന്നുവച്ചാൽ കമ്പോളനിരക്കിൽ കൂടുതലായ തുകകൾ കൊടുക്കണമെന്നു സക്കാർ ജീവനക്കാർ ശാഠ്യംപിടിച്ചു. ഈ ദുഷ്യങ്ങളെ പരിഹരിക്കാൻ മാധവരായർ ചെയ്തു പരിഷ്കാരം ഏററവും ബുദ്ധിപൂർവം ആയിരുന്നു. ഒരു പറ നെല്ലിനു പതിനൊന്നു ചക്രം കൊടുത്താൽ മതിയെന്നു അദ്ദേഹം ക്ലിപ്തപ്പെടുത്തിയതു നാട്ടുകാക്കു വളരെ ആശ്വാസകരമായി. വീ. പീ. മാധവരായരോടുള്ള കൃതജ്ഞത സാമാന്യജനങ്ങളുടെ മനസ്സിൽ എന്നും വിളങ്ങും. ഇങ്ങനെ ഗുണവാന്മാരായ മഹാരാജാക്കന്മാരെയും, ജന

ക്ഷേമതൽപരന്മാരായ മന്ത്രിമാരെയും, തിരുവിതാംകൂർ രാജ്യവാസികൾ ബഹുമാനപുരസ്സരം സ്മരിച്ചുവരുന്നു.

ഗോപാലാചാര്യർ ആയിരുന്നു മാധവരായരുടെ പിൻഗാമി. ബുദ്ധിമാനായിരുന്നുവെങ്കിലും ജനങ്ങളോടു പെരുമാറുന്നതിന് ആവശ്യമുള്ള കൗശലം അദ്ദേഹത്തിനു വശമില്ലായിരുന്നു. ജനപ്രതിനിധികളുടെ അഭിപ്രായം പല കാര്യത്തിലും അദ്ദേഹത്തിനു സ്വീകാര്യമല്ലാതായി. ശ്രീമൂലം പ്രജാസഭതന്നെ ഭരണകാര്യത്തിൽ ഉപദ്രവകരമാണെന്നു ദിവാൻജിക്ക് അഭിപ്രായമുണ്ടായി. എന്നാൽ പൊതുജനങ്ങൾ ഇളകി ബഹളം കൂട്ടി, മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രജാസഭ വേണമെന്നുതന്നെ തീരുമാനിക്കുകയും ചെയ്തു.

ഗോപാലാചാരി അധികം താമസിയാതെ ഉദ്യോഗം ഒഴിഞ്ഞു. ബുദ്ധിസാമർത്ഥ്യവും നയവും ഭരണപരിചയവും ബ്രിട്ടീഷ് ഗവമ്മെൻറിൻെറ വിശ്വാസവും ധാരാളമുള്ള രാജഗോപാലാചാരി ദിവാൻപദത്തെ പ്രാപിക്കുകയും ചെയ്തു. രാജഗോപാലാചാരി മുമ്പു കൊച്ചിരാജ്യത്തിലേ ദിവാൻജി ആയിരുന്നു. അന്നു അവരുടെ പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുമുണ്ടു്. എന്നാൽ പരിഷ്കാരവിഭവങ്ങളുടെ ഇടയിൽ വളന്ന് മഹാവിദ്വാന്മാരായ മന്ത്രിമാരുടെ സാമർത്ഥ്യം കണ്ടറിഞ്ഞു, രാജ്യകാര്യപടുവായിത്തീന്നിരുന്ന മഹാരാജാവ് ദിവാൻജിയുടെ ഉത്സാഹത്തെ അനുകൂലിച്ചുവെങ്കിലും സന്ദിഗ്ദ്ധകാര്യങ്ങളിൽ ഉദാസീനനായി വത്തിച്ചതേയുള്ളൂ. ദിവാൻജി തിരുമനസ്സിലേ ഹിതമറിഞ്ഞു കാര്യങ്ങൾ

നടത്തി. വിദ്യാഭ്യാസവകുപ്പിന്റെ പരിഷ്കരണം രാജഗോപാലാചാരിയുടെ ഉദ്യോഗകാലത്ത് ഊർജ്ജിതമായി നടന്നു. കൃഷിഡിപ്പാർട്ടുമെൻറ് പരിഷ്കരിച്ചു പാശ്ചാത്യ ശിക്ഷണം സിദ്ധിച്ച ഒരു ഉദ്യോഗസ്ഥനെ അതിന്റെ മേലാവാക്കി. പേച്ചിപ്പാറ വെള്ളം ധാരാളം ലഭിക്കാവുന്ന സ്ഥലങ്ങളിലുള്ള കുളങ്ങൾ ലേലത്തിൽ വിററ് അവ നികത്തി നിലങ്ങളാക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. വളരെക്കാലമായി നടന്നുകൊണ്ടിരുന്ന കണ്ടെഴുത്തു പൂർത്തിയാക്കി. സർക്കാർഭൂമി കുടികൾക്കു പതിച്ചു കൊടുക്കുമ്പോൾ നിശ്ചയിക്കുന്ന തറവിലയും കരവും വർദ്ധിപ്പിച്ചു. ദേവസ്വംവക മുതലുകളുടെയും വരവുകളുടെയും കണക്കു റവന്യൂകണക്കുകളിൽനിന്നു വേർതിരിച്ചു ശരിപ്പെടുത്തി. ഉദ്യോഗസ്ഥന്മാർക്കു ശമ്പളക്കൂടുതലും, കൂടുതൽ അധികാരങ്ങളും, കൊടുത്തു. നഗരശുചീകരണസഭകൾ വർദ്ധിപ്പിച്ചു അധഃസ്ഥിതവർഗ്ഗക്കാരുടെ വൈഷമ്യങ്ങൾക്ക് ഏതാണ്ടു കുറവുവരുത്തി.

രാജഗോപാലാചാരിയുടെ ഭരണം ഊർജ്ജസ്വലമായിരുന്നു എന്നുള്ളതിനു സംശയമില്ല. അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥനു ബ്രിട്ടീഷ് സർവീസിൽ വലിയ ഉദ്യോഗവും സ്ഥാനമാനവും ലഭിച്ചതു നമ്മുടെ നാട്ടുകാർക്കു പൊതുവേ അഭിമാനഹേതുകമാണ്. പിന്നീടു മദ്രാസ് നിയമസഭയുടെ അദ്ധ്യക്ഷനായി ശോഭിച്ച മിസ്റ്റർ ആചാരിക്കു തിരുവിതാംകൂർ നിയമസഭയിലും ശ്രീമൂലം പ്രജാസഭയിലും ലഭിച്ച ദീർഘമായ പരിചയം ഉപയോഗപ്രദമായിത്തീർന്നു. ശ്രീമൂലം തിരുനാൾ തിരുമനസ്സിലെ അനുമോദനത്തെ അദ്ദേഹം സർവോപരിയായി ഗണിച്ചു.

രാജഗോപാലാചാരിക്കുശേഷം ദിവാൻജി ആയ കൃഷ്ണൻനായർ പ്രജാഹിതത്തിൽ ദൃഢതല്പരനായിരുന്നു. അദ്ദേഹത്തിൻെറ ഉദ്യോഗകാലത്ത് സർക്കാരിൻെറ സകലശക്തികളും പ്രയോഗിച്ച ബ്രിട്ടീഷുകാർക്ക മഹായുദ്ധത്തിൽ വിജയസിദ്ധി ഉണ്ടാവാൻ തിരുവിതാംകൂറിൽനിന്നും വളരെ പണവും സാമാനങ്ങളും അയച്ചു. അതെല്ലാം ശ്രമസാദ്ധ്യമായിരുന്നു. എന്നിട്ടും ന്യായമായ മാർഗ്ഗങ്ങളിൽ പണമുണ്ടാക്കിയും, ചിലവുകൾ കഴിയുന്നത്ര ചുരുക്കിയും, പരിഷ്കൃതമായ ഭരണരീതിക്കും ജനങ്ങളുടെ ആവശ്യങ്ങൾക്കും വൈകല്യം വരുത്താതെയും, ഭരണകൃത്യങ്ങൾ നടത്താൻ അദ്ദേഹത്തിനു സാധിച്ചു. കൃഷ്ണൻനായർ പൗരാവകാശങ്ങളുടെ അടിസ്ഥാനം ബലപ്പെടുത്തുവാൻ യത്നിച്ചു. നിയമനിർമ്മാണസഭയുടെ അധികാരങ്ങൾ വർദ്ധിപ്പിച്ചു. സാമാജികന്മാരുടെ സംഖ്യയും കൂട്ടി.

കൃഷ്ണൻനായർ ഒഴിഞ്ഞ ദിവാൻപദത്തിൽ ആരോഹണം ചെയ്തത് ടീ. രാഘവയ്യാ ആയിരുന്നു. അദ്ദേഹം ഭരണശേഷിയും, മഹാരാജാവിനോട് അപരിമിതമായ ഭക്തിയും, ഉള്ള ഒരു മന്ത്രിവര്യനായിരുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു ന്യായമായ സംഗതികളിൽ എല്ലാം അദ്ദേഹത്തിനു പിൻതുണ നല്കി. പൊതുജനങ്ങളുടെ അഭിപ്രായഗതി ആദരിച്ചും, നീതിയെ പുരസ്കരിച്ചും, ചെയ്ത വ്യവസ്ഥകൾകൊണ്ടു ജനങ്ങൾക്കു ദിവാൻജിയുടെ നേർക്ക് അത്യധികമായ തൃപ്തിയുണ്ടായി. ഗവൺമെൻറിൻെറ അവകാശങ്ങളും, ആദായത്തിനുള്ള മാർഗ്ഗങ്ങളും, അദ്ദേഹം യഥായോഗ്യം പരിപാലിച്ചു. രാഘവയ്യാ തിരു

വിതാംക്രൂറിൽ നടത്തിയ പ്രധാന പരിഷ്കാരം നിയമസഭയുടെ പുനസ്സംഘടന ആയിരുന്നു. സാമാജികന്മാരുടെ സംഖ്യ വർദ്ധിപ്പിച്ചു; സഭയുടെ അധികാരങ്ങളും കൂട്ടി. രാജ്യകാര്യങ്ങൾ വേണ്ടുംവണ്ണം നടത്തുവാൻ നിയമസഭ ഒരു സഹായകമായിത്തീർന്നു. അതിന്റെ ആദ്ധ്യക്ഷ്യം വഹിക്കുന്നതു ദിവാൻജിക്കു വളരെ സന്തോഷാവഹമായ ചുമതല ആയിരുന്നു. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ ആദരിക്കുന്നതിലും, സഭ അംഗീകരിക്കുന്ന നിശ്ചയങ്ങൾ നിവൃത്തിയുള്ളിടത്തോളം നടപ്പിൽ വരുത്തുന്നതിലും, രാഘവയ്യായ്ക്കു പ്രത്യേകം ശ്രദ്ധ ഉണ്ടായിരുന്നു.

നാല്പതു സംവത്സരത്തോളം പ്രശസ്തമായി രാജ്യഭാരം ചെയ്ത മഹാരാജാവു്, കാർത്തികതിരുനാൾ മഹാരാജാവിനെപ്പോലെ, പ്രജകളുടെ ഭക്തിപ്രകർഷത്തിനും, അത്യധികമായ സ്നേഹാദരങ്ങൾക്കും പാത്രമായിത്തീർന്നു. അവിടത്തെ മനസ്സിൽ സദാ കാരുണ്യം കളിയാടി. തിരുമനസ്സിലേയ്ക്കു ദിനചര്യകളിലുണ്ടായിരുന്ന നിഷ്ഠ അത്ഭുതകരമായിരുന്നു. നാലുമണിക്കു സവാരി എഴുന്നള്ളുന്നതു ഒരു ദിവസമെങ്കിലും തെററിയിരുന്നില്ല. കോട്ടയ്ക്കകത്തും പുത്തൻകച്ചേരിയിലും ഉള്ള നാഴികമണികൾ തെററായ സമയം കാണിച്ചു എന്നുവന്നാലും തിരുമനസ്സിലേ സവാരിഎഴുന്നള്ളത്തിന്റെ സമയത്തെ ആസ്പദമാക്കി മണി ശരിപ്പെടുത്താമായിരുന്നു. തിരിച്ചെഴുന്നള്ളിക്കഴിഞ്ഞാൽ വീണ്ടും ദേഹശുദ്ധി വരുത്തി മതില്ക്കകത്തെഴുന്നള്ളി ശ്രീപത്മനാഭനെ സേവിച്ചശേഷം അമൃതേത്തു കഴിക്കും. അതായിരുന്നു എന്നത്തേയും പതിവു്.

ശ്രീമൂലം മഹാരാജാവിനെപ്പോലെ സഞ്ചാരപ്രിയന്മാരായ മഹാരാജാക്കന്മാർ തിരുവിതാംകൂറിൽ അതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. മദ്രാസിലും, ബോംബെയിലും, കല്ക്കട്ടായിലും, എന്നുവേണ്ട ബ്രിട്ടീഷ് ഇൻഡ്യയിലെ മിക്ക പ്രധാന പട്ടണങ്ങളിലും, ബംഗ്ളൂർ ഊട്ടി മുതലായ സുഖവാസസ്ഥലങ്ങളിലും, അവിടുന്ന് എഴുന്നള്ളിത്താമസിച്ചിട്ടുണ്ട്. ഈ രാജ്യത്തിലുള്ള പ്രധാന സ്ഥലങ്ങളെല്ലാം തിരുമനസ്സുകൊണ്ടു പല തവണ തൃക്കൺ പാർത്തിട്ടുമുണ്ട്. പൊന്നുതമ്പുരാന്റെ സന്ദർശനത്തെ ദിഗ്വാസികൾ വലിയ ഉത്സവമായി കൊണ്ടാടിവന്നു. വഞ്ചിരാജ്യവാസികളെപ്പോലെ രാജഭക്തിയുള്ള ജനങ്ങൾ ലോകത്തിൽ വേറെ എവിടെയാണുള്ളത്?

തിരുമനസ്സിലേ സുദീർഘമായ ഭരണകാലത്ത് അനേകം മഹാന്മാർ ഈ രാജ്യം സന്ദർശിച്ചിട്ടുണ്ട്. മദ്രാസ് ഗവർണ്ണറന്മാർ എല്ലാപേരുംതന്നെ തിരുമനസ്സിലേ അതിഥികളായി തിരുവനന്തപുരത്തുവന്നു താമസിച്ചിട്ടുണ്ട്. ലോകമാസകലം സഞ്ചരിച്ചു രാജ്യങ്ങളുടെ സ്ഥിതിഭേദങ്ങളെല്ലാം ധരിച്ചിരുന്ന കഴ്സൺപ്രഭുവിനുപോലും തിരുവിതാംകൂർ അതിമനോഹരമായ ഒരു പ്രദേശമാണെന്നും, ഇവിടത്തെ സൽക്കാരവിഭവങ്ങൾ അനന്യസാധാരണമാണെന്നും, തോന്നി. തിരുമനസ്സിലേ സ്വഭാവഗുണത്തെയും, വംശശുദ്ധിയെയും, കൃത്യബോധത്തെയും, ജാതിമതഭേദമെന്യേ പ്രജാസമൂഹത്തോടുള്ള ആർജ്ജവത്തെയും, കുറിച്ചു വൈസ്രായി അവർകൾ വ്യക്തമായി രേഖപ്പെടുത്തുകയും, പരസ്യമായി പ്രസംഗിക്കുകയും, ചെയ്തു. മദ്രാസുഗവർണ്ണറന്മാർ പലരും തിരുമനസ്സിലേ ആശയശുദ്ധിയേയും

ഭരണനൈപുണിയെയും പററി പ്രശംസിക്കാറുണ്ടായിരുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവു നാടുനീങ്ങാറായപ്പോഠം കാർത്തികതിരുനാഠം ഇളയതമ്പുരാനെ അടുക്കൽ വിളിച്ച് ഇംഗ്ലീഷ്കാരുടെ ബന്ധുത്വത്തെ പരിപാലിക്കണമെന്ന് അരുളിച്ചെയ്ത വിവരം പ്രസിദ്ധമാണല്ലോ. ആ ഉപദേശത്തെ മൂലംതിരുനാഠം മഹാരാജാവു നൂററൻപതു സംവത്സരത്തേ പലിശ കൂടിച്ചേൎന്നു വളരെ വർദ്ധിച്ച മുതൽപോലെ ആദരിച്ചു. വിക്ടോറിയാ ചക്രവർത്തിനി തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ രാജവംശത്തിൻെറ മഹത്വം നല്ലപോലെ അറിഞ്ഞിരുന്നു. മഹാരാജാവിന് തിരുമനസ്സിലേയ്ക്കു ലഭിച്ച ബഹുമതികാഠംതന്നെ ആ ചിരകാലമൈത്രിക്കു മതിയായ തെളിവാണല്ലോ.

മഹാരാജാവിൻെറ സമബുദ്ധിയോടുകൂടിയ ഭരണത്താൽ പരിപുഷ്ടമായ വിദ്യാഭ്യാസം സമുദായപരിഷ്കരണത്തിനും കാരണമായിത്തീൎന്നു. ഓരോ ജാതിക്കാർ പ്രത്യേകം സംഘങ്ങഠം കൂട്ടുകയും, സമുദായത്തിൻെറ അഭ്യുന്നതിക്കായി യത്നം തുടങ്ങുകയും ചെയ്തു. ദായക്രമങ്ങഠംക്കും ആചാരങ്ങഠംക്കും പല പല ഭേദഗതികഠം ഉണ്ടായി. നിയമങ്ങഠം നൂതനമായി രൂപീകരിച്ചു. സഭകളും വൎത്തമാനപ്പത്രങ്ങളും ഉൽകൃഷ്ടാശയങ്ങളെ പ്രചരിപ്പിച്ചു. എന്നാൽ, എല്ലാ ജാതിക്കാൎക്കും പൊതുവായി, സർവരക്ഷാധികാരിയായി, പ്രശോഭിച്ച ശ്രീമൂലം തിരുനാഠം തിരുമനസ്സുകൊണ്ട്, അപാരമായ ഭരണസാമൎത്ഥ്യ

ത്താൽ, വർഗ്ഗവ്യത്യാസങ്ങളെല്ലാം വിഗണിച്ചു നീതിപൂർവ്വം രാജ്യം ഭരിച്ചു. അതുകൊണ്ടു് ജനങ്ങളുടെ ക്ഷേമം നാൾതോറും വളൎന്നുവന്നു.

തിരുമനസ്സുകൊണ്ടു രാജ്യഭാരം കൈയേററ കാലത്തു രാജകുടുംബത്തിൽ വളരെ അംഗങ്ങൾ ഉണ്ടായിരുന്നു. അവരിൽ എല്ലാവരിലും മൂപ്പു് ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലേയ്ക്കു് ആയിരുന്നു. ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലേയ്ക്കു പുത്രന്മാരായി മൂന്നു തമ്പുരാക്കന്മാർ ഉണ്ടായിരുന്നു. അനന്തരാവകാശികളായിരുന്ന ആ തിരുമേനിമാർ എല്ലാവരും അകാലചരമം പ്രാപിച്ചതു കണ്ടു വ്യസനിക്കുവാനുള്ള ദുർവിധി മഹാരാജാവിനു് ഉണ്ടായി. ഭക്തശിരോമണിയായ തിരുമനസ്സുകൊണ്ടു ക്ലേശഭാരങ്ങളെല്ലാം ശ്രീപത്മനാഭങ്കൽ സമർപ്പിച്ചു കൃത്യഭാരം ജാഗ്രതയോടെ വഹിച്ചു. ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലേയും, ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലേയും, ഭാഗ്യത്താൽ വഞ്ചിരാജവംശത്തിനു വീണ്ടും പ്രതിഷ്ഠയുണ്ടായി. അനപത്യതാമാകുന്ന അന്ധകാരത്തിൽ വലഞ്ഞുകൊണ്ടിരുന്ന രാജവംശം ഒരു ചിത്രോദയം കൊണ്ടു സന്തുഷ്ടിപൂണ്ടു പ്രകാശിച്ചു. ൧൦൮൮ തുലാമാസം ൨൨-ാംനു- ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു തിരുഅവതാരം ചെയ്തു.

ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു കൗമാരദശയിൽത്തന്നെ ജനസമൂഹത്തിനു് അമൃതവർഷം ചെയ്യുന്നതു കണ്ടു മഹാരാജാവിനു് അപരിമിതമായ

സന്തോഷവും സമാധാനവും ഉണ്ടായി. ശ്രീമൂലംതിരുനാൾ മഹാരാജാവു് ൧൧൦൩-ാമാണ്ടു കക്കടകമാസത്തിൽ സ്വർഗ്ഗതി അടഞ്ഞു. രണശൂരന്മാരും, ഭരണനിപുണന്മാരും, സകലകലാവല്ലഭന്മാരും, സർവോപരി പ്രജാവത്സലന്മാരും, ആയ മഹാരാജാക്കന്മാരുടെ തിരുനാമധേയങ്ങൾകൊണ്ടു വിളങ്ങുന്ന തിരുവിതാംകൂർചരിത്രത്തിൽ ശ്രീമൂലം തിരുനാൾ തിരുമനസ്സിലേ ഉജ്ജ്വലപ്രതിമ നിസ്തുലമായ ഭാസ്സോടെ എന്നും പ്രശോഭിക്കുന്നതാണ്.

---

൨൨. ശ്രീചിത്തിരതിരുനാൾ മഹാരാജാവു്

൧൧൦൦-ാമാണ്ടു ചിങ്ങമാസം ൧൬-ാംനു ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു മഹാരാജാവായി. തിരുമനസ്സിലേയ്ക്കു് അന്നു പ്രായപൂത്തി വന്നിട്ടില്ലാതിരുന്നതുകൊണ്ടു് മഹാറാണി സേതുലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു് റീജൻറായി ഭരണം നടത്തി. റീജൻസിഭരണം ൧൦൯൯ കക്കടകത്തിൽ തുടങ്ങി; ൧൧൦൭ തുലാമാസത്തിൽ അവസാനിച്ചു. റീജൻസികാലത്തു കണ്ടുകൃഷി സംബന്ധിച്ചും, വത്തമാനപ്പത്രങ്ങളുടെ നടത്തിപ്പുസംബന്ധിച്ചും, പുതിയനിയമങ്ങൾ ഉണ്ടായി. സ്ത്രീജനങ്ങളുടെ അവകാശങ്ങൾ ഏറ്റവും ബലപ്പെട്ടു. സക്കാരുദ്യോഗങ്ങളിലെന്നപോലെ, നിയമസഭ പ്രജാസഭ മുതലായ സ്ഥാപനങ്ങളിലും അവക്കു പ്രവേശം ലഭിച്ചു. സക്കാർ

ക്ഷേത്രങ്ങളിൽ ആട്ട് കോഴി മുതലായവയെ ദൈവ പ്രീതിക്കായി കുരുതി ചെയ്യുവന്ന പതിവു നിറുത്തൽ ചെയ്തു. റീജൻസിക്കാലത്തു് ആദ്യം ടീ. രാഘവയ്യായും, പിന്നീട് എം. ഈ. വാട്സ്, വി. എസ്സ്. സുബ്ര ഹ്മണ്യയ്യർ, എന്നിവരും ദിവാൻജിമാർ ആയിരുന്നു.

ശ്രീചിത്തിരതിരുനാറം തിരുമനസ്സിലെ പ്രതിഭാ വിലാസം അവിടുത്തെ അദ്ധ്യാപകന്മാക്കു വളരെ ഉത്സാ ഹം നല്കി. തിരുവിതാംകൂർ രാജവംശത്തിൽ സരസ്വതീ ദേവി നടനംചെയ്യുന്നു. സാഹിത്യവും സംഗീതവും നമ്മുടെ മഹാരാജാക്കന്മാരുടെ രക്ഷാധികാരത്തിന്റെ തണലിൽ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. വഞ്ചിരാജ്യത്തിനും കേരളഭാഷയ്ക്കും രക്ഷിതാവായ മഹാരാജാവു തിരുമനസ്സി ലേയ്ക്കു നാട്ടുഭാഷയിൽ പ്രത്യേകം പ്രതിപത്തിയുണ്ടെന്നുള്ള വസ്തുത പ്രജാസമൂഹങ്ങറക്കു ചാരിതാത്ഥ്യത്തെ വള ത്തുന്നു. തിരുമനസ്സിലേയ്ക്കു് ഇംഗ്ലീഷ് ഭാഷ മാതൃഭാ ഷപോലെ സ്വാധീനമായി തീന്നിട്ടുണ്ടു്. ഭരണവിഷ യത്തിൽ തിരുമനസ്സുകൊണ്ടു സമ്പാദിച്ചിട്ടുള്ള പരിചയം അസാമാന്യമാണ്.

ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ ഉപദേശപ്രകാരം മഹാരാജാവു തിരുമനസ്സുകൊണ്ടു് ഭരണപരിശീലനത്തി നായി കുറേക്കാലം മൈസൂർ തുടങ്ങിയുള്ള അന്യദേശങ്ങ ളിൽ എഴുന്നള്ളിത്താമസിച്ചിരുന്നു. മൈസൂർ മഹാരാജാവ് തിരുമനസ്സുകൊണ്ടു് തിരുമേനിയെ സ്വന്തം കനിഷ്ഠഭ്രാ താവിനെപ്പോലെ സ്നേഹിച്ചു. ഹിമവൽസേതുപൎയ്യന്തമുള്ള ദേശങ്ങറ തിരുമനസ്സുകൊണ്ടു സന്ദർശിച്ചു ഭരണകാൎയ്യ ങ്ങളും ആളുകളുടെ ജീവിതഗതികളും നേരിട്ടുകണ്ടറിഞ്ഞു.

തിരുവിതാംകൂറിൻെറ ഭാഗ്യോദയം കണ്ടു ഭാരതീയർ കുതൂഹലചിത്തരായി. വൈസ്രായി വില്ലിംഗ്ടൻ പ്രഭൃ തിരുമനസ്സിലേ സാമൎത്ഥ്യത്തെയും, പ്രായവുമായി താരതമ്യമില്ലാത്ത പക്വബുദ്ധിയെയും, ആദരിച്ചു. ഭരണാധികാരപ്രതിഷ്ഠാപനം അടുത്തു. രാജ്യവാസികൾ നിർന്നിമേഷങ്ങളായ നേത്രങ്ങളോടുകൂടി തിരുമനസ്സിലേ ആഗമനം പ്രതീക്ഷിച്ചു. മഹാരാജാവു സിംലായിൽ നിന്നു തിരുവിതാംകൂറിലേയ്ക്കു എഴുന്നള്ളിയ വഴിക്കു ഉണ്ടായതുപോലെയുള്ള സ്വീകരണങ്ങൾ നമ്മുടെ രാജാക്കന്മാൎക്കു എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. അത്ര ഉത്സാഹമായിട്ടായിരുന്നു ജനങ്ങൾ തിരുമനസ്സിലെ എതിരേററു കൊണ്ടാടിയതു്.

അമ്മയും മകനും കുറേനാളായി പിരിഞ്ഞുതാമസിക്കേണ്ടിവന്നതിൽ സങ്കടപ്പെട്ട രാജ്യവാസികൾ ഭാവിശ്രേയസ്സിനും രാജ്യാഭിവൃദ്ധിക്കും പൎയ്യാപ്തമായ പരിതഃസ്ഥിതിയിൽ തിരിച്ചെഴുന്നെള്ളിയ കാഴ്ച കണ്ടു സന്തുഷ്ടരായി. പ്രജാസമൂഹങ്ങളെ അവലോകനം ചെയ്ത മഹാരാജാവിൻെറ നയനാരവിന്ദങ്ങളിൽ നിന്നു കാരുണ്യാശ്രു വഴിഞ്ഞൊഴുകി. പ്രജാപാലനത്തിനായി താൻ ജീവിതം സമൎപ്പിക്കുന്നതാണെന്നുള്ള പ്രസ്താവന ആബാലവൃദ്ധം ജനങ്ങൾക്കും ആഹ്ലാദം ഉളവാക്കി. ഭരണം കൈയേല്ക്കുന്നതിനു മുമ്പുതന്നെ തിരുമനസ്സുകൊണ്ടു സക്കാർ കച്ചേരികൾ, നഗരസഭാമന്ദിരങ്ങൾ, ബാങ്കുകൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ, എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ സന്ദർശിച്ചു്, അവയുടെ നടത്തിപ്പിൻെറ രീതി

കാം മനസ്സിലാക്കി. സമൎത്ഥന്മാരായ മേധാവികൾക്കു പോലും തിരുമനസ്സിലെ പ്രശ്നങ്ങൾക്കു സമുചിതമായ മറുപടി പറയുന്ന കാൎയ്യം ലഘുവായിരുന്നില്ല. അത്ര സൂക്ഷ്മമായ കാൎയ്യങ്ങളായിരുന്നു കല്പിച്ചു ചോദിച്ചതു്. മഹാറാണി സേതു പാൎവ്വതീഭായി തിരുമനസ്സിലെ പ്രാൎത്ഥന, പുത്രൻ സമൎത്ഥനും, പ്രജകൾക്കു കല്പവൃക്ഷമായ രാജ്യാഭിമാനിയും, ദിഗന്തകീൎത്തിമാനും, ആയിത്തീരണമെന്നത്രെ. ആ പ്രാൎത്ഥന ഇത്ര വേഗത്തിൽ സഫലമായിത്തീൎന്നതു തിരുമനസ്സിലെയും രാജ്യവാസികളുടെയും മഹാഭാഗ്യം തന്നെ.

൧൧൦൭ തുലാമാസം ൨൦-ാംനു- ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു രാജ്യഭാരം കൈയേററു. അന്നേദിവസം രാത്രി കോട്ടയ്ക്കകത്തുനിന്നും കവടിയാർകുന്നു കൊട്ടാരം വരെ ആഡംബരപൂൎണ്ണമായ ഘോഷയാത്രയും ഉണ്ടായി. അത്ര മനോഹരമായ കാഴ്ച തിരുവിതാംകൂറിൽ ഒരിക്കലും ഉണ്ടായിട്ടില്ല. രഥാരൂഢനായ കുലശേഖരപ്പെരുമാൾ ക്ഷത്രജ്യോതിസ്സോടെ ശോഭിച്ചു. രണ്ടാഴ്ചക്കാലത്തേയ്ക്കു തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും 'ചിത്രോത്സവം' കൊണ്ടാടി. തിരുമനസ്സിലെ ദീൎഘായുസ്സിനും ആരോഗ്യത്തിനും വേണ്ടി പ്രജാവൎഗ്ഗങ്ങൾ ഏകകണ്ഠമായി ജഗദീശ്വരനെ പ്രാൎത്ഥിച്ചു. ഡർബാർ ഹാളിൽ വച്ചു കല്പിച്ചുചെയ്ത പ്രഖ്യാപനത്താൽ തന്നെ രാജ്യശ്രേയസ്സിനായി തിരുമനസ്സുകൊണ്ടു് എത്രമാത്രം യത്നിക്കുമെന്നു വ്യക്തമാക്കിയിട്ടുണ്ടു്.



കൗൺസിൽ ചേംബർ.

അല്പകാലത്തിനിടയിൽ പല പരിഷ്കാരങ്ങൾ നടപ്പാക്കി. ജനപ്രതിനിധികൾക്കു കൂടുതൽ അവകാശങ്ങൾ ലഭിക്കുമാറു പ്രജാസഭയും നിയമസഭയും പരിഷ്ക്കരിച്ചു സംഘടിപ്പിച്ചു. അന്നു് ആസ്റ്റിൻ സായ്പ് അവർകൾ ആയിരുന്നു ദിവാൻജി. തിരുമനസ്സിലേ നിയമോപദേഷ്ടാവായിരുന്ന സർ സീ. പീ. രാമസ്വാമിഅയ്യരുടെ ഉപദേശത്തോടുകൂടിയായിരുന്നു ആ പരിഷ്കാരം നടപ്പിൽ വന്നതു്. ജനങ്ങളുടെ ഋണബാദ്ധ്യത ലഘൂകരിക്കാനായി ഭൂസ്വത്തു ജാമ്യബാങ്കും, നിരാലംബരായ ജനങ്ങളുടെ രക്ഷയ്ക്കു ശ്രീചിത്തിര അഗതിമന്ദിരവും, സ്ഥാപിച്ചു. കൃഷിക്കും കച്ചവടത്തിനും വ്യവസായങ്ങൾക്കും കൂടുതൽ സൗകര്യം ഉണ്ടായി. ഗതാഗതമാർഗ്ഗങ്ങൾ വർദ്ധിച്ചു. തിരുമനസ്സുകൊണ്ടു് അമ്മമഹാറാണിയോടും രാജകുടുംബത്തിലേ മററു് അംഗങ്ങളോടുംകൂടി യൂറോപ്പിൽ എഴുന്നള്ളി പല ദേശങ്ങൾ സന്ദർശിച്ചു. തിരുവിതാംകൂർ മഹാരാജാവു ഭാരതചക്രവർത്തിയെ സാമ്രാജ്യതലസ്ഥാനത്തു ചെന്നു ഇദംപ്രഥമമായിട്ടാണു് സന്ദർശിച്ചതു്. അവിടെ തിരുമനസ്സിലേയ്ക്കു സിദ്ധിച്ച സ്വീകരണം അവിടുത്തോടും തിരുവിതാംകൂർ രാജവംശത്തോടും അധീശഗവമ്മെൻറിനുള്ള സ്നേഹത്തിനും ആദരവിനും ഉത്തമലക്ഷ്യങ്ങളാണു്. ബ്രിട്ടീഷ് മന്ത്രിമാർ തിരുമനസ്സിലെ മുക്തകണ്ഠം പ്രശംസിച്ചു. തിരിയെ എഴുന്നള്ളിയശേഷം കാർത്തികതിരുനാൾ കൊച്ചുതമ്പുരാട്ടി തിരുമനസ്സിലേ പള്ളിക്കെട്ടു് അത്ഭുതപൂർവ്വമായ ആഘോഷങ്ങളോടെ കൊണ്ടാടി.

1916

കഴിഞ്ഞ ആറു സംവത്സരത്തിനിടയിൽ കല്പിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രജകളുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കു പര്യാപ്തങ്ങളായി എന്നും ശോഭിക്കും. ബ്രിട്ടീഷിൻഡ്യയിൽ വലിയ ഉദ്യോഗം ഭരിച്ചിരുന്ന സർ മുഹമ്മദ് ഹബിബുള്ള രണ്ടര സംവത്സരം തിരുമനസ്സിലേ ദിവാൻജിയായി ജോലി നോക്കി. അതിൻെറ ശേഷമാണ് സർ സീ. പീ. രാമസ്വാമിഅയ്യരെ മന്ത്രിയായി നിയമിച്ചതു്. രാജ്യക്ഷേമത്തിനു വേണ്ടി വേലചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കും പൗരമുഖ്യന്മാർക്കും സ്ഥാനമാനങ്ങൾ കല്പിച്ചു കൊടുക്കുന്നതിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു ഉത്സുകനാണ്. ഭാരതചക്രവർത്തി തിരുമനസ്സിലെ പക്കൽ നിന്നും സ്ഥാനങ്ങൾ ലഭിച്ചിട്ടുള്ള ഭാരതീയപ്രമാണികൾ പോലും ഈ ബിരുദങ്ങളെ ഏററവും വിലമതിച്ചുവരുന്നു. സർ മുഹമ്മദ് ഹബിബുള്ളയ്ക്കു 'നവാബ്' എന്നും, സർ സീ. പീ. രാമസ്വാമിഅയ്യർക്ക് 'സചിവോത്തമൻ' എന്നും, തിരുനാൾ ഡർബാറിൽവച്ചു കല്പിച്ചു കൊടുത്ത ബിരുദങ്ങൾ പ്രത്യേകമായ പ്രസ്താവത്തെ അർഹിക്കുന്നു.

ലോകചരിത്രത്തിൽ ഒരു പ്രധാനസ്ഥാനം അർഹിക്കുന്ന പരിഷ്കാരമാണ് ശ്രീചിത്തിരതിരുനാൾ മഹാരാജാവു് ഇരുപത്തിനാലാമത്തെ തിരുനാളിൽ കാരുണ്യപൂർവ്വം പ്രഖ്യാപനം ചെയ്ത ക്ഷേത്രപ്രവേശനവിളംബരം കൊണ്ടു സാധിച്ചിട്ടുള്ളതു്. ആ വിളംബരം മൂലം സമത്വവും സാഹോദര്യവും വർദ്ധിച്ചു്, പ്രജാസമൂഹങ്ങളുടെ ഇടയിൽ

രാജ്യാഭിമാനവും രാജഭക്തിയും ദൃഢതരമായി തീൎന്നിട്ടുണ്ടു. കേരളത്തിലെ സ്ത്രീജനങ്ങൾ പണ്ടുപണ്ടേ മനഃപരിഷ്കാരം സിദ്ധിച്ചിട്ടുള്ളവരാണ്. തിരുവിതാംകൂറിലെ ഹിന്ദുസ്ത്രീകൾ മഹാറാണി സേതുപാർവതീഭായി തിരുമനസ്സിലെ ദൃഷ്ടാന്തത്തെ അഭിനന്ദിച്ച് ക്ഷേത്രപ്രവേശനവിളംബരത്തെ ആസ്പദമാക്കി കൊല്ലം പട്ടണത്തിൽ വച്ച് അവിടുത്തേയ്ക്കു സമർപ്പിച്ച മംഗളപത്രം നമ്മുടെ രാജ്യത്തിൻെറ ശുഭപൂൎണ്ണമായ ഭാവിയെ സൂചിപ്പിക്കുന്ന ദിവ്യജ്യോതിസ്സാണ്.

ഭിന്നമതങ്ങളും ഭിന്നജാതികളും തിരുവിതാംകൂറിലുണ്ട്. എന്നാൽ രാജഭക്തിയുടെ ശക്തി ആവക വ്യത്യാസങ്ങളെ ഇല്ലാതാക്കുന്നു. മത്സരബുദ്ധി നിശ്ശേഷം മാഞ്ഞുപോയിരിക്കുന്നു. ഐകയോഗക്ഷേമം സാധിക്കയാണു ഗവമ്മെൻറിൻെറ നയമെന്നു ദിവാൻജി സചിവോത്തമൻ സർ സി. പി. രാമസ്വാമി അയ്യർ പലതവണ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. ജാതിമതഭേദമെന്യേ ഉള്ള രാജ്യാഭിമാനമാണ് ഇന്ന് എല്ലാ സമുദായങ്ങളുടെയും ആദർശം.

കിരീടം ധരിക്കുന്ന ശിരസ്സിനു വഹിക്കാനുള്ള ഭാരം വലുതായിട്ടുള്ളതാണ്. മഹാരാജാവു തിരുമനസ്സിലെ മനഃസമാധാനമാണു പ്രജകളുടെ സകലസ്വത്തുക്കളിലും ഉപരിയായിട്ടുള്ളത്. ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ സുദീർഘമായ ഭരണകാലത്തു സമസ്തജനങ്ങൾക്കും സന്തു

ഷ്ടിയും സമാധാനവും ഉണ്ടാകും. ആ ദിവ്യസന്നിധാനത്തിൽ മഹാലക്ഷ്മിയും സരസ്വതിയും സദാ നടനംചെയ്യുന്നു. തിരുമനസ്സിലേ കാരുണ്യവർഷം പെയ്ത രാജ്യമെങ്ങും സുഭിക്ഷതയും ഐശ്വര്യവും പുലരും. ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!

ശുഭം.